


## പേജുകളിൽ...


| | |
|---|---|
| ഇടയലേഖനം | 825 |
| അറിയിപ്പുകൾ | 830 |
| സർക്കുലർ | 831 |
| എ.ഡി.സി.പി. വാർത്ത | 833 |
| വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക് | 834 |
| വിയാനി ചിന്തകൾ | 836 |
| ലേഖനം | 840 |
| ലേഖനം | 848 |
| ബൈബിൾ കൺവൻഷൻ | 853 |
| പൗരോഹിത്യ ചിന്തകൾ | 858 |
| പാലാ മിഷൻ വാർത്തകൾ | 866 |
| വാർത്തകൾ | 869 |
| നിര്യാതയായി | 887 |
| Prayer day | 889 |
| Diary | 889 |
| Bishop's Engagements | 893 |


**"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."**

**(മത്തായി 5:14-16)**

**സാന്ത്വനപ്രകാശമേ, നയിച്ചാലും**

# സാന്ത്വനപ്രകാശം

**പാലാ രൂപതാ ബുള്ളറ്റിൻ**


**Vol. LIX** **DECEMBER 2009** **No. 12**

# പുതുവീഞ്ഞ് പുതിയ തോൽക്കുടത്തിൽ: രൂപതാ ബൈബിൾ കൺവെൻഷൻ ഭരണങ്ങാനത്ത്

**ദൈവപരിപാലനയിൽ പാലാ രൂപതയുടെ മെത്രാനായ**

**ജോസഫ് കല്ലറങ്ങാട്ട്**

**രൂപതയിലെ വൈദികർക്കും സന്യാസിനീ സന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.**

ദൈവകൃപയുടെ നീർച്ചാലും സുവിശേഷത്തിന്റെ ഒരു കമന്ററിയുമായിരുന്ന വി. അൽഫോൻസാമ്മ ജീവിച്ചുമരിച്ച ഭരണങ്ങാനത്തുവച്ചാണ് ഡിസംബർ 19-ന് ആരംഭിക്കുന്ന രൂപതാ ബൈബിൾ കൺവെൻഷൻ നടക്കുന്നത്. വിശുദ്ധർ അന്തിമവിശ്രമം കൊള്ളുന്ന സ്ഥലങ്ങൾ സുവിശേഷമാകുന്ന നിത്യസ്വരത്തിന്റെ (eternal voice) പ്രതിദ്ധ്വനി വിശ്വാസികളുടെ ഹൃദയത്തിൽ പരിശുദ്ധ റൂഹാ സമൃദ്ധമായി കേൾപ്പിക്കുന്നതിന് സഹായകമാണെന്ന് തിരുസ്സഭയുടെ ചരിത്രം തെളിയിച്ചിട്ടുണ്ട്. വി. അൽഫോൻസാമ്മയുടെ പുണ്യകുടീരംവഴി ഭരണങ്ങാനം ആദ്ധ്യാത്മികമായിട്ട് ചാർജ് ചെയ്യപ്പെട്ടിരിക്കുകയാണ്. സ്വർഗ്ഗവുമായിട്ട് നേരിട്ടൊരു ബന്ധം ഈ പ്രദേശത്തിനുണ്ട്. സ്വജീവിതംവഴി സുവിശേഷത്തെ വ്യാഖ്യാനിച്ച പുണ്യവാന്മാരുടെ കുടീരങ്ങൾ സുവിശേഷതരംഗങ്ങൾ സ്വീകരിച്ച് സമൃദ്ധമായി സംപ്രേഷണം ചെയ്യപ്പെടുന്ന ആന്റീനാകളാണ്. അതുപോലെതന്നെ നമ്മുടെ പാപങ്ങൾ വരുത്തിവയ്ക്കുന്ന ശിക്ഷകളിൽനിന്ന് സംരക്ഷണം നൽകുന്ന ഇടിക്കമ്പികളുമാണവ. സുവിശേഷങ്ങളിലെ സുവിശേഷം എന്നറിയപ്പെടുന്ന വി. യോഹന്നാന്റെ സുവിശേഷത്തിന് രണ്ടു പ്രത്യേകതകളുണ്ട്. ഒന്ന്: ഈശോയുടെ ഹൃദയം വായിച്ചെടുക്കുന്ന പ്രേഷ്ഠശിഷ്യനാൽ രചിക്കപ്പെട്ടതാണത്. രണ്ട്: ഉണ്ണിയീശോയെ മടിയിലിരുത്തി സങ്കീർത്തനങ്ങളും മറ്റു തിരുവചനങ്ങളും പഠിപ്പിച്ചൊരുക്കി, ഈശോയെക്കുറിച്ചുള്ള എല്ലാ



കാര്യങ്ങളും അറിയാവുന്ന പരി. അമ്മയെ കുരിശിൽചുവട്ടിൽവച്ച് സ്വന്തം അമ്മയായി ലഭിച്ചവനും കൂടിയാണ് യോഹന്നാൻ. പാലാ ബൈബിൾ കൺവെൻഷനും രണ്ടു പ്രത്യേകതകളുണ്ട്. ഒന്ന്: കാൽ നൂറ്റാണ്ടിനപ്പുറത്തേക്ക് എത്തിനിൽക്കുന്ന ഒരു അനുഭവവും പരിചയവും. രണ്ട്: ഈശോയോട് ഏറ്റവും അടുത്ത ബന്ധം പുലർത്തിയ അൽഫോൻസാമ്മയുടെ പുണ്യകുടീരസാമീപ്യം. ദൈവവചനമാകുന്ന സൗഖ്യജലം നമ്മുടെ ഹൃദയങ്ങളിലൂടേയും ജീവിതസാഹചര്യങ്ങളിലൂടേയും ഒഴുക്കുവാനുള്ള ഒരു അസുലഭഅവസരമാണ് ഈ കൺവെൻഷൻ. വചനപഠനംവഴി ഈശോയെ അടുത്തറിയുവാനുള്ള അവസരമാണിത്. പ്രസിദ്ധ വേദപുസ്തകപണ്ഡിതനായ കർദ്ദിനാൾ മരിയ മർത്തീനി പറയുന്നു: “വചനപാരായണത്തിലൂടെയും ശ്രവണത്തിലൂടെയും അവനെ അറിയുമ്പോൾ അവൻ നിന്റെ സുഹൃത്താണ്, സമീപത്താണ്, നിന്നോട് ഏറ്റവും അടുത്തുനിൽക്കുന്ന വ്യക്തിയേക്കാൾ സമീപത്താണ്. അവൻ നിന്റെ ഉള്ളിലാണ്. ഓരോ തിരുവചനവും നമ്മുടെ മനസ്സിനെയും ശരീരത്തെയും പോഷിപ്പിക്കുന്ന രുചികരമായ പാനീയമായും ടോണിക്കായും അനുഭവപ്പെടും.” വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചതുപോലെ വചനം ജീവദായകമായ ആത്മാവായി നമ്മുടെ ഉള്ളിൽ വസിക്കും. ഈശോയുടെ നാമം ദൈവനാമമാണെന്നും ഈശോയുടെ വചനം ദൈവവചനമാണെന്നും ഈശോയുടെ ശരീരം തിരുശരീരമാണെന്നും ഈശോയുടെ ആത്മാവ് പരിശുദ്ധാത്മാവാണെന്നും നാം അംഗീകരിക്കുമ്പോൾ ജറുസലേം പുനസ്ഥാപിക്കപ്പെടുകയാണ്, ദുഷ്ടൻ ചിതറിക്കപ്പെടുകയാണ്, നമ്മൾ നവീകരിക്കപ്പെടുകയാണ്.

ശ്രവിക്കുന്ന മനുഷ്യനോടാണ് ദൈവം സംസാരിക്കുന്നത്. ശ്രദ്ധയോടെ വചനപ്രഘോഷണം കേൾക്കണം. ശ്രദ്ധയോടെ കേൾക്കുന്നവന് വീണ്ടും വീണ്ടും നൽകപ്പെടും. വചനത്തിന്റെ ആഴങ്ങളിലേക്ക് നയിക്കപ്പെടും. ദൈവവചനം ഒരു വലിയ സമുദ്രമാണ്. ദൈവവചനവുമായിട്ട് പരിചയപ്പെടുന്നതും അതിന്റെ വ്യാഖ്യാനം കേൾക്കുന്നതും എപ്പോഴും നമുക്ക് പുതിയ അനുഭവമായിരിക്കും. ഓരോ ബൈബിൾ കൺവെൻഷനിലും ദൈവം അബ്രാഹത്തിന്റെ കുടുംബാംഗങ്ങളെ വളർത്തുകയും ശക്തിപ്പെടുത്തുകയുമാണ്. ജീവിതത്തിലെ ഏറ്റവും വലിയ വെല്ലുവിളി തിരുവചനപഠനത്തിലൂടെ മിശിഹായെ അന്വേഷി

ക്കുകയും കണ്ടുമുട്ടുകയും ചെയ്യുക എന്നതാണ്. നിത്യതയുടെ പ്രതിധ്വനിയാണ്, പരലോകത്തിന്റെ ശബ്ദമാണ്, സ്വർഗ്ഗത്തിന്റെ രുചിയാണ് ഓരോ തിരുവചനത്തിനുമുള്ളത്. ദൈവത്തിന്റെ വചനം മുഴുവനും ദൈവമാകുന്ന രഹസ്യത്തിന്റെ ഭാഗമാണ്. ഓരോ തിരുവചനത്തിലും ഈ ദൈവാംശമുണ്ട്. തിരുവചനപ്രഘോഷണത്തിൽ പങ്കുചേരുമ്പോൾ കർത്താവിനെ അനുഗമിക്കാനായി അഷ്ടഭാഗ്യങ്ങളിലൂടെ നമ്മൾ ഒരു തീർത്ഥാടനംതന്നെ നടത്തുകയാണ്. തിരുവചനം ഉള്ളിൽ പ്രകാശിച്ചാലേ നമുക്കു ബോദ്ധ്യം ജനിക്കൂ. തിരുവചനം നമ്മുടെ ഉള്ളിൽ ഇറക്കാനുള്ള അവസരമാണ് കൺവെൻഷൻ. നമ്മുടെ ജീവിതത്തിന്റെ വ്യഗ്രതകളിൽ, സന്തോഷാവസരങ്ങളിൽ, വിഷമസന്ധികളിൽ, പ്രത്യാശകളിൽ എല്ലാം ബൈബിൾ നിറഞ്ഞുനിൽക്കണം. സ്വർഗ്ഗത്തിലേക്ക് നമ്മെ എത്തിക്കുന്നത് തിരുവചനമാണ്.

ബൈബിൾ കൺവെൻഷൻ നടക്കുന്ന ദിവസങ്ങളുടെ കേന്ദ്രം വിശുദ്ധ കുർബാനയർപ്പണമായിരിക്കും. വി. കുർബാനയുടെ രണ്ടു പ്രധാന ഭാഗങ്ങൾ ദൈവവചന ശുശ്രൂഷയും ദിവ്യരഹസ്യങ്ങളുടെ ശുശ്രൂഷയുമാണ്. പരി. ബനഡിക്റ്റ് പിതാവ് പഠിപ്പിക്കുന്നു: 'ദൈവവചനത്തിന്റേയും മിശിഹായുടെ ശരീരത്തിന്റേതുമായ രണ്ടു മേശകളിൽനിന്ന് സഭ ജീവന്റെ അപ്പം സ്വീകരിക്കുകയും വിശ്വാസികൾക്കു നൽകുകയും ചെയ്യുന്നു" (സ്നേഹത്തിന്റെ കൂദാശ, 44). ലിറ്റർജിയിൽ സഭ വായിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്ന ദൈവവചനം അതിന്റെ സ്വാഭാവികമായ ലക്ഷ്യമെന്ന നിലയിൽ വിശുദ്ധ കുർബാനയിലേക്കു നയിക്കുന്നു എന്ന കാര്യം നാം നിരന്തരം മനസ്സിലാക്കിയിരിക്കണം. ദൈവവചനത്തിന്റെ സമൃദ്ധമായ സമ്പത്ത് വിശ്വാസികൾക്കു പകർന്നുകൊടുക്കുവാൻ സഭാശുശ്രൂഷകരുടെ മുന്നിലുള്ള സവിശേഷമായ മാദ്ധ്യമമാണ് ദൈവവചനം നിറഞ്ഞുനിൽക്കുന്ന ആരാധനാവേള എന്ന് രണ്ടാം വത്തിക്കാൻ കൗൺസിലും പഠിപ്പിക്കുന്നു (ദൈവാവിഷ്കരണം, 25). വി. ഗ്രന്ഥവായനയെല്ലാം സഭയോടൊത്തും സഭയിലും സഭയ്ക്കുള്ളിലുമാണ്. വചനത്തിന് എപ്പോഴും ഒരു സഭാത്മകവും ആരാധനാധിഷ്ഠിതവുമായ പശ്ചാത്തലമുണ്ട്. വി. കുർബാനയ്ക്കു പുറമേ നമ്മൾ വചനം കേൾക്കുന്നതും കുർബാനയുടെ ആഘോഷത്തിനിടയിൽ വചനം കേൾക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ആദ്യത്തേതിൽ ഒരു പറഞ്ഞൊപ്പിന്റെ, ഒത്തുകല്യാണത്തിന്റെ



സാഹചര്യമാണ്. ഒത്തുകല്യാണം കഴിഞ്ഞ് പ്രതീക്ഷയോടെ നിൽക്കുന്നു. പക്ഷേ വിവാഹത്തിലൂടെ ലഭിക്കുന്ന അവകാശങ്ങളൊന്നും ആയിട്ടില്ല. എന്നാൽ വി. കുർബാനമദ്ധ്യേ വചനപ്രഘോഷണം കേൾക്കുമ്പോൾ വിവാഹം കഴിച്ച അവസ്ഥയിലാണ്. പ്രതീക്ഷകൾ കൈകളിലായി. അനുഭവിക്കാൻ അവകാശമായി. അതുകൊണ്ടാണ് വി. കുർബാന മദ്ധ്യേയുള്ള തിരുവചനപ്രഘോഷണത്തിന് പരമപ്രാധാന്യമുള്ളത് സഭയുടെ പ്രാർത്ഥനയുടെ നടുവിലാണ് വചനം നമ്മുടെ ഹൃദയത്തിൽ മായാത്ത മുദ്രയായി പതിയപ്പെടുന്നത്. ഈ വചനപ്രഘോഷണത്തിൽ നാമോരോരുത്തരും വിശദീകരിക്കപ്പെട്ട വേദപുസ്തമായി മാറുന്നു; പുനരുത്ഥരിക്കപ്പെട്ട ഒരാലയമായി മാറുന്നു. പരി. അമ്മയെ ഹൃദയത്തിൽ സ്വീകരിച്ചവരായി മാറുന്നു; നല്ല ഭാഗം തെരഞ്ഞെടുത്തവരായി മാറുന്നു. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിലെ പഠിപ്പിക്കൽ ഏറെ ശ്രദ്ധേയമത്രെ: "സഭ മുഴുവന്റെയും സജീവ പാരമ്പര്യത്തിൽ ബൈബിൾ വായിക്കണം. സഭാപിതാക്കന്മാരുടെ അഭിപ്രായമനുസരിച്ച് വി. ഗ്രന്ഥം എഴുതപ്പെട്ടത് മുഖ്യമായും സഭയുടെ ഹൃദയത്തിലാണ്; അല്ലാതെ കടലാസ്സിലല്ല. കാരണം സഭ, അവളുടെ പാരമ്പര്യത്തിൽ ദൈവവചനത്തിന്റെ സജീവസ്മരണ പുലർത്തുന്നു. വി. ഗ്രന്ഥത്തിന്റെ ആദ്ധ്യാത്മികവ്യഖ്യാനം സഭയ്ക്കു നൽകുന്നത് പരി. റൂഹായാണ്"(113). സഭാസമൂഹത്തിൽ പ്രഘോഷിക്കപ്പെടുമ്പോൾ മറ്റൊരു സാഹചര്യത്തിലും സംഭവിക്കാത്തവിധം വിശുദ്ധ ഗ്രന്ഥം അതിന്റെ സത്യത്തിലെത്തി നിൽക്കുകയാണ്. യഥാർത്ഥത്തിൽ പ്രഘോഷിക്കപ്പെടുന്ന, പ്രാർത്ഥിക്കപ്പെടുന്ന സാക്ഷാത്കരിക്കപ്പെടുന്ന, വചനമായി രൂപാന്തരപ്പെട്ട ബൈബിളാണ് ലിറ്റർജി. ആഘോഷിക്കപ്പെടുന്ന വചനമാണ് ലിറ്റർജി. വി. കുർബാനയാണ് ഏറ്റവും വലിയ പ്രാർത്ഥന. ദൈവവുമായി തീവ്രമായി ഐക്യത്തിലാകുന്ന സമയവും അവസരവുമാണത്.

ദൈവം മനുഷ്യരോടൊത്ത് പ്രപഞ്ചത്തിൽ വസിക്കണമെങ്കിൽ ദൈവത്തിന്റെ വാക്കുകൾ കേൾക്കുകയും ആ വാക്ക് ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യണം. ദൈവവചനശ്രവണം വഴി ദൈവത്തോട് ഒന്നായിത്തീരുന്നതുവഴി ശക്തരായിത്തീരുവാൻ, ഭാഗ്യപ്പെട്ടവരായിത്തീരുവാൻ, വാഴ്ത്തപ്പെട്ടവരായിത്തീരുവാൻ, നമുക്കു സാധിക്കും. ദൈവവചനം കേൾക്കുമ്പോൾ, ദൈവസ്വരം ശ്രവിക്കുമ്പോൾ, ദൈവ

ത്തിന്റെ പദ്ധതി വെളിപ്പെടുന്നു. ദൈവവചനത്തോട്, ദൈവത്തിന്റെ പദ്ധതിയോട്, ദൈവേഷ്ടത്തോട് അനുരൂപപ്പെടുന്ന മനുഷ്യവംശമാണ് സഭ. ഈശോയുടെ നാമത്തിന്റെ ശക്തിയാൽ, ഈശോയുടെ ആത്മാവിനാൽ നമ്മൾ പുതിയ സൃഷ്ടികളാകും. സുവിശേഷം ഈശോയുടെ ആത്മകഥയാണ്. അത് നമ്മുടേയും ആത്മകഥയാകണം.

ഈ ബൈബിൾ കൺവെൻഷൻ ഈശോയോടും സുവിശേഷത്തോടുമുള്ള ആഴമായ അടുപ്പത്തിന്റെ ചരിത്രമാകണം. മുന്തിരിച്ചെടിയും ശാഖകളും പോലുള്ളൊരു ആത്മബന്ധം. ശാഖകളിൽനിന്ന് വേർപെട്ട ഒരു വസ്തുവല്ല മുന്തിരിവള്ളി. മുന്തിരിച്ചെടി എന്നത് ശാഖകൾ വെട്ടിമാറ്റിയ ഒരു വെറും തായ്തണ്ടുമല്ല. ശാഖകളോടുകൂടിയ ഒന്നിപ്പാണത്. ശാഖകൾ തായ്ത്തണ്ടിന്റെ അവശ്യഭാഗമാണ്. ആ ഒന്നിപ്പിൽ അതിന് വന്ധ്യതയില്ല. ഉണക്കേൽക്കുന്നില്ല; ഫലശൂന്യമാകുന്നില്ല. മുന്തിരിച്ചെടി എന്ന പ്രതീകം വിശ്വാസികൾ മിശിഹായിൽ ആയിരിക്കുന്ന അവസ്ഥയാണ്. യഥാർത്ഥ മുന്തിരിച്ചെടി ഈശോയിൽ ഉൾച്ചേർക്കപ്പെട്ടിരിക്കുന്ന മെസ്സയാനിക ദൈവജനമാണ്. മിശിഹായെ കൂടാതെ സഭ ഒന്നുമല്ല. മിശിഹായെക്കുറിച്ച് പ്രഘോഷിക്കാത്ത സഭ വ്യാജമാണ്. അത് ഉണങ്ങിയതും മരിച്ചതുമാണ്. മുന്തിരിച്ചെടി എന്നത് മിശിഹായിൽ നവീകരിക്കപ്പെട്ട ദൈവജനമാണ്. ശിരസ്സിനോട് അവയവങ്ങൾ ചേരുമ്പോഴാണ് മനുഷ്യൻ ഉണ്ടാകുന്നത്; തായ്ത്തണ്ടിനോട് ശാഖകൾ ചേരുമ്പോൾ മുന്തിരിച്ചെടി ഉണ്ടാകുന്നു; മൂലക്കല്ലിനോട് കല്ലുകൾ ചേരുമ്പോൾ ആലയം ഉണ്ടാകുന്നു; വിശ്വാസികൾ ഈശോയെ ശിരസ്സായി, കർത്താവും ദൈവവുമായി, രക്ഷകനായി സ്വീകരിക്കുമ്പോൾ സഭയുണ്ടാകുന്നു.

ചരിത്രപ്രസിദ്ധമായ ഭരണങ്ങാനം പള്ളിയിൽ, വി. അൽഫോൻസാമ്മയുടെ പുണ്യകുടീരത്തിനു സമീപം തിരുവചനവ്യാഖ്യാനം കേൾക്കാനും പരിശുദ്ധ കുർബാനയിൽ പങ്കുകൊള്ളാനും നമുക്ക് എല്ലാവർക്കും ഒരുമിച്ചുചേരാം. ആ ദിവസങ്ങളിൽ രൂപതാംഗങ്ങളെല്ലാം ഭരണങ്ങാനത്ത് സമ്മേളിക്കണം. പാലാ രൂപതയിലെ വിശ്വാസസമൂഹത്തിന്റെ ഒരു വലിയ സഭാസിനഡായിരിക്കണം നമ്മുടെ ബൈബിൾ കൺവൻഷൻ. അവിടെ വചനത്തിനു ചുറ്റുമിരുന്നുകൊണ്ട് ക്രിസ്തീയ സാഹോദര്യത്തിന്റെയും മാതൃത്വത്തിന്റെയും പുതിയ പാഠങ്ങളും മാനങ്ങളും പഠിക്കാം. വചനം കേൾക്കാൻ എല്ലാവരും ഹൃദയസ്വസ്ഥതയിലും നിശ്ശബ്ദതയിലും ആയിരിക്കണം. വചനത്തിൽ ആഴപ്പെടാൻ ഈശോ സഹായിക്കും. അവിടുന്നു നമ്മുടെ നാവിന്റെയും ഹൃദയത്തിന്റെയും കെട്ടുകൾ അഴിക്കും. അപ്പോൾ തിരുവചനംകൊണ്ട് ദൈവസ്തുതിയുടെ ആർപ്പുവിളികൾ നമുക്ക് ആലപിക്കാം. നമുക്ക് പുതുവീഞ്ഞാകുന്ന ഈശോയുടെ തിരുവചനങ്ങൾ സംരക്ഷിക്കുന്ന പുതിയ തോൽക്കുടങ്ങളായി മാറാം.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
**പാലാരൂപതയുടെ മെത്രാൻ**

**ബിഷപ്സ് ഹൗസ്**
**പാലാ,01-12-2007**

---

N.B. ഈ ഇടയലേഖനം ഡിസംബർ മാസം 13-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

## അറിയിപ്പുകൾ

1. കുടുംബസഹായനിധിയുടെ കവറുകൾ ബിഷപ്സ് ഹൗസിൽനിന്നും ലഭിക്കുന്നതാണ്.
2. കുടുംബസഹായനിധി ജനുവരി 13-ന് മുമ്പായി ബഹു. രൂപതാ പ്രൊക്യുറേറ്ററച്ചനെ ഏല്പിക്കേണ്ടതാണ്.
3. സീറോ-മലബാർ ആരാധനക്രമപഞ്ചാംഗം, Reading Clips (2010-2011), പാലാ സെന്റ് തോമസ് പ്രസ്സിൽ നിന്ന് ലഭിക്കുന്നതാണ്.

## സർക്കുലർ - 79

# പിറവിത്തിരുനാൾ തിരുക്കർമ്മം

സഭയുടെ വിശ്വാസജീവിതത്തിലെ മുഖ്യഘടകമാണല്ലോ ആരാധനക്രമം. സഭയുടെ ശക്തിസ്രോതസാണത്. തിരുസ്സഭയിൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന വിവിധ ആരാധനക്രമങ്ങൾ എല്ലാം അവയുടെ തനിമയിലും വ്യക്തിത്വത്തിലും അഭംഗുരം സംരക്ഷിക്കപ്പെടണമെന്നുള്ളത് സഭയുടെ ആഗ്രഹവും ആവശ്യവുമാണ്. അതിനുള്ള ഉദ്ബോധനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും സഭ നൽകിക്കൊണ്ടാണിരിക്കുന്നത്. എവിടെയെങ്കിലും വ്യതിചലനമോ നഷ്ടമോ ഉണ്ടായിട്ടുണ്ടെങ്കിൽ അവ പരിഹരിക്കണമെന്നും ശരിയായ പാരമ്പര്യങ്ങൾ വീണ്ടെടുക്കണമെന്നും രണ്ടാം വത്തിക്കാൻ കൗൺസിലിലൂടെ സഭ വ്യക്തമായി പഠിപ്പിക്കുകയുണ്ടായി.

സീറോമലബാർ സഭയെ സംബന്ധിച്ചിടത്തോളം സ്വന്തം പൗരസ്ത്യ സുറിയാനി ആരാധനാപാരമ്പര്യത്തിൽനിന്ന് വളരെയേറെ വ്യതിചലിച്ചുപോയ ചരിത്രപശ്ചാത്തലമാണുള്ളത്. അതു പരിഹരിച്ച് സഭയുടെ ആരാധനക്രമ പൈതൃകം വീണ്ടെടുക്കുന്നതിന് കഴിഞ്ഞ കുറെക്കാലമായി സഭ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി വളരെയേറെ നവീകരണം ഇതിനോടകം ആരാധനക്രമത്തിൽ വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ പിറവിത്തിരുനാൾ തിരുക്കർമ്മക്രമം പരിഷ്കരിച്ച് പ്രാബല്യത്തിൽ വരുത്തിയിരിക്കുകയാണ്. ഇനി മുതൽ അതായിരിക്കണം എല്ലായിടത്തും നടപ്പിലാക്കേണ്ടത്. മറ്റ് ടെക്സ്റ്റുകൾ ഒന്നും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

സീറോമലബാർ സഭാസിനഡിന്റെ മേൽനോട്ടത്തിൽ 2000-ാമാണ്ടു മുതൽ നടന്ന പഠനങ്ങളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ പരിഷ്കരിച്ച കർമ്മക്രമത്തിന് റോമിൽ നിന്ന് അംഗീകാരം ലഭിച്ചതിനെത്തുടർന്നാണ് അത് നടപ്പിലാക്കുവാൻ സിനഡ്പിതാക്കന്മാർ ഏകകണ്ഠമായി തീരുമാനിച്ചിരിക്കുന്നത്. നടപ്പിലാക്കുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ അറിയിക്കുകയാണ്.



കർമ്മക്രമത്തിൽ ചില ഐച്ഛികങ്ങൾ അനുവദിച്ചിട്ടുണ്ടെങ്കിലും നമ്മുടെ രൂപതയിൽ എല്ലായിടത്തും കർമ്മങ്ങൾക്ക് ഐകരൂപ്യം ഉണ്ടാകുന്നതിന് താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാവരും പാലിക്കണമെന്നഭ്യർത്ഥിക്കുന്നു. ആദ്യമായി ടെക്സ്റ്റിൽ കൊടുത്തിരിക്കുന്ന കർമ്മവിധികൾ എല്ലാ ബഹു. വൈദികരും ശ്രദ്ധയോടെ പാലിക്കണം. അതിനോട് ചേർന്ന് താഴെ പറയുന്ന കാര്യങ്ങൾ കൂടി ശ്രദ്ധിക്കുമല്ലോ.

1. പ്രവേശനഗീതമായി 'മാനവരക്ഷകനാം' എന്നു തുടങ്ങുന്ന ഓനീസായാണ് ആലപിക്കേണ്ടത്.
2. മദ്ബഹാഗീതവും സ്ലീവാചുംബനവും ഉപേക്ഷിക്കാതിരിക്കുന്നതാണ് അഭികാമ്യം.
3. തീയുഴൽച്ചാകർമ്മം ആഘോഷപൂർവ്വം നടത്തുകയും അതിനു വേണ്ട കുന്തുരുക്കവും പ്രദക്ഷിണത്തിനുപയോഗിക്കാൻ തിരികളും കരുതുകയും വേണം.
4. നിർദ്ദിഷ്ട വായനകൾ വിശുദ്ധ ഗ്രന്ഥത്തിൽ നിന്നുതന്നെ വായിക്കേണ്ടതാണ്.
5. വായനകൾക്ക് കഴിയുന്നിടത്തോളം സുറിയാനി പാരമ്പര്യത്തിൽപെട്ട പ്ശീത്ത ബൈബിൾ തന്നെ ഉപയോഗിക്കുക.
6. പിറവിത്തിരുന്നാളിന്റേത് ആഘോഷമായ ക്രമമാകയാൽ 'തുർഗ്ഗാമ'കളും പാടുന്നത് ഉചിതമായിരിക്കും.
7. ഉണ്ണീശോയുടെ തിരുസ്വരൂപത്തിനുമുമ്പാകെ ധൂപാർപ്പണം നടത്തുക എന്ന നമ്മുടെ പരമ്പരാഗതരീതി തന്നെ തുടരുക. 'ആരതിയേകി' എന്ന ഗാനം ആലപിക്കേണ്ടതില്ല.
8. കാറോസൂസായിൽ "സമാധാനത്തിന്റെയും അനുഗ്രഹത്തിന്റെയും" എന്നാരംഭിക്കുന്ന ഭാഗവും ചൊല്ലേണ്ടതാണ്.
9. മദ്ബഹായിൽ പുൽക്കൂടു സ്ഥാപിക്കാൻ പാടില്ല. തിരുക്കർമ്മങ്ങളുടെ സമയത്ത് ആളുകളുടെ ശ്രദ്ധ വ്യതിചലിക്കുന്ന രീതിയിൽ മദ്ബഹായിൽ സീരിയൽ ബൾബുകൾ ഉപയോഗിച്ചുള്ള അലങ്കാരങ്ങൾ ഒഴിവാക്കേണ്ടതാണ്.

10. പിറവിത്തിരുന്നാൾ കർമ്മത്തെക്കുറിച്ച് ജനങ്ങൾക്ക് ആവശ്യമായ പരിശീലനം മുൻകൂട്ടി നൽകേണ്ടതാണ്.

മംഗലവാർത്തക്കാലം ഏറ്റവും ഉചിതമായി ആചരിക്കാൻ നമുക്കു പരിശ്രമിക്കാം. പുതിയ ആരാധനാവത്സരം നരുക്കെല്ലാവർക്കും അനുഗ്രഹസമൃദ്ധമാകട്ടെ. പിറവിത്തിരുനാളിന്റെയും പുതു വത്സരത്തിന്റെയും ആശംസകൾ നേരുന്നു.

+Jos Kallarangatt

ബിഷപ്സ് ഹൗസ്, പാലാ — ബിഷപ് ജോസഫ് കല്ലറങ്ങാട്ട്

01-12-2009 — പാലാ രൂപതയുടെ മെത്രാൻ

## *A.D.C.P.* വാർഷികപൊതുയോഗം

2009 ഡിസംബർ 15-ാം തീയതി ചൊവ്വാഴ്ച അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടുന്ന വൈദികസമ്മേളനത്തെത്തുടർന്ന് **ഉച്ചകഴിഞ്ഞ് 1.45-ന് പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ** വച്ചു തന്നെ ഏ.ഡി.സി.പി. യുടെ വാർഷികപൊതുയോഗവും കൂടുന്നതാണ്. എല്ലാ അംഗങ്ങളെയും യോഗത്തിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഫാ. ജോസഫ് എഴുപറയിൽ**
**സെക്രട്ടറി**

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച ബഹു. ജയിംസ് കൈപ്പൻപ്ലാക്കലച്ചൻ, ജേക്കബ് താഴത്തേലച്ചൻ, ജോർജ് കപ്പലുമാക്കലച്ചൻ എന്നിവർക്കുവേണ്ടി വി. കുർബാന അർപ്പിച്ച് പ്രാർത്ഥിക്കുവാൻ ഏ.ഡി.സി.പി. അംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.



# വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക്

**1. വിവാഹവാഗ്ദാനത്തിന് മുമ്പുള്ള വിളിച്ചുചൊല്ലൽ**

സീറോ മലബാർ സഭയിലെ മെത്രാന്മാരുടെ കഴിഞ്ഞ സിനഡ് അംഗീകരിച്ച് നല്കിയ ഏതാനും മാർഗ്ഗനിർദ്ദേശങ്ങളെക്കുറിച്ച് മേജർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ മാർ വർക്കി വിതയത്തിൽ പിതാവ് നൽകിയ സർക്കുലർ സാന്ത്വനപ്രകാശം 2009 നവംബർ ലക്കത്തിൽ (പേജ് 761 - 770) ചേർത്തിരുന്നു. പേജ് 769-ൽ വിവാഹപരസ്യം സംബന്ധിച്ച് നല്കിയ നിർദ്ദേശങ്ങൾ ബഹു. അച്ചൻമാർ ശ്രദ്ധിച്ചു കാണുമല്ലോ.

വിവാഹ വാഗ്ദാനത്തിനുശേഷം മൂന്നു പ്രാവശ്യം വിവാഹ പരസ്യം നടത്തണമെന്നതാണ് സഭയുടെ പാരമ്പര്യവും താല്പര്യവും. എന്നാൽ പ്രത്യേക സാഹചര്യത്തിൽ വിവാഹ പരസ്യത്തിന് സമയക്കുറവു വരുമെങ്കിൽ, വിവാഹ വാഗ്ദാനത്തിനു മുമ്പ് വിവാഹ പരസ്യം നടത്തുവാൻ അനുവദിക്കാവുന്നതാണ്. ഇക്കാര്യത്തിന് ഫൊറോനാ വികാരിമാരെ ടി. സർക്കുലർ അധികാരപ്പെടുത്തുന്നു.

2009 ഡിസംബർ മുതൽ ഈ നിർദ്ദേശം നമ്മുടെ രൂപതയിൽ പ്രാബല്യത്തിൽ വരുന്നതാണ്. ഇതു സംബന്ധിച്ച് ബഹു. അച്ചൻമാർ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ.

A. വിവാഹിതരാവുന്ന കക്ഷികളുടെ (in case of extreme necessity അവരുടെ മാതാപിതാക്കന്മാരുടെ), അപേക്ഷ, മുൻകൂട്ടി വിവാഹപരസ്യം ആവശ്യമായിരിക്കുന്ന കാരണസഹിതം, അവരവരുടെ ഇടവക വികാരിമാരുടെ ശുപാർശയോടുകൂടി രണ്ട് കോപ്പികൾ സഹിതം ഫൊറോനാവികാരിയുടെ പക്കൽ നൽകണം.

B. ന്യായമായ ആവശ്യമെങ്കിൽ, അപേക്ഷകളുടെ കോപ്പികളുടെ പുറം പേജിൽ ബഹു. ഫൊറോനാ വികാരി അനുവാദം രേഖാമൂലം നൽകി ഒപ്പും സീലും വച്ച് ഇരുകക്ഷികളുടെയും ഇടവക വികാരിമാർക്ക് കൊടുത്തയക്കണം. അപേക്ഷയുടെ ഒറിജിനൽ കോപ്പിയിൽ അനുവാദം കൊടുത്ത വിവരം രേഖപ്പെടുത്തി ഫൊറോനാ പള്ളിയിൽ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

വിവാഹ പരസ്യങ്ങൾ കുറവ് ചെയ്യുന്നത് ഒഴിവാക്കുന്നതിനുവേണ്ടിയാണ് മേൽപ്പറഞ്ഞ നിർദ്ദേശം ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നത്.

എന്നാൽ, വളരെ പ്രത്യേക സാഹചര്യത്തിൽ അപ്രകാരം ആവശ്യമായി വന്നാൽ വിവാഹ പരസ്യം ഒന്ന് കുറവു ചെയ്യാൻ ഇടവക വികാരിക്കും രണ്ട് കുറവു ചെയ്യാൻ ഫൊറോനാ വികാരിക്കും നിലവിലുള്ള അധികാരം തുടർന്നും ഉണ്ടായിരിക്കുന്നതാണ്.

**2. ബുള്ളറ്റിനുകൾ ഫൊറോനാതലത്തിൽ**

കഴിഞ്ഞ ഏതാനും മാസങ്ങളായും ഇനിമുതൽ മുന്നോട്ടും ഇടവക പള്ളികളിലേയ്ക്കുള്ള ബുള്ളറ്റിനുകൾ ഫൊറോനാവഴിയാണ് നല്കപ്പെടുന്നത്. പെരിയ ബഹു. ഫൊറോനാവികാരിയച്ചന്റെ മേൽനോട്ടത്തിൽ ബുള്ളറ്റിനുകൾ ഇടവകകളിൽ എത്തിച്ചുതരുന്നതാണ്.

**3. പാരീഷ് സോഫ്ട്വെയർ**

ഏകദേശം 15 ഇടവകകൾ ഇതിനോടകം ഡേറ്റാ എൻട്രി പൂർത്തിയാക്കിയിരിക്കുന്നു. 35 ഓളം ഇടവകകൾ ഡേറ്റാ എൻട്രി നടത്തിക്കൊണ്ടിരിക്കുന്നു. 50 ഓളം ഇടവകകളിൽ ഡേറ്റാ കളക്ഷൻ പൂർത്തിയായി വരുന്നു. ഏറെ ത്യാഗപൂർവ്വം സഹകരിക്കുന്ന എല്ലാ ബഹു. അച്ചന്മാർക്കും നന്ദി പറയുന്നു.

ഇനിയും നമുക്ക് ആവശ്യമുള്ള കംപ്യൂട്ടർ അജപാലനസാധ്യതകളും ഉപയോഗങ്ങളും അതിന്റെ ബന്ധപ്പെട്ട കോർ കമ്മിറ്റി അംഗങ്ങളെ അറിയിക്കുമല്ലോ. അവകൂടി അടുത്ത അപ്ഡേറ്റിംഗിൽ ചേർക്കുന്നതാണ്.

**4. അഭിവന്ദ്യ പിതാവിന്റെ പ്രസംഗങ്ങളും പ്രോഗ്രാമുകളും**

അഭിവന്ദ്യ പിതാവിന്റെ പ്രധാനപ്പെട്ട പ്രസംഗങ്ങളും പ്രോഗ്രാമുകളും ഇന്റർനെറ്റ് റേഡിയോ & വീഡിയോവഴി കേൾക്കുകയും കാണുകയും ചെയ്യാവുന്നതാണ്. ആവശ്യമുള്ളവർ നമ്മുടെ രൂപതയുടെ വെബ്സൈറ്റ് സന്ദർശിക്കുക.(www.palaidiocese.com, www.palaidiocese.in) അധികം താമസിയാതെ ലൈവ് ഓൺലൈൻ സംപ്രേഷണത്തിന്റെ സാധ്യതയും ഉണ്ടാകുന്നതാണ്.

**5. അടുത്ത സെനക്കിൾ കൂട്ടായ്മ**

ഡിസംബർ മാസത്തിലെ സെനക്കിൾ കൂട്ടായ്മ 9 – 10 (ബുധൻ, വ്യാഴം) തീയതികളിൽ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടും.



## December 23 Wednesday

**10.30 AM - 12.30 PM**

1 V Rev. Fr. Kozhikkottu Alexander
2 Rev. Fr.Vedikunnel Thomas
3 Rev. Fr. Valloppallil Mathew
4 Rev. Fr. Valiyaveettil Thomas
5 Rev. Fr. Varickamackal Augustine
6 Rev. Fr. Kizhakkekara Joseph
7 Rev. Fr. Kaniyampadickal Abraham
8 Rev. Fr. Edathumparambil Joseph
9 Rev. Fr. Kunnel Cyriac
10 Rev. Fr. Mulanjanal Joseph
11 Rev. Fr. Vellilamthadaom Mani
12 Rev. Fr. Kaniyampadickal Zacharias
13 Rev. Fr Plathottom.George
14 Rev. Fr. MattappallyMathew
15 Rev. Fr. VellamaruthumkalJacob
16 Rev. Fr. Moolayil Thomas
17 Rev. Fr. Thadom Kurian
18 Rev. Fr. Vethanam Sebastian
19 Rev. Fr. Kakkallil Jose
20Rev. Fr. Panthalani Mathew

**2.00 - 4.00 PM**

1 Rev. Fr. Adappacherril Sebastian
2 Rev. Fr. Mattom John
3 Rev. Fr. Kolothu Augustine
4 Rev. Fr. Kalariprambil Vincent
5 Rev. Fr. Mattamundayil John
6 Rev. Fr. Ayallukunnel Thomas
7 Rev. Fr. Kochayyamkanal James
8 Rev. Fr. Mathilakathu Mathew
9 Rev. Fr. Puthyamattom George
10 Rev. Fr. Puthyamattom John
11 Rev. Fr. Puthoor Sebastian
12 Rev. Fr. Nadackal George
13 Rev. Fr. Mannoor Thomas
14 Rev. Fr. Kollamparambil Sebastian
15 Rev. Fr. Enthanal Jose
16 Rev. Fr. Kizhakke Aranjani Mathew
17 Rev. Fr. Valummel Thomas
18 Rev. Fr. Naduthadom Sebastian
19 Rev. Fr. Edayal Thomas
20 Rev. Fr. Vattappalam Michael

**06.00 - 08.30 PM**

1Rev. Fr. Theruvathu Augustine
2Rev. Fr. Manianchira Thomas
3Rev. Fr.Malayilputhenpara Thomas
4Rev. Fr. Purayidathil Joseph
5Rev. Fr. Ambazhathumkal George
6Rev. Fr. Koramkuzha Mathew
7Rev. Fr.Punnathanathukunnel Mathew
8Rev. Fr. Karotukizhakkel Thomas
9Rev. Fr. Kulangara Philip
10 Rev. Fr. Arimattathil Joseph
11 Rev. Fr. Naduvilekuttu Ignatius
12 Rev. Fr. Thevarkunnel Thomas
13 Rev. Fr. Panackakuzhy Thomas
14 Rev. Fr. Manianchira Joseph
15 Rev. Fr. Pulavelil Joseph (Jr.)
16 Rev. Fr. Pandaraparambil Jacob
17 Rev. Fr. Mangalathil James
18 Rev. Fr. Meyickal Joseph
19 Rev. Fr. Polakkattu Kurian
20 Rev. Fr. Augustine Koottyani
21 Rev. Fr. Kadaplackal Sebastian

# വിയാനി ചിന്തകൾ-5

1. താൻ സ്നേഹിക്കുന്ന ശിഷ്യനോട് കുരിശിൽ കിടക്കുന്ന ഈശോ പറഞ്ഞു: "ഇതാ നിന്റെ അമ്മ". ആ വാക്കുകളിലുള്ള സ്നേഹത്തിന്റെ ആഴങ്ങൾ മനസ്സിലാക്കാൻ സാധിക്കുന്ന ക്രിസ്ത്യാനിക്ക് എത്ര മാധുര്യമുള്ളതാണ് ആ വാക്കുകൾ.

2. കൂടുതൽ ജോലി ചെയ്യാനായി കൂടുതൽ പണം സമ്പാദിക്കാനായി ഞായറാഴ്ച വേല ചെയ്യുന്നവൻ എത്രമാത്രം പിഴ പറ്റിയവനാണ്. ദൈവത്തിന്റെ നിയമം ലംഘിക്കുക വഴിയായി ഒരാൾ തനിക്കുണ്ടാക്കുന്ന മുറിവിന് പകരം കൊടുക്കാൻ ഒന്നിനും ഒരിക്കലും സാധിക്കുകയില്ല.

3. ഒരു ആത്മാവിനെ രക്ഷിക്കുക എന്നുള്ളത് വളരെ ആയാസകരമാണ് എന്ന് ജനങ്ങൾ പറയുന്നു; എന്നാൽ അംഗീകാരങ്ങൾക്കും സമ്പത്തിനുംവേണ്ടി ഉദ്യമിക്കുന്നതിൽ ആയാസം ഉൾപ്പെടുന്നില്ലേ?

4. ഈശോയിൽ ജീവിക്കുക; അതുവഴിയായി അവനുവേണ്ടി ജീവിക്കുവാൻ കഴിയും.

5. ദിവസവും തുടർച്ചയായി പരിശുദ്ധാത്മാവിന്റെ പ്രകാശത്തിനായി പ്രാർത്ഥിക്കുക.

6. "കർത്താവേ, അങ്ങ് എന്റെ ഭവനത്തിൽ പ്രവേശിക്കാൻ ഞാൻ യോഗ്യനല്ല" എന്ന് കർത്താവിനോട് പറഞ്ഞ ശതാധിപനിൽ അവൻ കണ്ട എളിമയും താഴ്മയും നമ്മളിൽ ദൈവം കാണുകയാണെങ്കിൽ എത്ര സന്തോഷത്തോടെയും എന്തുമാത്രം കൃപകളുടെ സമൃദ്ധിയോടെയും ആയിരിക്കും നമ്മുടെ ഹൃദയങ്ങളിലേക്ക് അവൻ വരുന്നത്.

7. നമ്മുടെ സ്നേഹത്തിന്റെ തെളിവുകൾ നമ്മൾ ദൈവത്തിന് നല്കുന്നത് നരകത്തിന് എതിരായ പോരാട്ടങ്ങളിലൂടെയും പ്രലോഭനങ്ങളെ ചെറുത്തുനിൽക്കുന്നതിലൂടെയുമാണ്.



8. പീഡകളെക്കുറിച്ചുള്ള ഭയമാണ് ഏറ്റവും വലിയ കുരിശ്.

9. പ്രാർത്ഥിക്കുക എന്നത് അസാധ്യമായി നീ കാണുകയാണെങ്കിൽ നിന്റെ നല്ല മാലാഖയുടെ പിന്നിൽ നിന്നെ മറയ്ക്കുകയും നിന്റെ സ്ഥാനത്ത് പ്രാർത്ഥിക്കുവാൻ അവനെ ഭരമേല്പിക്കുകയും ചെയ്യുക.

10. പ്രാർത്ഥനകൾവഴിയും സൽപ്രവൃത്തികൾവഴിയും ദൈവസ്നേഹത്തിന്റെ അഗ്നി നമ്മുടെ ഹൃദയത്തിൽ സൂക്ഷിക്കുക.

11. എന്റെ കുഞ്ഞേ, നിന്റെ ശബ്ദം എപ്പോഴും ദൈവമഹത്വത്തിനായും ആത്മാക്കളുടെ രക്ഷയ്ക്കുമായും ഉപയോഗിക്കുക.

12. വിശുദ്ധ ഇഗ്നേഷ്യസ് ഓഫ് ലെയോള ആശുപത്രിയിൽ മുറിവേറ്റു കിടന്നപ്പോൾ വിശുദ്ധരുടെ ജീവചരിത്രം വായിക്കാൻ തുടങ്ങി. ദൈവത്തിനുവേണ്ടി എത്ര ധൈര്യത്തോടെയാണ് അവർ പൊരുതിയതെന്നും എന്തുമാത്രം ഏറ്റുമുട്ടലുകൾ അവരുടെ ജീവിതത്തിലുടനീളം ഉണ്ടായി എന്നും മനസ്സിലാക്കിയപ്പോൾ തന്നോടുതന്നെ പറഞ്ഞു: "ഇപ്പോൾ, ഈ വിശുദ്ധർ ചെയ്തത് എന്തുകൊണ്ട് എനിക്കു ചെയ്തുകൂടാ? പോരാടുവാൻ എന്നെ സഹായിക്കുന്ന അതേ ദൈവം എനിക്കില്ലേ? പ്രത്യാശിക്കുവാൻ അതേ സ്വർഗ്ഗമില്ലേ? അതുപോലെ ഭയപ്പെടുവാൻ അതേ നരകമില്ലേ?

13. നമ്മൾ ആരെയെങ്കിലും വളരെയധികം സ്നേഹിക്കുന്നുണ്ടെങ്കിൽ അവനെക്കുറിച്ച് ചിന്തിക്കുവാനായി അവനെ കാണേണ്ടത് അത്യാവശ്യമല്ലേ?

14. സ്നേഹത്തിന്റെയോ അഭിലാഷത്തിന്റേയോ ഒരു പ്രവൃത്തിയിലൂടെ നഷ്ടപ്പെട്ട ദൈവസാന്നിധ്യസ്മരണ നമ്മെക്കൊണ്ട് തിരിച്ചുപിടിപ്പിക്കുന്നതിനാൽ പ്രലോഭനങ്ങൾ ചിലപ്പോൾ ഫലപ്രദമാണ്.

15. ദൈവകൃപ നമ്മെ നടക്കാൻ സഹായിക്കുകയും നമ്മെ പിന്താങ്ങുകയും ചെയ്യുന്നു. ഒരു മുടന്തന് ഊന്നുകോലുകൾ അത്യാവശ്യമായിരിക്കുന്നതുപോലെ അത്യാവശ്യമാണ് അവൻ നമുക്ക്.

16. പരിശുദ്ധകന്യകയുടെ ജീവിതം ദു:ഖത്തിന്റെ നിറവായിരുന്നു... ഓരോ പ്രാവശ്യവും തന്റെ മൃദുലമായ കടാക്ഷം അവളുടെ തിരുസുതനിൽ പതിഞ്ഞപ്പോൾ അവൾ സഹിച്ചു...

17. അനുദിനജീവിതത്തിനുവേണ്ടി ഇതാ ഒരു ചട്ടം. ദൈവത്തിന് സമർപ്പിക്കാൻ കഴിയാത്ത ഒന്നും നീ ചെയ്യരുത്.

18. കാൽവരിയിൽ പരിശുദ്ധകന്യകയ്ക്ക് എന്തു മനോഭാവമായിരുന്നുവോ ഉണ്ടായിരുന്നത് അതേ മനോഭാവത്തോടെ നിനക്ക് വി.കുർബാനയിൽ പങ്കെടുക്കാൻ സാധിക്കുന്നുണ്ടോ? എന്തുകൊണ്ടെന്നാൽ ഇത് അതേ ദൈവം തന്നെയാകുന്നു, അതേ ബലിദാനമാകുന്നു.

19. ഒരു തുരപ്പനെലി തനിക്ക് ഒളിക്കാനായി മാളം ഉണ്ടാക്കാൻ പരിശ്രമിക്കുന്നതുപോലെ പ്രാർത്ഥിക്കാത്തവർ ഭൂമിയിലേക്ക് ഉൾവലിയുന്നു.

20. ഭക്തി മനുഷ്യരാൽ അനുഷ്ഠിക്കപ്പെടുമ്പോൾ ശക്തിപ്രവാഹത്തിൽ വളരെക്കൂടുതൽ അഭിവൃദ്ധി പ്രാപിക്കുന്നു.

21. പിതാക്കന്മാരിൽ ഏറ്റവും നല്ല പിതാവ് സ്നേഹിക്കുന്നതിലും അമ്മമാരിൽ ഏറ്റവും സമർപ്പിക്കപ്പെട്ടവൾ സ്നേഹിക്കുന്നതിലും കൂടുതൽ മൃദുലയോടെ ദൈവം നമ്മെ സ്നേഹിക്കുന്നു. ആകയാൽ ഒരു ശിശുവിന്റെ ഹൃദയത്തോടെ നമ്മളെത്തന്നെ അവിടുത്തെ തിരുമനസ്സിന് ഏൽപിച്ചുകൊടുക്കണം.

22. ഒരു ദിവസം ഒരു നല്ല ഭക്തൻ പരാതിപ്പെട്ടു: "ഓ കർത്താവേ, ഇപ്രകാരം കൈകാര്യം ചെയ്യപ്പെടുവാനായി ഞാൻ എന്തു ചെയ്തു? നമ്മുടെ കർത്താവ് അവനോട് മറുപടി പറഞ്ഞു: "കാൽവരിയിലേക്ക് ഞാൻ നയിക്കപ്പെട്ടപ്പോൾ ഞാൻ എന്തു ചെയ്തിട്ടുണ്ടായിരുന്നു?"

23. നമ്മുടെ ഹൃദയത്തിലേക്ക് വരുവാൻ ഈശോമിശിഹാ എത്രമാത്രം ആഗ്രഹിക്കുന്നു എന്ന് നമുക്ക് ശരിയായി മനസ്സിലാക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു.



24. പ്രലോഭനത്തിൽ ഉൾപ്പെടുമ്പോൾ ഭക്തിയോടെ കുരിശുവരയ്ക്കുന്നവൻ നരകത്തെ വിറപ്പിക്കുകയും സ്വർഗ്ഗത്തെ സന്തോഷിപ്പിക്കുകയും ചെയ്യുന്നു.

25. നമ്മുടെ ഹൃദയത്തിൽ ദൈവം ഉള്ളപ്പോൾ അത് ജ്വലിക്കേണ്ടതാകുന്നു. എമ്മാവൂസിലേക്കുള്ള വഴിയിൽവച്ച് ശിഷ്യന്മാരുടെ ഹൃദയം അവന്റെ (വചനത്തിന്റെ) മുഴക്കത്തിൽ ജ്വലിച്ചു.

26. ദൈവത്തോട് ഐക്യപ്പെട്ടിരിക്കുന്ന ആത്മാവിൽ എപ്പോഴും വസന്തമാണ്.

27. കുരിശുരൂപത്തിൽ എന്തുമാത്രം പ്രചോദനമാണ്! ഒന്നാമതായി അവൻ അനുഷ്ഠിക്കാത്ത ഒന്നും നമ്മോട് ചെയ്യുവാനായി ഒരിക്കലും കൽപിക്കാത്ത ഒരു ദൈവത്തെ കാണുമ്പോൾ ആരാണ് അശ്രാന്തം പരിശ്രമിക്കുന്നത് ബുദ്ധിമുട്ടായിട്ട് കാണുക.

28. സ്ഥൈര്യലേപനം എന്ന കൂദാശ സ്വീകരിക്കുവാൻ അവന്റെ ജീവിതം ദൈവത്തിനായി നൽകുന്നതിന് എപ്പോഴും തയ്യാറാണ്. അവന്റെ ഏകഭയം പാപം ചെയ്യേണ്ടി വരുമോ എന്നു മാത്രമാണ്.

29. നീ ദൈവത്തെ സ്നേഹിക്കുന്നുണ്ടെങ്കിൽ അവനെക്കുറിച്ച് പ്രസംഗിക്കുന്നതിലും അവൻ പ്രസംഗിക്കപ്പെടുന്നത് കേൾക്കുന്നതിലും ആനന്ദം കണ്ടെത്തും.

30. നമ്മൾ ദൈവത്തിനുവേണ്ടി മാത്രം പ്രവർത്തിക്കുകയും നമ്മുടെ പ്രവർത്തികൾ അവിടുത്തെ കരങ്ങളിൽ സമർപ്പിക്കുകയും വേണം.

31. ദൈവം നമുക്ക് നല്ല വൈദികരെ നല്കുവാനായി അനവരതം പ്രാർത്ഥിക്കുവാൻ നമ്മൾ കടപ്പെട്ടിരിക്കുന്നു. പ്രത്യേകിച്ചും അഗ്നി ചാമ്പലുകൊണ്ട് മൂടപ്പെട്ട കാലഘട്ടങ്ങളിൽ. അവർ വിശുദ്ധരാണെങ്കിൽ എന്തുമാത്രം നന്മ അവർക്കു ചെയ്യുവാൻ കഴിയും! അവർ ഏതു തന്നെയാണെങ്കിലും ഒരിക്കലും അവർക്കെതിരായി സംസാരിക്കരുത്.

ലേഖനം

# വർഗ്ഗസമരമല്ല വർഗ്ഗസൗഹാർദ്ദമാണാവശ്യം

***ബിഷപ് ജോസഫ് കല്ലറങ്ങാട്ട്***

*പാലാ രൂപതയുടെ മെത്രാൻ*

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ സാമൂഹ്യചിത്രം വരയ്ക്കുന്നതിന് അനിവാര്യമായി ഉപയോഗിക്കേണ്ട സുപ്രധാന പദങ്ങളാണ് ആഗോളവത്കരണം, സ്വകാര്യവത്കരണം, ഉദാരവത്കരണം, ഭീകരവാദം, സാമ്പത്തികമാന്ദ്യം, മതതീവ്രവാദം എന്നിവ. ഈ കാലഘട്ടത്തിന്റെ തുടിപ്പുകളും താളങ്ങളും താളപ്പിഴകളും തകർച്ചകളും ഈ പദങ്ങൾ ഭംഗിയായി പ്രതിഫലിപ്പിക്കുന്നുണ്ട്. സാമ്പത്തിക രംഗവുമായി ബന്ധപ്പെട്ടവയാണ് ഈ പദങ്ങളെല്ലാം. ഈ കാലഘട്ടത്തിലെ മനുഷ്യരുടെ ആശയാഭിലാഷങ്ങളും അനുഭവങ്ങളും പാളിച്ചകളും ഈ പദങ്ങൾ വ്യഞ്ജിപ്പിക്കുന്നുണ്ട്. ഈ സാമൂഹ്യപ്രതിഭാസങ്ങളെ അവഗണിച്ചുകൊണ്ടോ, അവയുടെ മൂകസാക്ഷിയായി നിന്നുകൊണ്ടോ നമുക്കു മുന്നോട്ടുപോകുവാൻ കഴിയില്ല. ലിയോ പതിമൂന്നാം പാപ്പായുടെ പ്രവാചകതുല്യമായ വാക്കുകൾക്ക് ഇന്ന് പ്രസക്തി കൂടിവരുന്നു: "ക്രമബദ്ധമായ പ്രശാന്തതയും യഥാർത്ഥ സുഭിക്ഷതയും തഴച്ചുവളരുന്നത് സഭയുടെ നിയന്ത്രണത്തിലും സ്വാധീനവലയത്തിലുംപെട്ട ജനവിഭാഗങ്ങൾക്കിടയിലത്രേ."

ദാരിദ്ര്യം, തൊഴിലില്ലായ്മ, സാമൂഹ്യ ഉച്ചനീചത്വങ്ങൾ, യുദ്ധം, അഭയാർത്ഥി പ്രവാഹം, പ്രകൃതിദുരന്തങ്ങൾ ഇങ്ങനെ ആധുനിക മനുഷ്യന് ഉത്തരം കണ്ടെത്താൻ കഴിയാത്ത സങ്കീർണ്ണപ്രശ്നങ്ങൾ വർദ്ധിച്ചുവരുന്നു. ഉത്തരാധുനികതയുടെ ഫലമായി സംഭവിച്ച സാംസ്കാരിക പ്രശ്നങ്ങളും സമൂഹത്തിന്റെ അടിസ്ഥാനഘടകമായ കുടുംബങ്ങൾക്കു സംഭവിക്കുന്ന അസ്ഥിരതകളും ഇവയോടെല്ലാം ചേർന്നുപോകുന്ന ധാർമ്മികപ്രശ്നങ്ങളും നമുക്കു മുന്നിൽ വലിയ ചോദ്യചിഹ്നങ്ങളായി നിൽക്കുന്നു. ബനഡിക്ട് പതിനാറാമൻ പാപ്പായുടെ വാക്കുകളിൽ ലോകത്തിലെ ഏറ്റവും ദരിദ്രരും നിസ്സഹായരുമായ ഗർഭസ്ഥശിശുക്കളുടെ അവസ്ഥയും അത്യന്തം ഭീതിജനകമാണ്. ആഗോളസാമ്പത്തിക മാന്ദ്യം ഉണർത്തുന്ന തൊഴിൽ പ്രശ്നങ്ങൾ അനുദിനം വർദ്ധിച്ചുവരുന്നു. ഈ സാമൂഹികപ്രശ്നങ്ങളോട് നാം പുലർത്തേണ്ട മനോഭാവങ്ങളും പ്രതികരണങ്ങളും എന്തൊക്കെയാണ്?



വ്യക്തിയുടെ അന്തസ്സിന്റെയും അവകാശങ്ങളുടെയും നഷ്ടമാണ് സാമ്പത്തികപ്രശ്നങ്ങളെ അതീവഗുരുതരമാക്കുന്നത്. മനുഷ്യവ്യക്തികളെ ഉൽപ്പന്നങ്ങളായും ഉദാത്തമായ സ്നേഹംപോലും വിലകുറഞ്ഞ രീതിയിൽ പരിഗണിക്കപ്പെടുന്നത് വൻവിപത്താണ്. എല്ലാ സാമ്പത്തിക പ്രശ്നങ്ങളേയും സാമൂഹ്യസമസ്യകളേയും ആത്മീയപ്രശ്നങ്ങളായി നാം കാണണം. എല്ലാ മതങ്ങളും അവയുടെ ആത്മീയസ്രോതസ്സുകൾ കണ്ടെത്തുകയും പഠിക്കുകയും വേണം. യൂറോപ്പ് ഇന്നത്തെ ദുരവസ്ഥയിൽനിന്നു കരകയറുന്നതിന് ബനഡിക്ട് പാപ്പാ നിരന്തരം നൽകുന്ന നിർദ്ദേശം, യൂറോപ്പ് അതിന്റെ ക്രിസ്തീയപൈതൃകം, അതും താപസനായ വി. ബനഡിക്ടിന്റെ ദർശനങ്ങൾ വീണ്ടെടുക്കണം എന്നാണ്. യൂറോപ്യൻ സംസ്കാരത്തിന്റെ മൂലക്കല്ലായി വർത്തിക്കുന്ന വി. ബനഡിക്ടിന്റെ ക്രിസ്തുദർശനം ഈ കാലഘട്ടത്തിന്റെ വിമോചനത്തിന് ആവശ്യമെന്ന്, പരിശുദ്ധ പിതാവ്, ബനഡിക്ട് എന്നു പേരു സ്വീകരിക്കുക വഴി പാശ്ചാത്യലോകത്തെ പ്രത്യേകം ഓർമ്മപ്പെടുത്തുന്നുണ്ടാവണം. സകല സാമൂഹ്യപ്രശ്നങ്ങളും അടിസ്ഥാനപരമായി ആത്മീയപ്രശ്നങ്ങൾ തന്നെയാണെന്ന കാഴ്ചപ്പാടാണ് സഭയ്ക്കുള്ളത്. അന്നന്നുവേണ്ട അപ്പം ഇന്നു തരണമെന്നു നാം പ്രാർത്ഥിക്കുമ്പോൾ, സാമൂഹ്യജീവിതത്തിന്റെ ഒരു അവസാനകണ്ണിയായ അപ്പം ലഭിക്കുന്നതിന് ആവശ്യമായ എല്ലാ സാഹചര്യങ്ങളെയും അനുകൂലമാക്കിത്തരണം എന്നുകൂടിയാണ് നാം പ്രാർത്ഥിക്കുന്നത്. അപ്പം ഭക്ഷ്യയോഗ്യമായി മേശമേൽ ലഭിക്കുന്ന വസ്തുവാണ്. കരംകഴുകി ഭക്ഷിക്കുവാനിരിക്കുമ്പോൾ "അപ്പം" ലഭിക്കണമെങ്കിൽ അതിനു പിന്നിൽ ഏറെ സാമൂഹ്യസംവിധാനങ്ങൾ കർമ്മനിരതമാവണം. നല്ല കാലാവസ്ഥ, വിളഭൂമി, അദ്ധ്വാനശീലരായ കർഷകരുടെ വിയർപ്പുതുള്ളികൾ, വിളസംഭരണം, ന്യായവില, അപാകതകളില്ലാത്ത വിതരണം, പാചകം ചെയ്യുന്നവരുടെ നല്ല മനസ്സോടെയുള്ള ശ്രമം - ഇവയെല്ലാം പൂർത്തീകരിക്കുമ്പോഴേ 'അപ്പം' മേശപ്പുറത്ത് എത്തൂ.

സ്വകാര്യത മനുഷ്യന്റെ അസ്ഥിത്വപരമായ ആവശ്യമാണ്. മനുഷ്യസ്വഭാവത്തിന്റെ മൗലിക അംശമാണത്. സോഷ്യലിസ്റ്റു സംവിധാനങ്ങൾ മനുഷ്യവ്യക്തിയുടെ അടിസ്ഥാന മഹത്വവും അന്തസ്സും ആവശ്യങ്ങളും നിഷേധിക്കുന്നു. അതോടെ മനുഷ്യൻ രാഷ്ട്രത്തിന്റെ ഒരു ഉൽപാദന ഉപകരണം മാത്രമാകും. ഉൽപാദനക്ഷമമല്ലാത്ത വ്യക്തികൾ - രോഗികൾ, വൃദ്ധർ, ശാരീരിക-മനോവൈകല്യമുള്ളവർ - അനാവശ്യവസ്തുക്കളായി മാറും. അവർക്കുവേണ്ടി ചെയ്യുന്നവയെല്ലാം

പൊതുമുതലിന്റെ നഷ്ടമായി കണക്കാക്കും. ലിയോ മാർപാപ്പായുടെ വാക്കുകൾ ശ്രദ്ധിക്കുക: "സ്വകാര്യസ്വത്തവകാശത്തിന്റെ നിഷേധം ആത്യന്തികമായി തൊഴിലാളിക്കു തീരാനഷ്ടം വരുത്തിവയ്ക്കും. അദ്ധ്വാനംവഴി സ്വന്തമായി സ്വത്തു സമ്പാദിക്കുക ഒരു വ്യക്തിയുടെ ദൈവദത്തമായ അവകാശമാണ്. "കമ്യൂണിസ്റ്റ് രാഷ്ട്രങ്ങൾ ഈ മൗലികഅവകാശത്തെ നിഷേധിച്ചുകൊണ്ട് ഭൂമിയിൽ സമത്വസുന്ദരമായ പറുദീസ പണിയുവാൻ യത്നിച്ചു. അഴിമതിയും അധാർമ്മികതയും ആ പ്രസ്ഥാനങ്ങളെ അകമേനിന്നും കാർന്നുതിന്നു. സമത്വസുന്ദരമായ നവലോകസൃഷ്ടി എന്ന *കിട്ടാക്കനിക്കു*വേണ്ടി റഷ്യയിലും ചൈനയിലും എത്രയോകോടി നിരപരാധികൾ കൊല ചെയ്യപ്പെട്ടു. "നാശത്തിന്റെ അടിമകളായിരിക്കെ, ഇവർ മറ്റുള്ളവർക്കു സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്നു. ഒരുവനെ എന്തു കീഴ്പ്പെടുത്തുന്നുവോ അതിന്റെ അടിമയാണവൻ" (2 പത്രോ. 2:19) എന്ന സെന്റ് പീറ്ററിന്റെ വാക്കുകൾ നിരീശ്വരപ്രസ്ഥാനങ്ങൾ കൊടിക്കൂറകൾ പായിച്ച രാഷ്ട്രങ്ങളിൽ അന്വർത്ഥമായി.

രാഷ്ട്രമല്ല, ആദ്യം ഉണ്ടായത് കുടുംബങ്ങളാണ്. മനുഷ്യൻ കുടുംബമായി ജീവിക്കുക എന്നത് ദൈവികപദ്ധതിയുടെ ഭാഗമാണ്. തൊഴിലാളിയും മുതലാളിയും കുടുംബത്തിന്റെ ഭാഗമാണ്. മക്കളെ ജനിപ്പിച്ചുവളർത്തുന്നത് കുടുംബത്തിന്റെ അവകാശമാണ്. രാഷ്ട്രം ഈ അവകാശത്തിന്മേൽ കരങ്ങൾ വയ്ക്കുമ്പോൾ മനുഷ്യസമൂഹത്തിന്റെ അടിസ്ഥാനശിലയായ കുടുംബത്തെ തകർക്കുന്നു. രാഷ്ട്രം കുടുംബങ്ങളുടെ മേൽ നടത്തുന്ന എല്ലാ കടന്നുകയറ്റങ്ങളും ഭീമമായ നഷ്ടങ്ങൾ മാത്രമാണ് മനുഷ്യസമൂഹത്തിന് സമ്മാനിച്ചിട്ടുള്ളത്. മക്കൾക്കുവേണ്ടി കരുതിവയ്ക്കുവാൻ മാതാപിതാക്കൾക്ക് കടമയും അവകാശവുമുണ്ട്. തൊഴിലാളിക്കോ, മുതലാളിക്കോ ഈ അവകാശം നിഷേധിക്കുമ്പോൾ, രാഷ്ട്രം അതിർവരമ്പുകൾ ലംഘിക്കുന്നു. തൊഴിലാളി, മുതലാളി തുടങ്ങിയ പദങ്ങൾക്ക് പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലോ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലോ ഉണ്ടായിരുന്ന അർത്ഥങ്ങളോ അന്തരങ്ങളോ ഇന്നില്ല. വിപ്ലവം അവകാശപ്പെടുന്ന പ്രത്യയശാസ്ത്രങ്ങളുടെ ആവനാഴിയിൽ ശേഷിച്ചിരിക്കുന്ന തുരുമ്പിച്ച പദങ്ങൾ മാത്രമാണവ.

മനുഷ്യനെ അനാദരിക്കുന്ന ഒരു പ്രത്യയശാസ്ത്രത്തിനും മനുഷ്യമനസ്സിൽ സ്ഥായിയായ ഇടം കിട്ടില്ല. ഭാവിയെപ്പറ്റി കരുതൽ സ്വാഭാവിക മനുഷ്യന്റെ സാധാരണ പ്രതികരണം മാത്രമാണ്. സ്വകാര്യതയും



സ്വകാര്യസ്വത്തും അനുവദിക്കാത്തിടത്ത് ജനങ്ങൾ വഞ്ചിക്കപ്പെടുന്നു. ഇതിനർത്ഥം മുതലാളിത്തവ്യവസ്ഥിതിയിലൂടെ സാമൂഹ്യപ്രശ്നങ്ങൾ പരിഹരിക്കപ്പെടും എന്ന് സഭ വിശ്വസിക്കുന്നു എന്നല്ല. പതിനൊന്നാം പീയൂസ് മാർപാപ്പായുടെ "ക്വാദ്രജസ്സിമോ അന്നോ", ഇരുപത്തിമൂന്നാം യോഹന്നാൻ പാപ്പായുടെ "സഭ ആധുനിക ലോകത്തിൽ", "ഭൂമിയിൽ സമാധാനം" എന്നീ വിശ്വലേഖനങ്ങളും ജോൺ പോൾ രണ്ടാമൻ പാപ്പായുടെ പഠനങ്ങളും മുതലാളിത്തത്തിന്റെ വൻചതിക്കുഴികളെ ചൂണ്ടിക്കാണിച്ചു തരുന്നുണ്ട്. സഭ എന്നും മനുഷ്യരുടെ പക്ഷത്താണ് - വേദനിക്കുന്നവരെയും പാർശ്വവൽക്കരിക്കപ്പെടുന്നവരെയും സഭ, നല്ല സമറായന്റെ മനസ്സലിവോടെ ശുശ്രൂഷിക്കുന്നു. നീതിയിലൂടെ മാത്രമേ സമാധാനം സ്ഥാപിതമാകൂ എന്നു പഠിപ്പിക്കുന്നു.

ഉത്തരവാദിത്വവും പരസ്പരാദരവുമാണ് തൊഴിൽ മേഖലയിൽ പ്രതിഫലിക്കേണ്ടത്. ഓരോരുത്തർക്കും വ്യത്യസ്തമായ ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും കടമകളുമുണ്ട്. ആർക്കെങ്കിലും അവകാശങ്ങൾ മാത്രമായിട്ടില്ല. എല്ലാ അവകാശങ്ങളും ആനുകൂല്യങ്ങളും ഉത്തരവാദിത്വങ്ങളോടു മാത്രം ചേർന്നുനിൽക്കുന്നവയാണ്. തൊഴിൽമേഖലയിൽ സഭയ്ക്കും രാഷ്ട്രത്തിനും തൊഴിൽദാതാവിനും തൊഴിൽ ചെയ്യുന്നവർക്കും കടമകളും അവകാശങ്ങളുമുണ്ട്. അവ ഓരോ വിഭാഗവും വ്യക്തമായ മനസ്സാക്ഷിസ്വാതന്ത്ര്യത്തോടെ നിർവ്വഹിക്കണം.

തൊഴിൽരംഗത്തെ മൂല്യശോഷണം തടയുന്നതിന്, മൂല്യങ്ങളുടെ ശക്തയായ പ്രവാചികയായി നിൽക്കുകയാണ് സഭയുടെ ധർമ്മം. ചില അടിസ്ഥാന മൂല്യങ്ങൾ, ജനങ്ങൾ യാഥാർത്ഥ്യബോധത്തോടെ മനസ്സിലാക്കേണ്ടതുണ്ട്. സമത്വം സുന്ദരമായ ഒരാദർശമാണ്. എന്നാൽ സോഷ്യലിസത്തിന്റെ സ്ഥിതിസമത്വവാദം മനുഷ്യപ്രകൃതിയുമായി ഒത്തുപോകുന്നതല്ല. പ്രകൃതിയിൽ ആരും ഒന്നും തുല്യരല്ല; സർവ്വതും വ്യതിരിക്തവും വ്യത്യസ്തവുമാണ്. സ്ത്രീയും പുരുഷനും തുല്യർ എന്നു പറയുന്നതിലും എത്രയോ അധികം ശരിയാണ് അവർ വ്യത്യസ്തർ എന്നു പറയുന്നത്. തൊണ്ണൂറു നീണ്ട വത്സരങ്ങൾ ഈ സുന്ദരതീരത്ത് ആയുസ്സു ലഭിക്കുന്ന വ്യക്തിയും ഒൻപതു വർഷം മാത്രം ആയുസ്സ് ലഭിക്കുന്ന കുഞ്ഞും തമ്മിൽ എന്തു സ്ഥിതിസമത്വം? ഒരു ക്ലാസ്സിലെ നാൽപ്പതു കുട്ടികൾക്ക് നാൽപ്പതു തലങ്ങളിലുള്ള ബൗദ്ധിക-മാനസിക-ശാരീരിക കഴിവുകൾ. അവർക്കിടയിൽ എന്തു സ്ഥിതിസമത്വം? രോഗിയായി ജനിച്ച്, എന്നും രോഗശയ്യയിൽ കിടക്കുന്ന വ്യക്തിയും അരോഗദൃഢഗാത്രനായ വ്യക്തിയും തമ്മിൽ എന്തു സമ

ത്വമാണുള്ളത്? അസംഖ്യം അന്തരങ്ങൾ പ്രകൃതിയിലുണ്ട്. ആർക്കും ആരെയും തുല്യരാക്കുവാൻ സാധിക്കില്ല. അന്തരങ്ങൾ മനുഷ്യനെ പരസ്പരാശ്രിതരും പൂരകങ്ങളുമാക്കുന്ന ഭാവാത്മക ഘടകങ്ങളാണ്. ഒരേ ശരീരത്തിലെ വിവിധ അവയവങ്ങൾ പോലെയും ഒരേ വൃക്ഷത്തിന്റെ വിവിധ ശാഖകൾ പോലെയും. അതിനാൽ സ്ഥിതിസമത്വവാദം യാഥാർത്ഥ്യബോധമില്ലായ്മയാണ്. സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളിലെല്ലാം എല്ലാവരും തുല്യരും കുറേപ്പേർ കൂടുതൽ തുല്യരുമായിരുന്നു!

ഈശോ പറഞ്ഞ മുന്തിരിത്തോട്ടത്തിലേക്കു ജോലിക്കാരെ വിളിക്കുന്ന ഉപമയിൽ, ജോലിയില്ലാതെ അവസാന മണിക്കൂർവരെ പുറത്തുനിൽക്കുന്നവരെപ്പറ്റി പ്രത്യേക പരാമർശമുണ്ട്. തൊഴിലില്ലാതെ നിൽക്കുന്നതു നന്മയായി യജമാനൻ കാണുന്നില്ല. തൊഴിൽ ചെയ്യുന്നതാണ് നന്മ. തൊഴിൽമേഖല ഏറ്റവുമധികം ചൂഷണത്തിന്റെ ഒരു തലമായി ഇന്നു മാറിയിരിക്കുന്നു. തൊഴിലിന് പണംകൊണ്ട് അളന്നുതിട്ടപ്പെടുത്താനാവാത്ത ഒരു തലമുണ്ടെന്ന് സർവ്വരും മറക്കുന്നു. തൊഴിൽ വെറും പണി മാത്രമായി അധഃപതിക്കുന്നു, പണത്തിന്റെ പേരിൽമാത്രം അതു ചെയ്യുമ്പോൾ. തൊഴിൽ ചെയ്യുന്ന വ്യക്തി ഉൽപ്പാദനം വർദ്ധിപ്പിക്കുകയും പണം സമ്പാദിക്കുകയും മാത്രമല്ല ചെയ്യുന്നത്. അവന്റെ വ്യക്തിത്വത്തിന്റെ പ്രകാശനവും ജീവിതസാഫല്യവും തൊഴിൽനിർവ്വഹണത്തിലൂടെ നേടുന്നു. ഒരു വ്യക്തി, സമൂഹത്തിനും ഭാവിതലമുറയ്ക്കും നൽകുന്ന, വിശിഷ്ട സമ്മാനമാണ് ജോലി. പണസമ്പാദനത്തിനപ്പുറം മനുഷ്യൻ മനുഷ്യനു നൽകേണ്ട സാഹോദര്യശുശ്രൂഷയും തൊഴിലിന്റെ സുപ്രധാനതലമാണ്. മാനവസേവ, ഈശ്വരസേവ എന്നതാണ് ഭാരതീയദർശനം. ഇംഗ്ലീഷിൽ പ്രാർത്ഥനയ്ക്ക് Service എന്ന പദമാണ് ഉപയോഗിക്കുന്നത്. അതേ പദം തന്നെയാണ് തൊഴിലിനെ സൂചിപ്പിക്കുവാനും ഉപയോഗിക്കുന്നത്. തൊഴിൽ ആത്മപ്രകാശനവും ദൈവാരാധനയും സഹോദരശുശ്രൂഷയുമാണ്.

അദ്ധ്വാനവും കഷ്ടപ്പാടുമില്ലാത്ത ഒരു ഭൗതികപറുദീസ, സോഷ്യലിസം സ്വപ്നം കാണുന്നു. ഒരിക്കലും ചിറകു മുളയ്ക്കില്ലാത്ത ഒരു മിഥ്യാസ്വപ്നം മാത്രമാണിത്. അനുഭവം നിരന്തരം പഠിപ്പിക്കുന്നത് ക്ലേശങ്ങളുടെ പാഠങ്ങളാണ്. വേദനയും വിയർപ്പും മാനസിക സംഘർഷങ്ങളും രോഗവും കണ്ണുനീർത്തുള്ളിയും ഭൂമിയിലെ ജീവിതത്തിന്റെ ഭാഗമാണ്. മനുഷ്യൻ ഈ ജീവിതത്തിനുവേണ്ടിമാത്രം സൃഷ്ടിക്കപ്പെട്ടവനായിരുന്നുവെങ്കിൽ രോഗവും ക്ലേശവുമില്ലാത്ത ശരീരവും മനസ്സും നമുക്കു ലഭിക്കുമായിരുന്നു. വാർദ്ധക്യവും മരണവും സംഭവിക്കില്ലാ



യിരുന്നു. നാം ഈലോകത്തിനുവേണ്ടി മാത്രം രൂപപ്പെടുത്തപ്പെട്ടവരല്ല. കടമായി ലഭിച്ച ജീവൻ തിരിച്ചുനൽകേണ്ടവരാണു നാം. സോഷ്യലിസ്റ്റുകൾ പഠിപ്പിക്കുംവിധം ഒരു സ്വർഗ്ഗം ഭൂമിയിൽ ഉണ്ടാവില്ല. അങ്ങനെ ഒരു സ്വർഗ്ഗം പണിയുവാൻ കാപ്പിറ്റലിസത്തിനും കെൽപ്പില്ല. ഭൂമിയ കണ്ണുനീർത്താഴ്വരയായി നാം കാണുകയും അരുത്. ശക്തമായ ആത്മബന്ധങ്ങൾ നൽകുന്ന സ്നേഹവും ദൈവവിശ്വാസം നൽകുന്ന മഹത്തായ പ്രത്യാശയും സേവനത്തിൽനിന്നു ലഭിക്കുന്ന കർമ്മസാഫല്യവും ഭൂമിയിലെ ജീവിതത്തെ ധന്യമാക്കുന്നു.

തൊഴിലാളിയും തൊഴിൽദാതാവും രണ്ടു ധ്രുവങ്ങളിൽനിന്നു പടപൊരുതേണ്ടവരല്ല. അത്തരം സമരത്തിൽ വിജയികൾ ആരും ഉണ്ടാവില്ല, രണ്ടുപേരും പരാജിതർ മാത്രമായിരിക്കും. **വർഗ്ഗസമരത്തിന്റെ നാളുകൾ കഴിഞ്ഞു. അതിന്റെ പ്രസക്തിയും അസ്തമിച്ചു. ഇനി ഉണ്ടാവേണ്ടത് വർഗ്ഗസൗഹാർദ്ദമാണ്.** സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും സന്ദേശമാണ് നമ്മൾ കൈമാറേണ്ടത്. അക്രമത്തിൽനിന്ന് ക്രമമോ, ഹിംസയിൽനിന്ന് അഹിംസയോ, അശ്ലീലത്തിൽനിന്ന് ശ്ലീലമോ, അധർമ്മത്തിൽനിന്ന് ധർമ്മമോ, യുദ്ധത്തിൽനിന്ന് സമാധാനമോ ജനിക്കില്ല.

### കടമകൾ കടമ്പകളല്ല

സാമൂഹ്യജീവിതം വ്യക്തമായ ഉടമ്പടികളുടെ സമുച്ചയമാണ്. അവ പാലിക്കപ്പെടുമ്പോൾ സൗഹൃദം വളരും. തൊഴിൽരംഗത്ത് എക്കാലത്തേക്കാളും ഉടമ്പടികൾക്കും കരാറുകൾക്കും പ്രസക്തിയുണ്ട്. യഹൂദ-ക്രിസ്തീയ സംസ്കാരത്തിൽ ഉടമ്പടി ഒരു വിശുദ്ധ പദമാണ്. ഉടമ്പടി പാലിക്കപ്പെടുമ്പോൾ സമൂഹത്തിൽ നന്മയും സൗഹാർദ്ദവും വളരും. അക്രമമാർഗ്ഗങ്ങൾ ഉപയോഗിച്ച് തൊഴിൽ ശാലകൾ പൂട്ടിക്കുന്നത് തൊഴിലാളിവർഗ്ഗത്തിന്റെ വിജയമായി ഒരു കാലത്തു കണക്കാക്കിയിരുന്നു. തൊഴിൽ ചെയ്യുന്നവരെ എന്നും ആശ്രിതരും നിരാശ്രയരുമാക്കി നിലനിർത്തുന്നതിന് ചില പ്രത്യയശാസ്ത്രങ്ങൾ നടത്തിയിരുന്ന ഇവ്വിധ കുത്സിതതന്ത്രങ്ങളെ ഇന്ന് ജനങ്ങൾ തിരിച്ചറിഞ്ഞുതുടങ്ങിയിരിക്കുന്നു. തെറ്റായ പ്രത്യയശാസ്ത്രങ്ങൾ വ്യക്തികളെ സ്വതന്ത്രരാക്കുകയില്ല, ചങ്ങലകൾക്കുള്ളിലാക്കും. ശക്തമായ ഇരുമ്പുമറകൾക്കുള്ളിൽ മസ്തിഷ്ക പ്രക്ഷാളനം ചെയ്യപ്പെട്ട് മനുഷ്യത്വം തകർക്കപ്പെട്ടവരുടെ സംഖ്യ എത്ര വലുതാണ്. തൊഴിലാളിയുടെ മഹത്വം സർവ്വരും അംഗീകരിക്കണമെന്ന് സഭ പഠിപ്പിക്കുന്നു. അപകടകരമായ ജീവിതസാഹചര്യങ്ങളിൽ അവർ അനുഭവിക്കുന്ന തിക്തതകൾ, സർവ്വരും അനുഭാവ

പൂർവ്വം മനസ്സിലാക്കണം. ഒപ്പം തൊഴിൽദാതാവും ചൂഷണവിധേയ നാകരുത്. ആരുടെയും കടമകൾ ജീവിതയാത്രയിലെ കടമ്പകളല്ല, അവ പുരോഗതിയുടെ ഗോവണിപ്പടികളാണ്. പണം ഉണ്ടാക്കുവാനുള്ള ഉപാധിയല്ല തൊഴിൽ, പണം ഉണ്ടാക്കുന്ന യന്ത്രങ്ങളുമല്ല ജോലിക്കാർ.

ജോലിയുടെ മഹത്വം സർവ്വരും അംഗീകരിക്കണം എന്നു സഭ പഠിപ്പിക്കുന്നു. ജോലിയുടെ വലിപ്പച്ചെറുപ്പം നോക്കി ജനങ്ങളെ ആദരിക്കുകയോ അനാദരിക്കുകയോ ചെയ്യുന്നിടത്തു ക്രിസ്തീയ മാനവികതയുടെ കുറവുണ്ട്. ഏതു ജോലിയും മാന്യമാണ്. ജോലി ചെയ്യാതിരിക്കുന്നതാണ് മാന്യതയില്ലായ്മ. തൊഴിൽ നൽകുന്നവരുടെയും ചെയ്യുന്നവരുടെയും ആത്മീയമാനസിക വളർച്ചയും പ്രധാനമാണ്. മനസ്സിന്റെ അടിമത്തം - മുൻവിധികൾ, വർഗ്ഗവിദ്വേഷം - മാറാത്തവർക്ക് മറ്റാർക്കും സ്വാതന്ത്ര്യം നൽകുവാനാവില്ല. ജോലിയിൽ സ്ത്രീപുരുഷ വിവേചനം സഭ അംഗീകരിക്കുന്നില്ല. വി. ഈഡിത്ത് സ്റ്റൈയിനിന്റെ വാക്കുകൾ ശ്രദ്ധേയമാണ്: "സ്ത്രീക്കു പ്രവർത്തിക്കാൻ കഴിയാത്ത ഒരുദ്യോഗവുമില്ല.... തീർച്ചയായും ഒരു സ്ത്രീയും സ്ത്രീ മാത്രമല്ല: പുരുഷനെപ്പോലെ ഒരോ സ്ത്രീക്കും വ്യക്തിപരമായ പ്രത്യേകതകളും സിദ്ധികളും ഉണ്ട്. കലാപരം, ശാസ്ത്രീയം, സാങ്കേതികം മുതലായ തലങ്ങളിലുള്ള ഔദ്യോഗിക ജോലികൾ ചെയ്യുന്നതിന് സ്ത്രീക്കു ശക്തി നൽകുന്നത് അവളുടെ വൈയക്തികമായ കഴിവുകളാണ്." ഏതു ജോലിയും നിർവ്വഹിക്കുന്നതിന് സ്ത്രീക്കു സാധിക്കും. അതിലുപരി സ്ത്രീക്കു മാത്രം നിർവ്വഹിക്കുവാനാകുന്ന സവിശേഷതൊഴിലുകളും അവൾക്കു ചെയ്യുവാനാകും.

ഭൗതികനേട്ടങ്ങൾ മാത്രമാണ് തൊഴിലിന്റെ ലക്ഷ്യം എന്നു കരുതരുത്. ഭൗതികതലത്തിൽ മാത്രം ഒതുങ്ങുന്ന കാഴ്ചപ്പാട് അപകടകാരിയാണ്, അത് ചൂഷണത്തിനും കൊള്ളലാഭത്തിനും അമിതപ്പലിശയ്ക്കും ബാലവേലയ്ക്കും വഴിതുറക്കും. നീതിധർമ്മങ്ങൾ അപ്രത്യക്ഷമായാൽ സമൂഹത്തിൽ അരാജകത്വം ഉണ്ടാകും. ധനം ദൈവദാനമാണെന്നും മനുഷ്യൻ കാര്യസ്ഥൻ മാത്രമാണെന്നും സഭ പഠിപ്പിക്കുന്നു. ഭൂമിയിലെ യജമാനന്മാർക്ക് സ്വർഗ്ഗത്തിൽ ഒരു യജമാനനുണ്ട് എന്ന് ഓർമ്മിപ്പിക്കണമെന്ന് സെന്റ് പോൾ പഠിപ്പിക്കുന്നു. പ്രകൃതി സർവ്വമനുഷ്യർക്കും വേണ്ടിയുള്ള ദൈവദാനമാണ്. അത് ഏതാനുംപേർ സ്വകാര്യസ്വത്തായി ഉപയോഗിക്കുന്നത് ദൈവികപദ്ധതിയുടെ ലംഘനമാണ്. അയൽക്കാരൻ എന്ന കൂദാശയെ മാറ്റിനിർത്തി അൾത്താരയിലെ കൂദാശയെ കാണാനാവില്ലെന്ന് മാർ ക്രിസോസ്തോം പഠിപ്പിക്കുന്നു.



സഹോദരങ്ങളുടെ നന്മയ്ക്കുവേണ്ടി വ്യക്തികളുടെ അവകാശങ്ങൾ നിയന്ത്രണവിധേയമാക്കണം. എല്ലാവരും ദൈവമക്കൾ എന്ന അടിസ്ഥാനമഹത്വും സമത്വവും തൊഴിൽമേഖലയിൽ അംഗീകരിക്കപ്പെടണം.

തൊഴിൽമേഖലയിൽ രാഷ്ട്രത്തിന് വലിയ ഉത്തരവാദിത്വങ്ങൾ ഉണ്ട്. പൊതുജനക്ഷേമത്തോടൊപ്പം വ്യക്തികളുടെ ഐശ്വര്യവും രാഷ്ട്രം മുന്നിൽക്കാണണം. നീതി ലഭിക്കാത്ത അനേകജനവിഭാഗങ്ങൾ നമുക്കിടയിലുണ്ട്. ആദിവാസികളും ബാലികാബാലന്മാരും വൃദ്ധരുമൊക്കെ ഈ അനുഭവത്തിന്റെ ബലിയാടുകളാണ്. എല്ലാവർക്കും പാർപ്പിടവും ആരോഗ്യവും ജീവിതത്തിന്റെ അടിസ്ഥാന ആവശ്യങ്ങളുടെ മാന്യമായ നിറവേറലും രാഷ്ട്രം ഉറപ്പുവരുത്തണം. പ്രത്യയശാസ്ത്രങ്ങളുടെ പേരിൽ വ്യക്തിയേയോ കുടുംബങ്ങളേയോ രാഷ്ട്രം ഹിംസിക്കരുത്. നന്മയിൽ അടിയുറച്ച ഒരു സാമൂഹികക്രമമാണ് സഭയുടെ എക്കാലത്തെയും ശ്രദ്ധാകേന്ദ്രം. രണ്ടാം വത്തിക്കാൻ കൗൺസിൽ പിതാക്കന്മാരുടെ ആഹ്വാനം ഇപ്രകാരമാണ്: "വിശന്നു മരിക്കാറായ മനുഷ്യന് നീ ഭക്ഷണം കൊടുക്കുക. അങ്ങനെ ചെയ്യാതിരുന്നാൽ നീ അവനെ കൊല്ലുകയാണ് ചെയ്യുന്നത്. എല്ലാ വ്യക്തികളും ഗവൺമെന്റുകളും അവരുടെ കഴിവനുസരിച്ച് തങ്ങൾക്കുള്ളവ മറ്റുള്ളവർക്കു കൊടുക്കട്ടെ" (സഭ ആധുനികലോകത്തിൽ, 69).

ബനഡിക്ട് പരിശുദ്ധപിതാവ് മാന്യമായ തൊഴിലിനെ നിർവ്വചിക്കുന്നുണ്ട്: "തൊഴിലാളികൾക്ക് സ്വതന്ത്രമായി തെരഞ്ഞെടുക്കാവുന്നതും അവരെ സമൂഹത്തിന്റെ പുരോഗതിയുമായി സംയോജിപ്പിക്കുന്നതുമായ തൊഴിൽ; തൊഴിലാളികൾക്ക് ആദരം നൽകുന്നതും അവരെ എല്ലാവിധ വിവേചനങ്ങളിൽനിന്നും സ്വതന്ത്രമാക്കുന്നതുമായ തൊഴിൽ; കുടുംബത്തിലെ ആവശ്യങ്ങൾ നിറവേറ്റാനും കുട്ടികളെ വേതനത്തിനായി ജോലിയെടുപ്പിക്കാതെ, അവർക്ക് വിദ്യാഭ്യാസം നൽകാനും ഉതകുന്ന തൊഴിൽ; തൊഴിലാളികളെ സ്വയം സംഘടിപ്പിക്കാൻ സഹായിക്കുന്നതും അവരുടെ ആശയങ്ങൾക്ക് മൂല്യം നൽകുന്നതുമായ തൊഴിൽ; വ്യക്തിപരവും കുടുംബപരവും ആദ്ധ്യാത്മികവുമായ തലങ്ങളിൽ സ്വന്തം വേരുകൾ കണ്ടെത്താൻ അവസരം നൽകുന്ന തൊഴിൽ; തൊഴിലിൽനിന്ന് വിരമിച്ചശേഷവും മാന്യമായ ജീവിതനിലവാരം പുലർത്തുവാൻ സഹായിക്കുന്ന തൊഴിൽ" (സത്യത്തിൽ സ്നേഹം, 63).

●

ലേഖനം

# തെറ്റി വായിക്കപ്പെടുന്ന പരിസ്ഥിതിശാസ്ത്രം

*ബിഷപ് ജോസഫ് കല്ലറങ്ങാട്ട്*
*പാലാ രൂപതാ മെത്രാൻ*

ഭൗമഉച്ചകോടികളിലും അന്താരാഷ്ട്ര സമ്മേളനങ്ങളിലും ചാക്രികലേഖനങ്ങളിലുമെല്ലാം ഏറെ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണല്ലൊ പരിസ്ഥിതിവിജ്ഞാനീയം, അമ്ലമഴ, ഹരിതഭവനപ്രഭാവം, ഓസോൺ പാളിയിലെ വിള്ളൽ, വനനശീകരണം തുടങ്ങി ധാരാളം ഭീഷണികൾ ഇന്ന് നമ്മൾ നേരിടുന്നുണ്ട്. ഉൽപത്തിക്കുശേഷം സൃഷ്ടപ്രപഞ്ചത്തിന്റെ സന്തുലിതാവസ്ഥ തകർക്കാൻ കെൽപ്പുള്ള ആദ്യതലമുറയാണ് നമ്മുടേത് എന്ന് ആണവപ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ അമേരിക്കയിലെ കത്തോലിക്കാ മെത്രാൻസംഘം പറഞ്ഞുവച്ചിട്ടുണ്ട്. ജീവന്റെ നിലനിൽപ്പ് സാധ്യമാക്കുന്ന പ്രകൃതിയുടെ സംവിധാനങ്ങൾക്ക് നാം കോട്ടം വരുത്തിയിരിക്കുകയാണ്. സൃഷ്ടപ്രപഞ്ചം സങ്കീർണ്ണമാംവിധം പരസ്പരബന്ധിതമായ അനേകം മൃദുലകണ്ണികൾ ചേരുന്നതാണ്. ഇവയാണ് ഭൂമിയിൽ ജീവനെ പോഷിപ്പിക്കുകയും നിലനിർത്തുകയും ചെയ്തു കൊണ്ടിരിക്കുന്നത്. വളക്കൂറുള്ള മണ്ണും ശുദ്ധജലവും ശുദ്ധവായുവും ഉറപ്പാക്കിയിരുന്ന ഈ സംവിധാനങ്ങൾ ഇന്ന് ശിഥിലമായിക്കൊണ്ടിരിക്കുന്നു. പരിമിതമായ പ്രകൃതിവിഭവങ്ങൾ അമിതമായ വേഗത്തിലും അളവിലും നാം ഉപയോഗിച്ചുതീർക്കുന്നു. മൃഗങ്ങളുടെയും സസ്യങ്ങളുടെയും അനിയന്ത്രിതമായ നാശവും പ്രകൃതിവിഭവങ്ങളുടെ വിവേചനരഹിതമായ ചൂഷണവുംവഴി പ്രകൃതിയുടെയും പ്രപഞ്ചത്തിന്റെയും സന്തുലിതാവസ്ഥ തെറ്റിക്കഴിഞ്ഞിരിക്കുന്നു. ശാസ്ത്രസാങ്കേതികവിദ്യയുടെ വിവേചനരഹിതമായ ഉപയോഗവും ജീവനോടുള്ള അനാദരവും പ്രകൃതിവിഭവങ്ങളുടെ കരുതലില്ലാത്ത ചൂഷണവും ഇന്ന് അംഗീകരിക്കപ്പെട്ട തത്വങ്ങൾ പോലെയായിക്കഴിഞ്ഞു. പ്രധാനമായും ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും ഗുണഫലങ്ങളുടെ വിവേചനരഹിതമായ ഉപയോഗമാണ് ഈ പ്രതിസന്ധി സൃഷ്ടിച്ചത്.



ശാസ്ത്രലോകത്ത് ഉണ്ടാകുന്ന പുരോഗതികൾ കാർഷികവ്യവസായ മേഖലകളിലെ തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്. സാമ്പത്തികരംഗത്തുണ്ടാകുന്ന വികസനം ധാർമ്മിക-ആദ്ധ്യാത്മിക രംഗത്തെ അരാജകത്വത്തിനും വഴി തെളിക്കുന്നുണ്ട്. മനുഷ്യജീവനെ മറ്റു ജീവജാലങ്ങളിൽനിന്നും സൃഷ്ടജാലങ്ങളിൽനിന്നും ആപത്കരമായ രീതിയിൽ വേർതിരിക്കരുത്. ജീവൻ എന്നാൽ ജീവന്റെ ശൃംഖലയാണ്. ജീവജാലങ്ങൾ തമ്മിലുള്ള ബന്ധത്തിന്റെ കണ്ണിയാണ്. ദൈവത്തിന്റെ സൃഷ്ടി എന്നുപറയുന്നത് ഒരു ശൃംഖലയാണ്, ഒഴുക്കാണ്, കൂട്ടായ്മയാണ്. പ്രപഞ്ചത്തിന്റെ സൗന്ദര്യം അതിലെ സൃഷ്ടജാലങ്ങൾ തമ്മിലുള്ള ഐക്യമാണ്. പ്രപഞ്ചത്തിന് മുറിവേറ്റുകഴിഞ്ഞു. മുറിവേറ്റതിനെ വലിച്ചെറിയുകയല്ല, സുഖപ്പെടുത്തുകയും പുനഃപ്രതിഷ്ഠിക്കുകയുമാണ് വേണ്ടത്. അതിന് വെറും 'പാച്ച്‌വർക്ക്' പോരാതെ വന്നിരിക്കുകയാണ്. ഇവിടെയാണ് പരിസ്ഥിതി വിജ്ഞാനീയത്തിന്റെ ധാർമ്മിക മാനങ്ങൾ നമ്മൾ അന്വേഷിക്കേണ്ടത്.

ഭാഗ്യസ്മരണാർഹനായ ജോൺ പോൾ രണ്ടാമൻ പാപ്പാ പരിസ്ഥിതിയെക്കുറിച്ച് ആഴത്തിൽ ചിന്തിച്ചിരുന്നു: "പരിസ്ഥിതിയിലെ ഉത്തരവാദിത്വങ്ങളെക്കുറിച്ചുള്ള വിദ്യാഭ്യാസം ഇന്ന് അത്യാവശ്യമാണ്. തന്നോടുതന്നെയും മറ്റുള്ളവരോടും ഭൂമിയോടും നമുക്ക് ഉത്തരവാദിത്വമുണ്ട്. ഇത്തരം വിദ്യാഭ്യാസം നിഷ്ഫലമായ ആഗ്രഹങ്ങളിലോ, കേവലം വൈകാരിക താത്പര്യങ്ങളിലോ അധിഷ്ഠിതമല്ല. ഇതിന്റെ ലക്ഷ്യം പ്രത്യയശാസ്ത്രപരമോ, രാഷ്ട്രീയപ്രേരിതമോ അല്ല. ആധുനിക ലോകത്തോടുള്ള നിഷേധവുമല്ല. ശരിയായ വിദ്യാഭ്യാസചിന്തയാലും പെരുമാറ്റത്താലും സംഭവിക്കുന്ന ഉത്തരവാദിത്വപൂർണ്ണവും യഥാർത്ഥവുമായ മാനസാന്തരത്തെയാണ് ലക്ഷ്യം വയ്ക്കേണ്ടത്. ആത്യന്തികമായി ചിന്തിച്ചാൽ സമൂഹത്തിലെ സമാധാനത്തിനു വേണ്ടിയുള്ള അന്വേഷണത്തിലാണ് പരിസ്ഥിതി പ്രശ്നം പരിഹരിക്കപ്പെടേണ്ടത്."

കാലത്തിന്റെ അടയാളങ്ങൾ വിവേചിച്ചറിയുക എന്നതാണ് പ്രധാനപ്പെട്ടത്. പ്രപഞ്ചത്തിൽ മനുഷ്യന്റെ സ്ഥാനം എവിടെ എന്ന് നാം നവമായി കണ്ടെത്തേണ്ടിയിരിക്കുന്നു. സൃഷ്ടപ്രപഞ്ചത്തിലെ എല്ലാ യാഥാർത്ഥ്യങ്ങളും തമ്മിലുള്ള ബന്ധം ഇന്നത്തെ പരിസ്ഥിതി പ്രതിസന്ധി വെളിച്ചത്തു കൊണ്ടുവരുന്നു. നമ്മുടെ എല്ലാ ചെയ്തികളും നാം എടുക്കുന്ന എല്ലാ തീരുമാനങ്ങളും മറ്റു മനുഷ്യരേയും ഭൂമിയേയും ബാധിക്കുന്നു എന്നു മറക്കരുത്. സൃഷ്ടപ്രപഞ്ചത്തിൽ തനിക്കുള്ള

സ്ഥാനത്തെക്കുറിച്ചുള്ള യാഥാർത്ഥ്യബോധം മനുഷ്യന് നഷ്ടപ്പെട്ടിരിക്കുകയാണ്. പ്രകൃതിയെ വെറുമൊരു പശ്ചാത്തലമായോ മനുഷ്യന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഉപകരണമായോ കാണുന്നതാണ് പ്രശ്നം. എല്ലാറ്റിന്റെയും കേന്ദ്രവും അളവുകോലും താൻ തന്നെയാണെന്ന മിഥ്യാബോധമാണ് മനുഷ്യനുള്ളത്. ഇത്തരം വികലമായ ചിന്താശൈലിയിൽനിന്നും ജീവകേന്ദ്രിതമായ ഒരു ചിന്താപദ്ധതിയിലേക്ക് നാം ചുവടുമാറ്റം നടത്തേണ്ടിയിരിക്കുന്നു. സൃഷ്ടപ്രപഞ്ചത്തിന്റെ ആന്തരികസന്തുലനാവസ്ഥയെ എല്ലാവരും ബഹുമാനിക്കണം. പ്രകൃതി തൊട്ടുകൂടാനാവാത്ത പൂജ്യവസ്തുവോ യഥേഷ്ടം ദുരുപയോഗിക്കാവുന്ന സാധനമോ അല്ല. “ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴ്പ്പെടുത്തുക” എന്ന ദൈവകല്പന തെറ്റായി വ്യാഖ്യാനിക്കപ്പെട്ടു എന്നതിൽ സംശയമില്ല. മറ്റു ജീവജാലങ്ങളുടെ ആത്മസാക്ഷാത്കാരവും സംരക്ഷണവും ഉറപ്പാക്കാനുള്ള ഉത്തരവാദിത്വമാണ് യഥാർത്ഥത്തിൽ ദൈവം മനുഷ്യനു നൽകിയത്. ദൈവം എല്ലാവർക്കും - വരും തലമുറകൾക്കും - ആയി നൽകിയിട്ടുള്ള വിഭവങ്ങളുടെ നല്ല കാര്യസ്ഥനാകാനാണ് മനുഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നത്. കീഴടക്കുക അഥവാ ഭരിക്കുക എന്നതിന് നശിപ്പിക്കുക എന്ന അർത്ഥമില്ല. വിഭവങ്ങളെല്ലാം ഊറ്റിയെടുത്ത ഒരു ഭൂമിയെ അല്ല വരുംതലമുറയ്ക്കു നൽകേണ്ടത്. ചിതറിക്കിടക്കുന്ന അവശിഷ്ടങ്ങളുടെ കൂമ്പാരമായി പ്രകൃതിയെ തരംതാഴ്ത്തുന്നത് വലിയ തിന്മയുമാണ്.

പരിശുദ്ധ ബനഡിക്ട് പതിനാറാമൻ തന്റെ ‘സത്യത്തിൽ സ്നേഹം’ എന്ന ചാക്രികലേഖനത്തിൽ പരിസ്ഥിതി വിഷയം ആഴത്തിൽ കൈകാര്യം ചെയ്യുന്നുണ്ട് (No. 48-52). “മനുഷ്യന് സ്വന്തം ഇഷ്ടപ്രകാരം കൈകാര്യം ചെയ്യാവുന്ന ഒരു അസംസ്കൃതവസ്തുവല്ല പ്രകൃതി, വിവേകപൂർവ്വകമായ ഉപയോഗത്തിനാവശ്യമായ ഒരു ‘ഗ്രാമർ’ തന്നെയും ഉൾക്കൊള്ളുന്ന സ്രഷ്ടാവിന്റെ വിസ്മയകരമായ കരവേലയാണ് പ്രകൃതി. അതിനെ കരുതലില്ലാതെ ചൂഷണം ചെയ്യരുത് (48).

നാം പ്രധാനമായും മനസ്സിലാക്കേണ്ട ഒരു യാഥാർത്ഥ്യം പരിസ്ഥിതിപ്രശ്നം ഒരു സാങ്കേതികപ്രശ്നമല്ല. അതുകൊണ്ടുതന്നെ ഈ പ്രശ്നത്തിന് സാങ്കേതികപ്രതിവിധികളുമില്ല. ഇത് അടിസ്ഥാനപരമായും ഒരു ധാർമ്മികപ്രശ്നമാണ്. ധാർമ്മികമായ പ്രതിവിധികളാണ് ആവശ്യം. ഒരു പാരിസ്ഥിതിക മനഃപരിവർത്തനത്തിനു മാത്രമേ ഈ പ്രതിസന്ധിയിൽനിന്നു നമ്മെ സംരക്ഷിക്കാനാവൂ. അതിനാൽ പാരി



സ്ഥിതികപരിവർത്തനമാണ് ഇന്നിന്റെ ആവശ്യം. മനുഷ്യവ്യക്തിയേക്കാൾ പ്രകൃതിക്ക് പ്രാധാന്യം കൊടുക്കുന്ന സമീപനങ്ങളും ശരിയല്ല. മനുഷ്യനെ ഇകഴ്ത്തുകയും പ്രകൃതിയെ പുകഴ്ത്തുകയും ചെയ്യുന്ന ശൈലികൾക്ക് ശാശ്വതസ്വഭാവം ആർജ്ജിക്കാനാവില്ല. മാറ്റം വരേണ്ടത് മനുഷ്യന്റെ മനസ്സിനാണ്. പരിസ്ഥിതിപ്രശ്നം മനുഷ്യമനസ്സിന്റെ പ്രശ്നം തന്നെയാണ്. പരിസ്ഥിതിവിജ്ഞാനീയം ഒരു ആനുകാലിക വിഷയവുമല്ല. അതിലെ ചില പ്രതിസന്ധികൾ മാത്രമാണ് ആധുനികം. അതിനാൽ ആധികാരികമായ ഒരു മനുഷ്യപരിസ്ഥിതി വിജ്ഞാനീയത്തിനു (Human Ecology) രൂപം നൽകുക മാത്രമാണ് പ്രകൃതി പരിസ്ഥിതി വിജ്ഞാനീയത്തിലെ പ്രതിസന്ധികൾ പരിഹരിക്കാനുള്ള ഏക മാർഗ്ഗം. വി. ഗ്രന്ഥം നിറയെ ഈ മനുഷ്യപരിസ്ഥിതിവിജ്ഞാനീയ ചിന്തകളുണ്ട്. ഈശോ മനുഷ്യനെക്കുറിച്ച് പഠിപ്പിച്ചത് പ്രകൃതിയാകുന്ന പുസ്തകം ഉപയോഗിച്ചുകൊണ്ടാണ്. ബൈബിളിൽ ദൈവശാസ്ത്രത്തിൽ, ആദ്ധ്യാത്മികതയിൽ, ധാർമ്മികതയിൽ ഒക്കെ ഒരു പരിസ്ഥിതിപക്ഷവായന നടത്തിയവരാണ് ആദിമസഭയിലെ മാർ അപ്രേം, നർസേ, ഇരണേവൂസ്, ആഗസ്തീനോസ്, അംബ്രോസ്, ക്രിസോസ്തോം തുടങ്ങിയവർ. പിന്നീട് ജോൺ ഡമഷീനും അതിനുശേഷം അസ്സീസിയിലെ ഫ്രാൻസീസും വിശുദ്ധ ഗ്രന്ഥത്തിനു പരിസ്ഥിതിപക്ഷവ്യാഖ്യാനം നൽകിയപ്പോൾ സൃഷ്ടവസ്തുക്കളെല്ലാം ദൈവത്തിന്റെ പ്രതിഫലനങ്ങളായിട്ടും നന്മയുടെ വാഹകരായിട്ടും അവർക്കു കാണാൻ കഴിഞ്ഞു. ഈ അടിസ്ഥാന മനുഷ്യപരിസ്ഥിതി ചിന്തയാണ് പരിശുദ്ധ ബനഡിക്ട് പിതാവ് ഇന്ന് ആധുനികലോകത്തെ പഠിപ്പിക്കുന്നത്. “സഭയ്ക്ക് സൃഷ്ടപ്രപഞ്ചത്തോട് വലിയ ഉത്തരവാദിത്വമുണ്ട്. പൊതുസമൂഹത്തിനു മുമ്പിൽ അത് വിളിച്ചുപറയണം. അതുവഴി വെള്ളം, വായു, ഭൂമി എന്നിവയെ സംരക്ഷിക്കുക മാത്രമല്ല, മനുഷ്യവംശത്തെ സ്വയം നാശത്തിൽനിന്നു രക്ഷിക്കുന്നു. ഇവിടെ ആവശ്യം ഒരു മനുഷ്യപരിസ്ഥിതിവിജ്ഞാനീയമാണ്. മനുഷ്യസഹവർത്തിത്വത്തിന് രൂപം നൽകുന്ന സംസ്കാരത്തോട് ആഴമായി ബന്ധപ്പെട്ടു നിൽക്കുന്നതാണ് പ്രകൃതിയുടെ അധഃപതനം. എവിടെ മനുഷ്യപരിസ്ഥിതി ആദരിക്കപ്പെടുന്നുവോ അവിടെ പ്രകൃതി പരിസ്ഥിതിയും ആദരിക്കപ്പെടും” (സത്യത്തിൽ സ്നേഹം, 51). അതായത് മനുഷ്യവ്യക്തിത്വത്തിന്റെയും ജീവന്റെയും മൂല്യത്തെ വിലമതിക്കാൻ സാധിക്കാത്ത ഒരു ലോകത്തിന് മറ്റു ജീവജാലങ്ങളോടും ഭൂമിയോടു തന്നെയുമുള്ള മൂല്യാധിഷ്ഠിത താൽപര്യങ്ങൾ നഷ്ടപ്പെടുമെന്നതിൽ സംശയം വേണ്ട.

മനുഷ്യജീവനോടുള്ള അനാദരവുവഴി മനുഷ്യരുടെ സന്തുലിതാവസ്ഥ തെറ്റി. "സ്വാതന്ത്രമായ ജീവിതത്തിനും സ്വാഭാവികമായ മരണത്തിനുമുള്ള അവകാശം ഹനിക്കപ്പെടുകയും ഗർഭധാരണവും ജനനവുമെല്ലാം കൃത്രിമമാക്കുകയും മനുഷ്യഭ്രൂണങ്ങൾ ഗവേഷണങ്ങൾക്കായി ബലികഴിക്കപ്പെടുകയും ചെയ്യുമ്പോൾ അവിടെ സമൂഹ മനസ്സാക്ഷിക്ക് നഷ്ടമാകുന്നത് മനുഷ്യപരിസ്ഥിതിയും പ്രകൃതിപരിസ്ഥിതിയുമാണ് (51). വരുംതലമുറ പ്രകൃതിയെ ബഹുമാനിക്കണമെന്ന് ശാഠ്യത്തോടെ പ്രബോധനം നൽകുമ്പോഴും അതിന്റെ കേന്ദ്രസ്ഥാനത്തു നിൽക്കുന്ന മനുഷ്യനെ വേണ്ടരീതിയിൽ പരിഗണിക്കുന്നില്ല. നമ്മുടെ ബോധനരീതികളും നിയമങ്ങളും സ്വയം ബഹുമാനിക്കുവാനും പരസ്പരം ബഹുമാനിക്കുവാനും അവരെ സഹായിക്കുന്നില്ല. വളരെ വ്യക്തമായ ഒരു വിരോധാഭാസത്തിൽ നിന്നുകൊണ്ടാണ് പലപ്പോഴും പരിസ്ഥിതിവിജ്ഞാനീയപ്രബോധനങ്ങൾ നൽകുന്നത്. മനുഷ്യന്റെ നേർക്കുള്ള കടമകളും ഉത്തരവാദിത്വങ്ങളും ചവിട്ടിമെതിച്ചുകൊണ്ട് പ്രകൃതിയുടെ നേർക്കുള്ള ഉത്തരവാദിത്വങ്ങളെല്ലാം നിറവേറ്റണമെന്നു പറയുന്നതിൽ അർത്ഥമില്ല. മനുഷ്യവ്യക്തിയെ ഇകഴ്ത്തുന്ന ഒരു നിലപാടും ശരിയല്ല. ജീവനും ലൈംഗികതയും വിവാഹവും കുടുംബവും സാമൂഹികബന്ധങ്ങളും ദൈവവിചാരവുമെല്ലാം അവഗണിച്ചുകൊണ്ടുള്ള ഒരു പരിസ്ഥിതിവിജ്ഞാനീയം വെറും പൊള്ളയാണ്. പരിസ്ഥിതിയെ സംരക്ഷിക്കേണ്ട മനുഷ്യമനസ്സിന്റെ സമനിലയെ പരിരക്ഷിക്കുന്ന മൂല്യങ്ങൾക്കാണ് ആദ്യം ഊന്നൽ നൽകേണ്ടത്. ഒരു ആധികാരികമായ ഹ്യൂമൻ ഇക്കോളജിക്കു മാത്രമേ പരിസ്ഥിതി വിജ്ഞാനീയത്തിൽ സത്ചിന്തകൾ പകരാൻ പറ്റൂ. മനുഷ്യമഹത്വം നിഷേധിച്ചുകൊണ്ട് പ്രകൃതിയുടെ മഹത്വം ഉയർത്താൻ പറ്റില്ല. അതിനാൽ ഒരു പാരിസ്ഥിതിക പരിവർത്തനമാണ് ഇന്നിന്റെ ആവശ്യം. ലക്ഷ്യം വലുതായാലേ നേട്ടവും വലുതാകൂ.

●



# ബൈബിൾ കൺവൻഷൻ

## കുമ്പസാരം

**ബൈബിൾ കൺവൻഷന്റെ ദിവസങ്ങളിലെ കുമ്പസാരത്തിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന വൈദികരുടെ പേരും സമയവിവരങ്ങളും താഴെ ചേർക്കുന്നു. ബഹു. വൈദികർ സദയം സഹകരിക്കണമെന്ന് താൽപര്യപ്പെടുന്നു.**

**വെരി. റവ. ഫാ. ജോസഫ് കുഴിഞ്ഞാലിൽ**
**(പാസ്റ്ററൽ കോർഡിനേറ്റർ)**

## December 20 sunday

| 10.30 AM - 12.30 PM | 2.00 - 4.00 PM |
|---|---|
| 1 Rev.Fr. Njarakkattu Joseph | 1 V Rev. Fr. Poovathumkal Joseph |
| 2 Rev.Fr Kavanadymala Mathew | 2 V Rev. Fr.Narithookkil Kuriakose |
| 3 Rev.Fr. Oozhackal Mathew | 3 Rev. Fr.Nadackal Antony |
| 4 Rev.Fr. Pulavelil Joseph (Sr.) | 4 Rev. Fr. Kavumpuram Joseph |
| 5 Rev.Fr. Pulavelil Joseph (Jr.) | 5 Rev. Fr. Mulangattil George |
| 6 Rev.Fr. Pandaraparambil Jacob | 6 Rev. Fr. Paraplackal Francis |
| 7 Rev.Fr. Mangalathil James | 7 Rev. Fr. Pattathil Sebastian |
| 8 Rev.Fr. Ambazhathumkal Mathew | 8 Rev. Fr. Narikkattu Michael |
| 9 Rev.Fr. Kuttiankal Joseph | 9 Rev. Fr. Cherukarakunnel Sebastian |
| 10 Rev.Fr. Koottyani Augustine | 10 Rev. Fr. Vadakkemangalam Joseph |
| 11 Rev.Fr. Mylaparambil Joseph | 11 Rev. Fr. Parathotty Mathew |
| 12 Rev.Fr. Mannoor Thomas | 12 Rev. Fr. Mandapathil George |
| 13 Rev.Fr. Kollamparambil Sebastian | 13 Rev. Fr. Mannoor Sebastian |
| 14 Rev.Fr. Enthanal Jose | 14 Rev. Fr. Chollanal George |
| 15 Rev.Fr. Kizhakke Aranjani Mathew | 15 Rev. Fr. Pallackal Joseph |
| 16 Rev.Fr. Valummel Thomas | 16 Rev. Fr. Maniangattu Thomas |
| 17 Rev.Fr. Naduthadam Sebastian | 17 Rev. Fr. Erimattom Abraham |

18 Rev.Fr. Edayal Thomas
19 Rev.Fr. Panthalani Mathew
20 Rev.Fr. Vattappalam Michael
21 Rev.Fr. Vellamaruthumkal Jacob
22 Rev.Fr. Moolayil Thomas
23 Rev.Fr. Thadom Kurian
24 Rev.Fr. Vethanam Sebastian
25 Rev.Fr. Kakkallil Jose

18 Rev. Fr. Kunnappally Jose
19 Rev. Fr. Kizhakkeparambil Michael
20 Rev. Fr. Kurisummoottil Mathew
21 Rev. Fr. Olickal Alexander
22 Rev. Fr. Kalekattil Thomas
23 Rev. Fr. Illimoottil Thomas
24 Rev. Fr. Poovathumkal Jose

**06.00 - 08.30 PM**

1 V Rev. Fr. Niravathu George
2 V Rev. Fr. Pampara Joseph
3 Rev. Fr. Keeranchira Jose
4 Rev. Fr. Peedikamalayil Augustine
5 Rev. Fr. Cheruvalli Kizhakkel Thomas
6 Rev. Fr. Thottumkal Thomas
7 Rev. Fr. Vettukallel James
8 Rev. Fr. Pullattu Thomas
9 Rev. Fr. Ouseparambil Michael
10 Rev. Fr. Vadakkenellikattil Joseph
11 Rev. Fr. Kadalikattil Mathew
12 Rev. Fr. Vadakkekara Michael

13 Rev. Fr. Nirappel Cyriac
14 Rev. Fr. Madathikunnel Joseph
15 Rev.Fr.Thekkumcherikunnel Sebastian
16 Rev. Fr. Varickamackal Kurian
17 Rev. Fr. Cheeramkuzhy Michael
18 Rev. Fr. Vettukallel George
19 Rev. Fr. Vennaippally James
20 Rev. Fr. Kochukaippettiyel Cyriac
21 Rev. Fr. Keeppally Joseph
22 Rev. Fr. Chencherril Sebastian
23 Rev. Fr. Parakandathil Thomas
24 Rev. Fr.Polachira Kunnumpurath George

## December 21 Monday

**10.30 AM - 12.30 PM**

1 V Rev. Fr. Maleprambil Joseph
2 Rev. Fr. Kollithanathumalayil Abraham
3 Rev. Fr. PuthenpurackalMathew
4 Rev. Fr. Perumattom Augustine
5 Rev. Fr. Thadathil Joseph
6 Rev. Fr. Nadackal Thomas
7 Rev. Fr. Puthiyathu Joseph
8 Rev. Fr. Parekunnel Thomas

**2.00 - 4.00 PM**

1 Rev. Fr. Parackal Thomas
2 Rev. Fr. Attappattu Zacharias
3 Rev. Fr. Vettathel Jose
4 Rev. Fr. Kizhakke Aranjaniyil George
5 Rev. Fr. Kudilil James
6 Rev. Fr. Valiyaveettil kalapura Sebastian
7 Rev. Fr. Vadakkekuttu Jose
8 Rev. Fr. Puthiyidathu Joseph



9 Rev. Fr. Madathikunnel Paul
10 Rev. Fr. Purayidom Thomas
11 Rev. Fr. Padannamackal Joseph (Sr)
12 Rev. Fr. Ancheril Jose
13 Rev. Fr.Moothedom Mathew
14 Rev. Fr. Kariappuram Joseph
15 Rev. Fr. Pazheparambil Sebastian
16 Rev. Fr. Kizhakkekollithanam Joseph
17 Rev. Fr. Vadakkumukulayil Thomas
18 Rev. Fr. Kottaram Michael
19 Rev. Fr.Thondamkuzhy Mathew
20 Rev. Fr. Vellaringattu Kurian
21 Rev. Fr. Maniangattu Zacharias
22 Rev. Fr.Chandrankunnel Mathew
23 Rev. Fr. Chackalayil Thomas
24 Rev. Fr. Munduvalayil Mathew
25 Rev. Fr. Pezhumkattil Abraham

9 Rev. Fr. Chackalackal Joseph
10 Rev. Fr. Ettuparayil Sebastian
11 Rev. Fr. Paruammel Joseph
12 Rev. Fr. Kuruvila Thudiyanplackal
13 Rev. Fr. Pazheparambil George
14 Rev. Fr. Maprakarottu Sebastian
15 Rev. Fr. Thadathil Cyriac
16 Rev. Fr. Chillackal Thomas
17 Rev. Fr. Elambasseril George
18 Rev. Fr. Pullukalayil George
19 Rev. Fr. Aranjani Puthenpura Augustine
20 Rev. Fr. Vazhacharickal Thomas
21 Rev. Fr. Kuppupuzhackal Abraham
22 Rev. Fr. Punnaplackal Joseph
23 Rev. Fr. Njarakunnel George Varghese
24 Rev. Fr. Chellamthara Thomas
25 Rev. Fr. Edayodiyil George

**06.00 - 08.30 PM**

1 V Rev. Fr. Puthenpura Joseph
2 Rev. Fr. Pathickaputhenpurayil Kuriakose
3 Rev. Fr. Puthettu Cyriac
4 Rev. Fr. Parekkattu Emmanuel
5 Rev. Fr. Kottarathil Emmanuel
6 Rev. Fr. Vattappalam Devasiachen
7 Rev. Fr. Thakidiyel Abraham
8 Rev. Fr. Kunnackkattu Joby
9 Rev. Fr. Porunnolil James
10 Rev. Fr. Ettumanoorkaran Alwin
11 Rev. Fr. MadathiparambilThomas
12 Rev. Fr. Parekunnel George
13 Rev. Fr. Kappil Joseph

14 Rev. Fr. Kalachira Thomas
15 Rev. Fr. Palakkathadathil Abraham
16 Rev. Fr. Madukkavil George
17 Rev. Fr. Arackal Joseph
18 Rev. Fr. Malayil Joseph
19 Rev. Fr. Thanninilkumthadathil Thomas
20 Rev. Fr. Parambithadom George
21 Rev. Fr. Vellachalil Kuriakose
22 Rev. Fr. Kulamackal Abraham
23 Rev. Fr. Brahamanavelil Thomas
24 Rev. Fr. Kappiliparambil Kuriakose
25 Rev. Fr. Thengumpally Joseph (Jr.)

## December 22 Tuesday

| 10.30 AM - 12.30 PM | 2.00 - 4.00 PM |
|---|---|
| 1V Rev. Fr. Moolekunnel Alexander | 1.V.Rev. Fr. Njarakunnel George |
| 2V Rev. Fr. Olickal Thomas | 2 V Rev. Fr. Kozhuppenkutty Augustine |
| 3Rev. Fr.Puthiyaparambil George | 3 Rev.Fr. Kumminiyil Joseph |
| 4Rev. Fr. Kochuparambil Joseph | 4 Rev. Fr. Tharappell Joseph |
| 5Rev. Fr. Vettukallel Mathew | 5 Rev. Fr.Mannukusumbil George |
| 6Rev. Fr. Vanchipurackal George | 6 Rev. Fr.Moolechalil George |
| 7Rev. Fr.Kattackal James | 7 Rev. Fr. Mampallikunnel Sebastian |
| 8Rev. Fr. Alappattukunnel Sebastian | 8 Rev. Fr. Kachiramattam Austine |
| 9Rev. Fr. Kottayil Kurian | 9 Rev. Fr. Peedikayil Mathew |
| 10 Rev .Fr.Padickakuzhuppil Sebastian | 10 R ev. Fr. Vettukallel Sebastian |
| 11 Rev. Fr. PottenkulamJacob | 11 Rev. Fr. Pariyathu Joseph |
| 12 Rev. Fr.Naduviledom Paul | 12 Rev. Fr. Kallarackal Martin |
| 13 Rev. Fr. Padannamackal Joseph (Sr.) | 13 Rev. Fr. Vettukattil Thomas |
| 14 Rev. Fr. Naduvilekkuttu Joseph | 14 Rev. Fr. Kochumuryil Joseph |
| 15 Rev. Fr. Kalayil Kurian | 15 Rev. Fr. Vayalil James |
| 16 Rev. Fr. Illimoottil Mathew | 16 Rev. Fr. Muricken Jacob |
| 17 Rev. Fr. Varickamackal Emmanuel | 17 Rev. Fr. Oozhackal Mathew |
| 18 Rev. Fr. Palliparambil George | 18 Rev. Fr. Pulavelil Joseph(Sr.) |
| 19 Rev. Fr. Plathottom George | 19 Rev . Fr. Narively Mathew |
| 20 Rev. Fr. Mattappally Mathew | |

**06.00 - 08.30 PM**

| | |
|---|---|
| 1V Rev.Fr. Potheettel John | 11 Rev.Fr. Moosariparambil Mathew |
| 2V Rev.Fr. Mundumoozhikara Sebastian | 12 Rev.Fr. Cherukarakunnel Joseph |
| 3Rev. Fr. Ammanathukunnel Joseph | 13 Rev.Fr. Vilakunnel Joseph |
| 4Rev. Fr. Thelly Joseph | 14 Rev.Fr. Puzhakkara Sebastian |
| 5Rev. Fr. Varakukalaparambil George | 15 Rev.Fr. Alencherry Joseph |
| 6Rev. Fr. Vengathanam Andrews | 16 Rev.Fr. Narithookil Joseph |
| 7Rev. Fr. Thannipara Thomas | 17 Rev.Fr. Malamackal Scaria |
| 8Rev. Fr. Vadakkel Jacob | 18 Rev.Fr. Kavumpurathu George |
| 9Rev. Fr. Vekathanam Scaria | 19 Rev.Fr. Njarakkattu Joseph |
| 10 Rev.Fr. Ennackapally Mathew | 20 Rev.Fr. Kavanadymala Mathew |



# പൗരോഹിത്യ ആദ്ധ്യാത്മിക ധ്യാനചിന്തകൾ

**ഫാ. മാത്യു വെള്ളാനിക്കൽ**

## *മിശിഹായും സുവിശേഷവും*

### *(തിരുവചനഭാഗം ഫിലിപ്പി 1:1-30)*

മംഗളവാർത്തക്കാലം മിശിഹായുടെ മനുഷ്യാവതാരരഹസ്യം അനുസ്മരിക്കുന്ന കാലഘട്ടമാണല്ലോ. ദൈവം തന്റെ വാസസ്ഥലമായി മനുഷ്യശരീരം സ്വീകരിച്ച സംഭവത്തിന്റെ അനുസ്മരണം മനുഷ്യനിൽ വസിക്കാനുള്ള ദൈവത്തിന്റെ ആഗ്രഹത്തേയും, പദ്ധതിയേയും ഓർമ്മിപ്പിക്കുന്നതാണ്. ഈ ആഗ്രഹത്തിന്റെ പൂർത്തീകരണത്തിലേക്ക് വിരൽചൂണ്ടുന്നതാണ് വി. പൗലോസ് ശ്ലീഹായുടെ മിശിഹാനുഭവം. "എനിക്കു ജീവിതം മിശിഹായും മരണം നേട്ടവുമാകുന്നു" (ഫിലിപ്പി 1:21) എന്ന ശ്ലീഹായുടെ വാക്കുകൾ ഈ ദൈവപദ്ധതിയുടെ തന്നിലുള്ള പൂർത്തികരണത്തിന്റെ പ്രതീകമാണ്.

ഫിലിപ്പിയിലെ പ്രാദേശികസഭ വി. പൗലോസിന്റെ യൂറോപ്യൻ പ്രേഷിതപ്രവർത്തനത്തിന്റെ ആദ്യവേദിയാണ്. താൻ പ്രസംഗിച്ചതിൽനിന്നും വ്യത്യസ്തമായി സുവിശേഷം പ്രസംഗിക്കുന്നവർ സഭയിൽ സൃഷ്ടിക്കുന്ന വിഭജനമാണ് ഈ ലേഖനമെഴുതുന്നതിന് പശ്ചാത്തലമൊരുക്കിയത്. സുവിശേഷത്തെപ്രതി തടങ്കലിൽ കഴിയേണ്ടി വന്ന ഒരു സാഹചര്യത്തിലാണ് ഈ കത്തെഴുതിയത്. ജീവിതസഹനങ്ങൾ സുവിശേഷാനുസൃതജീവിതത്തിന്റെ ഭാഗമാണെന്ന കാഴ്ചപ്പാടും ഈ ലേഖനത്തിന്റെ സവിശേഷതയാണ്.

**1. സഭ വിശുദ്ധരുടെ കൂട്ടായ്മ**

"ഈശോമിശിഹായുടെ ദാസരായ പൗലോസും തിമോത്തിയോസും, ഫിലിപ്പിയിലെ മെത്രാന്മാരും, ഡീക്കന്മാരും ഉൾപ്പെടെ ഈശോമിശിഹായിലുള്ള സകല വിശുദ്ധർക്കും എഴുതുന്നത്" (വാക്യം 1).

തന്റെ ലേഖനങ്ങളിലെല്ലാം വി. പൗലോസ് ശ്ലീഹാ സഭാംഗങ്ങളെ വിശുദ്ധർ എന്നാണ് സംബോധന ചെയ്യുക. എല്ലാ മനുഷ്യർക്കും നൽക

പ്പെട്ടിരിക്കുന്ന വിശുദ്ധിയിലേയ്ക്കുള്ള വിളി യാഥാർത്ഥ്യമാകുന്ന വേദിയാണ് സഭ. ദൈവം മാത്രമാണ് പരിശുദ്ധൻ. മനുഷ്യൻ പാപിയും ബലഹീനനുമാണ്. എന്നാൽ പാപിയായ മനുഷ്യനെ പരിശുദ്ധനായ ദൈവം തന്റെ സ്വന്തമായി മാറ്റിവയ്ക്കുമ്പോൾ മനുഷ്യൻ പരിശുദ്ധനാകുന്നു. 'വിശുദ്ധീകരിക്കുക' എന്ന വാക്കിന്റെ ഗ്രീക്കുപദം 'ഹഗിയാൻസോ' അഥവാ 'വേർതിരിക്കുക' എന്നാണ്. വിശുദ്ധനുവേണ്ടി മാറ്റിവയ്ക്കപ്പെടുന്നതെന്തോ അതു വിശുദ്ധമാകുന്നു. മാമ്മോദീസായിൽ നാം പരിശുദ്ധനായ ദൈവത്തിനുവേണ്ടി മാറ്റിവയ്ക്കപ്പെടുന്നതുകൊണ്ട് പാപികളാണെങ്കിലും നാം പരിശുദ്ധരാകുന്നു. മാറ്റിവയ്ക്കുന്നത് ദൈവം തന്നെയായതുകൊണ്ട് വിശുദ്ധി ദൈവത്തിന്റെ ഒരു ദാനമാണ്. അതേസമയം നാം പാപികളായതുകൊണ്ട് വിശുദ്ധി ഒരു 'വിളിയുമാണ്.' പരിശുദ്ധനായ ദൈവത്തിനുവേണ്ടി മാറ്റിവയ്ക്കപ്പെട്ടവരെന്നനിലയിൽ പരിശുദ്ധരായി ജീവിക്കുവാനുള്ള ഒരു വിളിയും നമുക്കുണ്ട്. 'നിങ്ങളെ വിളിച്ചവൻ പരിശുദ്ധനായിരിക്കുന്നതുപോലെ എല്ലാ പ്രവൃത്തികളിലും നിങ്ങളും പരിശുദ്ധരായിരിക്കുവിൻ' (1 പത്രോസ് 1:15).

മിശിഹായിലുള്ള ജീവിതമാണ് വിശുദ്ധി. അത് സഭാജീവിതവുമാണ്. മാമ്മോദീസായിലൂടെയാണല്ലോ നാം മിശിഹായോട് ഒന്നായിത്തീരുന്നത്. "നമ്മളെല്ലാവരും ഒരേ ആത്മാവിൽ ഏകശരീരമാകാൻ ജ്ഞാനസ്നാനമേറ്റു" (1 കൊറി. 12:13). പരിശുദ്ധനായ മിശിഹായുടെ ശരീരമാണല്ലോ സഭ. അതുകൊണ്ട് സഭയുടെ അംഗത്വത്തിലൂടെയും, സഭാജീവിതത്തിലൂടെയുമാണ് നാം പരിശുദ്ധരാകുന്നത്. പലരും വിശുദ്ധിയെ വെറും വ്യക്തിഗതമായി മാത്രം കാണുകയും സാന്മാർഗ്ഗികപുണ്യങ്ങൾ വീരോചിതമായി ജീവിക്കുന്നതിലാണ് വിശുദ്ധി അടങ്ങിയിരിക്കുന്നതെന്ന് വിശ്വസിക്കുകയും ചെയ്യുന്നു. ഇത് തിരുത്തപ്പെടേണ്ട ഒരു കാഴ്ചപ്പാടാണ്. നമ്മുടെ വിശുദ്ധി പരിശുദ്ധനായ മിശിഹായോട്, മിശിഹായുടെ ശരീരമായ സഭയോട് ഐക്യപ്പെട്ടു ജീവിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്. സഭയുടെ കൂദാശകൾ മിശിഹായുടെ പ്രവർത്തികളാണ്. അവയിലൂടെ മിശിഹാ നിർവ്വഹിക്കുന്ന വിശുദ്ധീകരണ പ്രവർത്തനത്തോട് നാം സജീവമായി ഉൾച്ചേർന്നുകൊണ്ട് ജീവിക്കുമ്പോഴാണ് നാം വിശുദ്ധി പ്രാപിക്കുന്നത്.

**2. ശ്ലൈഹികശുശ്രൂഷയിലുള്ള കൂട്ടായ്മ**

വിശുദ്ധരുടെ കൂട്ടായ്മയായ സഭയുടെ അവശ്യഘടകമാണ് ശ്ലൈഹി



കശുശ്രൂഷ. ശ്ലൈഹികശുശ്രൂഷയിലൂടെയാണ് മിശിഹായുടെ വിശുദ്ധീകരണപ്രവർത്തനം സഭയിൽ സാധ്യമാകുന്നത്. അതുകൊണ്ടാണ് 'ഈശോ മിശിഹായുടെ ദാസന്മാരായ പൗലോസും തിമോത്തിയോസും, ഫിലിപ്പിയിലെ മെത്രാന്മാരും ഡീക്കന്മാരും ഉൾപ്പെടെ... സകലവിശുദ്ധർക്കും' എന്ന് എഴുതുന്നത്. മിശിഹായുടെ ശുശ്രൂഷയാണ് പൗലോസിന്റെയും തിമോത്തിയുടെയും ശ്ലൈഹികശുശ്രൂഷയെന്നും അതിന്റെ തുടർച്ചയാണ് മെത്രാന്മാരിലും ഡീക്കന്മാരിലും കാണേണ്ടതെന്നും ഇത് വ്യക്തമാക്കുന്നു. സഭയിലെ പൗരോഹിത്യശുശ്രൂഷയുടെ പ്രാധാന്യവും സ്വഭാവവും ഇവിടെ ഊന്നിപ്പറയുകയാണ്. സഭയിൽ പൗരോഹിത്യപദവികൾ ശ്ലൈഹികകൈവയ്പിലൂടെ നൽകപ്പെടുന്നുവെന്നും പൗരോഹിത്യശുശ്രൂഷയിലൂടെ മിശിഹായിലുള്ള വിശുദ്ധരുടെ കൂട്ടായ്മ ഊട്ടി ഉറപ്പിക്കപ്പെടുന്നുവെന്നും ഇത് വ്യക്തമാക്കുന്നു.

വി. പൗലോസ് എഴുതുന്ന ലേഖനം തന്റെ സഹപ്രവർത്തകനായ തിമോത്തിയോസും ചേർന്ന് എഴുതുന്നു എന്നു പറയുന്നത്, പൗലോസിന് സഹപ്രവർത്തകനോടുള്ള പരിഗണനയുടെ സൂചനയാണ്. സഭയിൽ ശ്ലൈഹികശുശ്രൂഷ അഥവാ പുരോഹിതശുശ്രൂഷ നിർവ്വഹിക്കുന്നവർ സഹപ്രവർത്തകരോട് കാണിക്കേണ്ട പരിഗണനയുടെയും ബഹുമാനത്തിന്റെയും ആവശ്യകതയാണ് ഇവിടെ എടുത്തുകാണിക്കുന്നത്. ഈ പരിഗണനയും ആദരവും ഉൽഭവിക്കുന്നത് ഈശോമിശിഹായുടെ ദാസത്വം ജീവിക്കുന്നതിൽനിന്നുമാണ്. പുരോഹിതശുശ്രൂഷയിൽ പങ്കുചേരുന്നവരെല്ലാം ഒരേ മിശിഹായുടെ ദാസന്മാരാണ് എന്ന അവബോധമാണ് സഹപ്രവർത്തകരോട് ഐക്യവും സ്നേഹവും ആദരവും പുലർത്തുവാൻ നമ്മെ പ്രേരിപ്പിക്കേണ്ടത്.

**3. കൃതജ്ഞതയും പ്രാർത്ഥനയും**

"ഞാൻ നിങ്ങളെ ഓർമ്മിക്കുമ്പോഴെല്ലാം എന്റെ ദൈവത്തിനു നന്ദി പറയുന്നു. എപ്പോഴും എന്റെ എല്ലാ പ്രാർത്ഥനകളിലും നിങ്ങൾക്കെല്ലാവർക്കുംവേണ്ടി സന്തോഷത്തോടെ യാചിക്കുന്നു" (വാ. 3-4).

പ്രാർത്ഥന പൗലോസ് ശ്ലീഹായുടെ സുവിശേഷപ്രഘോഷണത്തിന്റെ ഒരു അഭേദ്യഘടകമായിരുന്നു. പുതിയ നിയമത്തിലെ 'പ്രാർത്ഥനയുടെ മനുഷ്യൻ' എന്ന അപരനാമമുള്ള വ്യക്തിയാണ് വി. പൗലോസ്. അദ്ദേഹത്തിന്റെ എല്ലാ ലേഖനങ്ങളിലും പ്രാർത്ഥനയെക്കുറിച്ച് പരാമർശമുണ്ട്. തന്റെ ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാവരേയും

ഓർത്തും എല്ലാവർക്കുംവേണ്ടിയും പ്രാർത്ഥിക്കുന്ന ഒരു ശൈലിയായിരുന്നു വി. പൗലോസിന്റേത്. പ്രാർത്ഥന അതിൽതന്നെ ഒരു ശുശ്രൂഷയാണ്. അജപാലന ശുശ്രൂഷ എന്നു പറയുമ്പോൾ പലരും പ്രവർത്തനങ്ങളെക്കുറിച്ചാണ് ചിന്തിക്കാറുള്ളത്. എന്നാൽ പ്രാർത്ഥന അജപാലനശുശ്രൂഷയുടെ തന്നെ ഒരു ഭാഗമാകണം. അജപാലനപ്രവർത്തനങ്ങൾ ഫലമണിയാൻതന്നെ പ്രാർത്ഥന ആവശ്യമാണ്. എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുന്നു എന്നതിന്റെ അർത്ഥം എല്ലാവരേയും, ശത്രുമിത്രഭേദമെന്യേ സ്നേഹിക്കുന്നുവെന്നാണ്. അജപാലനസ്നേഹത്തിൽ വളരുവാൻ പ്രാർത്ഥന നമ്മെ സഹായിക്കും. പൗലോസ് ശ്ലീഹായുടെ പ്രാർത്ഥനകളിലെല്ലാം മുന്തി നില്ക്കുന്നത് കൃതജ്ഞതയുടെയും യാചനയുടെയും രൂപങ്ങളാണ്. പ്രാർത്ഥനകളിൽ ഏറ്റവും ശ്രേഷ്ഠമായ രൂപമാണ് കൃതജ്ഞത. ഈശോയുടെ പ്രാർത്ഥനകളിൽ കൃതജ്ഞതാ പ്രാർത്ഥനയ്ക്ക് വലിയ സ്ഥാനമുണ്ടായിരുന്നു (ലൂക്കാ 10:21) ദൈവ ഐക്യത്തിൽ ജീവിക്കുന്നവർക്ക് എല്ലാ ജീവിതാനുഭവങ്ങളുടെയും പിന്നിൽ ദൈവസ്നേഹം അനുഭവവേദ്യമാകും. അവർ എല്ലാ കാര്യങ്ങളിലും ദൈവത്തിനു നന്ദി പറയുവാൻ നിർബന്ധിതരുമാകും(1 തെസ. 5:18). അതോടൊപ്പം യാചനയ്ക്കും നമ്മുടെ പ്രാർത്ഥനയിൽ പ്രധാന സ്ഥാനമുണ്ടായിരിക്കണം. മദ്ധ്യസ്ഥപ്രാർത്ഥന അജപാലനശുശ്രൂഷയുടെ ഒരു അവശ്യഘടകമാണ്. ദൈവജനത്തിനു നേതൃത്വം നൽകുന്ന എല്ലാവരും ജനങ്ങൾക്കുവേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നവരായിരുന്നുവെന്ന് രക്ഷാകരചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. മരുഭൂമിയിലൂടെയുള്ള യാത്രയിൽ മോശ ജനങ്ങൾക്കുവേണ്ടി ആവർത്തിച്ച് മാദ്ധ്യസ്ഥ്യം വഹിക്കുന്നതായി കാണാം (പുറ. 15-25; 17:4; 32:11). അതുകൊണ്ട് നമ്മുടെ ശുശ്രൂഷയ്ക്കായി ഏൽപിക്കപ്പെട്ട ദൈവജനത്തിനുവേണ്ടി പ്രാർത്ഥിക്കുകയെന്നത് നമ്മുടെ അജപാലനശൈലിയാവണം.

**4. സുവിശേഷത്തിന്റെ പുരോഗതി: ലക്ഷ്യം**

"സഹോദരരേ, എനിക്കു സംഭവിച്ചതെല്ലാം സുവിശേഷത്തിന്റെ പുരോഗതിക്കു കാരണമായെന്നു നിങ്ങൾ അറിയാൻ ഞാൻ ആഗ്രഹിക്കുന്നു" (വാ. 12).

സുവിശേഷത്തിന്റെ പുരോഗതിയായിരുന്നു തന്റെ ജീവിതത്തിന്റെ ആത്യന്തികലക്ഷ്യമായി വി. പൗലോസ് കരുതിയിരുന്നത്. ജീവിതത്തിൽ



എന്തു സംഭവിച്ചാലും അതെല്ലാം സുവിശേഷത്തിന്റെ പുരോഗതിക്ക് സഹായകമാകുന്നുണ്ടോ എന്നതായിരുന്നു ശ്ലീഹായുടെ വിലയിരുത്തൽ. പൗലോസ് ശ്ലീഹായുടെ തടങ്കൽ ജീവിതം പലർക്കും വചനപ്രഘോഷണത്തിന് ആത്മധൈര്യം നല്കിയതായി ഇവിടെ പരാമർശിക്കുന്നുണ്ട്. "കാരണം ഞാൻ മിശിഹായ്ക്കുവേണ്ടിയാണ് ബന്ധനസ്ഥനായിരിക്കുന്നതെന്നു പ്രത്തോറിയം മുഴുവനിലും ശേഷം എല്ലാവർക്കും സുവിദിതമാണ്. മിക്ക സഹോദരർക്കും എന്റെ ബന്ധനം നിമിത്തം കർത്താവിൽ ആത്മധൈര്യം ലഭിച്ചതുകൊണ്ട് ഭയംകൂടാതെ ദൈവവചനം പ്രസംഗിക്കാൻ അവർ കൂടുതൽ സന്നദ്ധരായിരിക്കുന്നു" (വാ. 13-14).

വി. പൗലോസിന്റെ ജീവിതത്തിൽ നടന്ന ഒന്നു രണ്ടു സംഭവങ്ങൾ ഇതിന് ഉദാഹരിക്കാം. ഒരിക്കൽ യജമാനന്മാർക്ക് ആദായമുണ്ടാക്കിയിരുന്ന പിശാചുബാധിതയായ അടിമപ്പെൺകുട്ടിയെ പിശാചുബാധയിൽ നിന്നും വിമോചിപ്പിച്ചതിന്റെ പേരിൽ പൗലോസ് കാരാഗൃഹത്തിലടയ്ക്കപ്പെട്ടു. രാത്രിയിൽ അത്ഭുതകരമായി കാരാഗൃഹവാതിലുകൾ തുറക്കപ്പെട്ടപ്പോൾ കാവൽക്കാരൻ ആത്മഹത്യക്കൊരുങ്ങി. പൗലോസ് അവനെ അതിൽനിന്നും പിന്തിരിപ്പിച്ചതിനെത്തുടർന്ന് അവനും കുടുംബവും വചനം സ്വീകരിച്ച് സ്നാനം സ്വീകരിച്ചു (അപ്പ. പ്രവ. 16:16 മുതൽ) അതുപോലെ മാൾട്ടായിൽ വച്ച് സർപ്പദംശനമുണ്ടായതിനെത്തുടർന്ന് നടന്ന അത്ഭുതങ്ങളും രോഗശാന്തികളും നാട്ടുകാരെ സുവിശേഷപ്രഘോഷണത്തിന് അനുകൂലികളാക്കി (അപ്പ.പ്രവ. 28:1 മുതൽ) വി. പൗലോസിന് തന്റെ റോമൻ തടങ്കൽസുവിശേഷപ്രഘോഷണത്തിന്റെ വലിയ വേദിയാക്കി മാറ്റാൻ സാധിച്ചു. ഇവിടെയെല്ലാം സുവിശേഷത്തിന്റെ പുരോഗതി ലക്ഷ്യം വച്ചുകൊണ്ട് പൗലോസ് ജീവിച്ചു. നമ്മുടെ അജപാലനശുശ്രൂഷയിലും, ബുദ്ധിമുട്ടുകളും സഹനങ്ങളും ഉണ്ടാകും. എന്നാൽ അവയെല്ലാം സുവിശേഷത്തിന്റെ പുരോഗതിക്ക് ഇടയാകത്തക്കവിധം നേരിടാൻ നമുക്കു കഴിയണം.

**5. ജീവിതം മിശിഹായും മരണവും നേട്ടവും**

"എനിക്ക് ജീവിതം മിശിഹായും മരണം നേട്ടവുമാണ്. ശാരീരികമായി ഇനിയും ഞാൻ ജീവിക്കുകയാണെങ്കിൽ ഫലപ്രദമായി ജോലി ചെയ്യാൻ സാധിക്കും. എങ്കിലും ഏതാണ് തെരഞ്ഞെടുക്കേണ്ടതെന്ന് എനിക്ക് അറിഞ്ഞുകൂടാ" (വാ. 21.22)

പൗലോസ് ശ്ലീഹായേ സംബന്ധിച്ചിടത്തോളം മിശിഹായോടുള്ള ബന്ധം തന്റെ ജീവിതത്തിന് നിർണ്ണായകമായിരുന്നു. തന്റെ ജീവിതം തന്റെ സ്വന്തമല്ല. മിശിഹായ്ക്കുവേണ്ടി, മിശിഹായുടെ ശുശ്രൂഷയ്ക്കു വേണ്ടി, പരിപൂർണ്ണമായി സമർപ്പിതമാണ് എന്ന ബോദ്ധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. "ഈശോ മിശിഹായുടെ ദാസൻ" എന്നാണല്ലോ ശ്ലീഹാ സ്വയം വിശേഷിപ്പിക്കുന്നത്: 'ദാസൻ' എന്ന വാക്ക് ഗ്രീക്കിൽ 'അടിമ' എന്നർത്ഥമുള്ള 'ദൂളോസ്' എന്ന വാക്കാണ്. അടിമ പൂർണ്ണമായും യജമാനന്റെ സ്വന്തമായതുപോലെ ശ്ലീഹാ പൂർണ്ണമായും മിശിഹായുടെ സ്വന്തമായിരുന്നു. മിശിഹായുടെ ദാസത്വമായിരുന്നു വി. പൗലോസിന്റെ ശുശ്രൂഷാജീവിതത്തിന്റെ സ്വഭാവം. മരണം ഈ ശുശ്രൂഷാജീവിതത്തിന്റെ പൂർത്തീകരണമാണ്. അതുകൊണ്ടാണ് മരണം തനിക്കു നേട്ടമായി ശ്ലീഹാ കരുതിയത്.

എന്നാൽ ദാസൻ യജമാനന്റെ ഇഷ്ടത്തിന് പൂർണ്ണമായും വിധേയപ്പെട്ടവനാണ്. മിശിഹായോടുകൂടെ ആയിരിക്കുക എന്നത് ശിഷ്യത്വം ജീവിക്കുന്ന ഒരു വ്യക്തിക്ക് ഏറ്റവും ആസ്വാദ്യകരമായ ഒരു അനുഭവമാണ്. മരണത്തോടുകൂടിയാണ് പരിമിതികളൊന്നുംകൂടാതെ ഈ അനുഭവം ആസ്വദിക്കുവാൻ കഴിയുക. അതുകൊണ്ടാണ് വി. പൗലോസ് പറയുന്നത്: "എന്റെ ആഗ്രഹം മരിച്ച് മിശിഹായോടുകൂടെ ആയിരിക്കുന്നതാണ്. കാരണം അതാണ് കൂടുതൽ ശ്രേഷ്ഠം" (വാ. 23) അതേസമയം യജമാനന്റെ ഇംഗിതത്തിന് ദാസൻ പൂർണ്ണമായും വിധേയനാണ്. ശരീരത്തിൽ തുടരുക എന്നത് മിശിഹായുടെ ഇഷ്ടമാണെങ്കിൽ അത് സ്വീകരിക്കുവാൻ ശ്ലീഹാ തയ്യാറാണ്. അതുകൊണ്ടാണ് ശ്ലീഹാ പറയുന്നത്" ഇവ രണ്ടിനുമിടയിൽ ഞാൻ ഞെരുങ്ങുന്നു" (വാ. 23). മിശിഹായുടെ ശിഷ്യത്വം സ്വീകരിച്ചവരെന്ന നിലയിൽ പുരോഹിതരുടെ ജീവിതത്തിൽ നിർണ്ണായകമായിത്തീരേണ്ടത് മിശിഹായോടുള്ള ഈ ബന്ധമാണ്. മറ്റെന്തിനേക്കാളുമുപരി മിശിഹായുടെ ഇഷ്ടം നിർവ്വഹിക്കുവാനുള്ള ഈ പ്രതിബദ്ധതയാണ് പുരോഹിതരുടെ ജീവിതത്തിൽ മുഖമുദ്രയാവേണ്ടത്.

**6. സുവിശേഷത്തിനു യോഗ്യമായ ജീവിതം**

"ഞാൻ നിങ്ങളെ വന്നു കണ്ടാലും നിങ്ങളിൽനിന്നു ദൂരസ്ഥനായിരുന്നാലും നിങ്ങൾ ഒരേ ആത്മാവോടും ഒരേ മനസ്സോടും കൂടെ ഉറച്ചു



നിന്ന് സുവിശേഷത്തിലുള്ള വിശ്വാസത്തിനുവേണ്ടി പോരാടുന്നുവെന്ന് നിങ്ങളെക്കുറിച്ച് കേൾക്കുവാൻ തക്കവിധം, മിശിഹായുടെ സുവിശേഷത്തിന് യോഗ്യമായ രീതിയിൽ നിങ്ങൾ ജീവിക്കണമെന്നു മാത്രം" (വാ. 27).

സുവിശേഷം ജീവിക്കുന്ന സമൂഹമാണ് സഭ. സുവിശേഷം വാക്കുകൾകൊണ്ട് പ്രസംഗിച്ചാൽ പോരാ. സുവിശേഷപ്രഘോഷണമാണ് ഈശോ നടത്തിയത്. "ഈശോ ദൈവത്തിന്റെ സുവിശേഷം പ്രഘോഷിച്ചുകൊണ്ട് ഗലീലിയിലേക്കു വന്നു" (മർക്കോ. 1:14) 'കെരൂറസ്സയിൽ' എന്ന ഗ്രീക്കുവാക്കാണ് ഇവിടെ ഉപയോഗിക്കുക. അതിന്റെ അർത്ഥം വെറും പ്രസംഗമല്ല. ഈശോ സുവിശേഷം പ്രഘോഷിച്ചത് 3 വിധത്തിലാണ്. വാക്കുകൾകൊണ്ടും പ്രവർത്തികൾകൊണ്ടും ജീവിതംകൊണ്ടും. ജീവിതമില്ലെങ്കിൽ വാക്കുകൾക്കും പ്രവൃത്തികൾക്കും വിശ്വാസ്യതയില്ല. അതുകൊണ്ട് അടിസ്ഥാനപരമായി സുവിശേഷാനുസൃത ജീവിതമാണ് സുവിശേഷപ്രഘോഷണത്തിന് അടിസ്ഥാനം.

ഈശോയുടെ തുടർച്ചയായ സഭയുടെയും ഏറ്റവും പ്രധാനപ്പെട്ട ദൗത്യം സുവിശേഷപ്രഘോഷണമാണ്. ഇത് അടിസ്ഥാനപരമായി സുവിശേഷാനുസൃതജീവിതമാണ്.

ഈശോയുടെ തുടർച്ചയായ സഭയുടെയും ഏറ്റവും പ്രധാനപ്പെട്ട ദൗത്യം സുവിശേഷപ്രഘോഷണമാണ്. ഇത് അടിസ്ഥാനപരമായി നിർവ്വഹിക്കേണ്ടത് സുവിശേഷം ജീവിച്ചുകൊണ്ടാണ്. വി. പൗലോസിന്റെ സഭാംഗങ്ങൾ പൗലോസിൽനിന്നും സ്വീകരിച്ച സുവിശേഷം ജീവിക്കുന്നെങ്കിൽ പൗലോസ് അവരോടൊപ്പം സന്നിഹിതനാണോ അല്ലയോ എന്നത് ഒരു പ്രശ്നമല്ല. സുവിശേഷം ജീവിക്കുന്നതിലുള്ള അവരുടെ ഐക്യമാണ് പ്രധാനമെന്ന് ശ്ലീഹാ ഇവിടെ പ്രത്യേകം അനുസ്മരിപ്പിക്കുന്നു. സുവിശേഷജീവിതം അവശ്യം സഹനം ഉൾക്കൊള്ളുന്നതാണ്. അത് ഒരു അനുഗ്രഹമായി കരുതണമെന്ന് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു (വാ. 29). ഇക്കാര്യത്തിൽ സുവിശേഷത്തെപ്രതി ബന്ധനസ്ഥനായ ശ്ലീഹായുടെ ജീവിതം അവർക്ക് മാതൃകയും പ്രചോദനവുമാണ് പുരോഹിതരെന്ന നിലയിൽ നമ്മുടെ പ്രഥമദൗത്യം സുവിശേഷപ്രഘോഷണമാണ്. അത് സർവ്വോപരി ജീവിതംകൊണ്ട് നിർവ്വഹിച്ചിട്ട് അജഗണങ്ങൾക്ക് നാം മാതൃകയും പ്രചോദനവുമാകണം.

**ജീവിതസൂചിക**

1. സഭയിൽ വിശുദ്ധിയിലേക്കുള്ള വിളിയെക്കുറിച്ച് ശരിയായ കാഴ്ചപ്പാട് നൽകുവാനും ആ വിളിയെക്കുറിച്ച് സഭാംഗങ്ങളെ ബോധവൽക്കരിക്കുവാനും ഞാൻ എത്രമാത്രം ശ്രമിക്കുന്നു?

2. എന്റെ സഹപ്രവർത്തകരെ അംഗീകരിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന് ഞാൻ എത്രമാത്രം ശ്രദ്ധിക്കുന്നു?

3. പ്രാർത്ഥന ഒരു അജപാലകശുശ്രൂഷയായി ഞാൻ കരുതുന്നുണ്ടോ? മദ്ധ്യസ്ഥപ്രാർത്ഥനയ്ക്ക് ഞാൻ എത്ര പ്രാധാന്യം കൽപിക്കുന്നു?

4. എല്ലാ ജീവിതാനുഭവങ്ങളിലും സുവിശേഷത്തിന്റെ പുരോഗതി ലക്ഷ്യമാക്കാൻ എനിക്കു കഴിയുന്നുണ്ടോ?

5. മിശിഹായ്ക്കുവേണ്ടി മരിക്കാനും, ജീവിക്കാനും തയ്യാറാകുന്ന ഒരു പ്രതിബദ്ധതയിലേക്ക് ഞാൻ വളർന്നിട്ടുണ്ടോ?

6. സുവിശേഷത്തിന് യോഗ്യമായ ജീവിതം നയിച്ച് അജഗണങ്ങൾക്ക് മാതൃകയും പ്രചോദനവുമാകാൻ ഞാൻ എത്രമാത്രം പരിശ്രമിക്കുന്നു?


## Adopt a Priest Ministry

പരിശുദ്ധ പിതാവിന്റെ കൽപനപ്രകാരം പൗരോഹിത്യവർഷം ആചരിക്കുന്ന ഈ അവസരത്തിൽ വിശ്വദീപ് (Institute of youth ministry and Faith Education) ന്റെ നേതൃത്വത്തിൽ പുരോഹിതരുടെ ലോകവ്യാപകമായ ആത്മീയദത്തെടുക്കൽ നടത്തുന്നു. ഇതിന്റെ പ്രധാന ലക്ഷ്യം തന്നെ ആത്മീയമായ ഒരു നെറ്റ്‌വർക്ക് രൂപപ്പെടുത്തുകയെന്നതാണ്. ഇതിൽ പുരോഹിതരെ ആത്മീയമായി ദത്തെടുക്കുന്നത് പ്രധാനമായും സന്യസ്തരും വ്യക്തികളും കുടുംബങ്ങളുമാണ്. ഇതിന് ഇപ്പോൾതന്നെ വളരെ പ്രചാരം ലഭിച്ചിട്ടുണ്ട്.

ആയതിനാൽ ഇതിൽ പേര് ഉൾപ്പെടുത്താൻ താത്പര്യമുള്ള ബഹു. വൈദീകർ ഇ-മെയിൽ വഴിയോ തപാൽ മാർഗ്ഗമോ ബന്ധപ്പെടുമല്ലോ.

E-mail - Adopt a priest@gmail.com

Address: Fr. T.C. George sdb, Adopt a priest ministry, Visvadeep, Kristu Jyoti College, K.R. Puram, Bangalore - 36, India, Tel: 91080 25618030




# പാലാ മിഷൻ വാർത്തകൾ

**1 ആദിലാബാദ് രൂപതയ്ക്ക് 10 വയസ്സ്**

സെപ്റ്റംബർ 22 മുതൽ 24 വരെ മന്ദമാരിസ്കൂളിൽവച്ച് രൂപതയുടെ 10-ാം വാർഷികം ആഘോഷിച്ചു. ആദ്യദിവസം അച്ചൻമാരുടെ മാത്രമായ സമ്മേളനവും തുടർന്ന് സിസ്റ്റേഴ്സ്, ബ്രദേഴ്സ്, അത്മായർ എല്ലാവരും ചേർന്ന് സമ്മേളനവും നടന്നു. വാർഷികാഘോഷ മത്സരങ്ങളിൽ പാലാ മിഷനിലെ നെന്നൽ സ്റ്റേഷനിലെ കോനംപേട്ട വില്ലേജ് group song-നും വെങ്കിട്ടപുരം സ്റ്റേഷൻ group dance-നും ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**2 നവ വൈദികർക്ക് സ്വീകരണം**

ആദിലാബാദ് രൂപതയിൽ നവ വൈദികരായ ഫാ. ജിൻസൺ മുളവരിക്കൽ, ഫാ. ഷിനോജ് കാരാത്തുരുത്തിൽ, ഫാ. ജോമോൻ ആറ്റുപുറത്ത് എന്നിവർക്ക് നെന്നലിൽ സ്വീകരണം നൽകി. കൊത്തഗൂഡം വില്ലേജ് ചാപ്പലിൽ വി.കുർബാന അർപ്പിച്ചു.

**3 ഇൻഡ്യൻ മിഷൻ കോൺഗ്രസ്സ്**

C.B.C.I മുംബയിൽ സംഘടിപ്പിച്ച ഒന്നാം ഇൻഡ്യൻ മിഷൻ കോൺഗ്രസ്സിൽ പാലാ രൂപതയെ പ്രതിനിധീകരിച്ച് ഫാ. മാത്യു പുതിയിടത്ത്, റവ. ഡോ. കുര്യൻ മറ്റം എന്നിവർ പങ്കെടുത്തു.

**4 മിഷൻ പ്രവർത്തനവിശദീകരണം**

രാമപുരത്തുവച്ചു നടന്ന Presbyteria-ത്തിലും Pastoral Institute-ൽ നടന്ന Pastoral Council-ലിലും പാലാ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് മിഷൻ കോ-ഓർഡിനേറ്റർ വിശദീകരിച്ചു. ഒക്ടോബർ 11 ഞായറാഴ്ച അരുവിത്തുറപ്പള്ളിയിലും നവം. 15 ഞായറാഴ്ച പാലാ കത്തീഡ്രലിലും എല്ലാ കുർബ്ബാനമദ്ധ്യേ പാലാ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് മിഷൻ കോ- ഓർഡിനേറ്റർ പങ്കുവച്ചു.

**5 ജപമാല മാസാചരണം**

വെങ്കിട്ടപുരം സ്റ്റേഷനിൽ അച്ചൻമാരുടേയും സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ യുവജനങ്ങൾ 5 ഗ്രൂപ്പുകളായി തിരിഞ്ഞ് 60 വീടുകളിൽ സന്ധ്യയ്ക്ക് കുടുംബാഗങ്ങളോടൊപ്പം ജപമാല ചൊല്ലി പ്രാർത്ഥിച്ചു. അവസാന 10 ദിവസങ്ങളിൽ പള്ളി കുരിശടിയിൽ ജപമാലചൊല്ലി. സമാപനദിവസം മെഴുകുതിരിതെളിച്ച് വില്ലേജിലൂടെ ജപമാല പ്രദക്ഷിണവും പായസ നേർച്ചയും നടത്തി.

ഗൊല്ലപ്പള്ളിയിൽ കുടുംബകൂട്ടായ്മകളിൽ ജപമാലചൊല്ലി. സമാപന ത്തിൽ മെഴുകുതിരി തെളിച്ച് വില്ലേജിലൂടെ ജപമാല പ്രദക്ഷിണം നടത്തി.

നെന്നൽ സ്റ്റേഷനിൽ നെന്നൽ, കൊത്തഗൂഡം, കോനംപേട്ട വില്ലേജു കളിൽ വീടുകളിൽ 10 ദിവസം ജപമാലചൊല്ലി സമാപനദിവസം മെഴുകു തിരി തെളിച്ച് വില്ലേജിലൂടെ ജപമാലപ്രദക്ഷിണവും പായസനേർച്ചയും നട ത്തി.

**6 മിഷൻ അനുഭവിക്കാൻ**

ബാംഗ്ലൂർ ധർമ്മാരാം കോളേജിൽ ദൈവശാസ്ത്രം പഠിക്കുന്ന 4 സിസ്റ്റേഴ്സ് മിഷൻ അനുഭവത്തിനായി പാലാ മിഷനിലെ വെങ്കിട്ടപുരത്ത് 10 ദിവസം താമസിച്ച് വിവിധ മിഷൻ സ്റ്റേഷനുകൾ സന്ദർശിച്ചു.

**7 മിഷൻ സന്ദർശനം**

പാലാ രൂപതാ Pastoral co-ordinator ബഹു. ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ നേതൃത്വത്തിൽ LA.R. Congregation sisters പാലാ മിഷൻ സന്ദർശി ച്ചു. മൈലാരം വില്ലേജിൽ പുതിയ മഠം ആരംഭിക്കുന്നതിനെക്കുറിച്ച് ആലോ ചിച്ചു വരുന്നു. Mission sisters of Ajmer - കുറവിലങ്ങാട് മഠത്തിൽനിന്നും സിസ്റ്റേഴ്സ് പാലാ മിഷൻ സന്ദർശിച്ചു. കാഞ്ഞിരത്താനം ഇടവകയിൽ നിന്നും Asst.Vicar Fr. Emmanuel Parekatt-ന്റെ നേതൃത്വത്തിൽ 4 അത്മായപ്രതി നിധികൾ പാലാ മിഷൻ സന്ദർശിച്ചു. കാഞ്ഞിരത്താനം ഇടവകയ്ക്ക് ഏൽപി ക്കപ്പെട്ടിരിക്കുന്ന കുശനപ്പള്ളി വില്ലേജിലെ പ്രവർത്തനങ്ങൾ വിലയിരുത്തി. പാലാ മിഷൻ സന്ദർശിച്ച എല്ലാവർക്കും നന്ദി.

**8 അഭിനന്ദനങ്ങളും നന്ദിയും**

പാലാ മിഷന് പ്രാർത്ഥനയിലൂടെയും സാമ്പത്തികമായും സഹായിക്കുന്ന എല്ലാവർക്കും പ്രത്യേകിച്ച് ഈ കഴിഞ്ഞ മാസങ്ങളിൽ സഹായിച്ച ഇടവക കൾ, സംഘടനകൾ, പ്രൊവിൻഷ്യാൾമാർ, വ്യക്തികൾ എന്നിവർക്കും, പ്രത്യേ കമായി പാലാമിഷൻ വിദ്യാഭ്യാസ സഹായനിധിയിലേക്ക് സംഭാവനകൾ നൽകികൊണ്ടിരിക്കുന്ന എല്ലാവർക്കും നന്ദിയും അഭിനന്ദനങ്ങളും അറിയി ക്കുന്നു.

**സഹ. വൈദികർ**



## സീറോമലബാർ റിസർച്ച് സെന്ററിന്റെ പ്രഥമപുരസ്കാരം പ്രൊഫ. ജോർജ്ജ് മേനാച്ചേരിക്ക്

സീറോമലബാർ റിസർച്ച് സെന്ററിന്റെ പ്രഥമപുരസ്കാരത്തിന് ചരി ത്രകാരനും കലാ- സാംസ്കാരിക ഗവേഷകനുമായ പ്രൊഫ. ജോർജ് മേനാച്ചേരിയെ തെരഞ്ഞെടുത്തിരിക്കുന്നു. സഭാകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടക്കുന്ന ഗവേഷണ സെമിനാറിന്റെ ഉദ്ഘാടന സമ്മേ ളനത്തിൽ റിസർച്ച് സെന്റർ ചെയർമാൻ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അവാർഡ് പ്രഖ്യാപിച്ചു. സീറോമലബാർ സഭയുടെ ഗവേഷണ പഠനങ്ങൾക്കായുള്ള റിസർച്ച് സെന്ററിന്റെ പത്താം പിറന്നാളിന്റെ ഭാഗമായി സ്ഥാപിക്കപ്പെട്ടിട്ടുള്ള പുരസ്കാരത്തിനുള്ള നാമനിർദ്ദേശങ്ങൾ ഡയറ ക്ടർബോർഡും ജഡ്ജിംഗ്കമ്മിറ്റിയും പഠിച്ചതിനുശേഷം സഭയുടെ സിന ഡാണ് അന്തിമഅംഗീകാരം നല്കിയത്. ഇരുപത്തിയ്യായിരം രൂപയും കീർത്തിപത്രവും, ഫലകവും അടങ്ങിയതാണ് ഗവേഷണകേന്ദ്രം സ്ഥാപി ച്ചിട്ടുള്ളപ്രസ്തുത അവാർഡ്.

പ്രൊഫ. ജോർജ് മേനാച്ചേരി എഡിറ്റ് ചെയ്ത സെന്റ് തോമസ് ക്രിസ്ത്യൻ എൻസൈക്ലോപീഡിയ ഓഫ് ഇൻഡ്യ (മൂന്നുവാല്യങ്ങൾ) ഇൻഡ്യൻ ചർച്ച് ഹിസ്റ്ററി ക്ളാസിക് തുടങ്ങിയ സാഹിത്യ റഫറൻസ് ഗ്രന്ഥ ങ്ങളിലൂടെയും, പള്ളിക്കലകൾ, ഗ്ലിംപ്സ് ഓഫ് നസ്രാണി ഹെരിറ്റേജ് തുട ങ്ങിയ നിരവധി കൃതികളിലൂടെയും വിവധ വെബ് സൈറ്റുകളിലൂടെയും ഇൻഡ്യയിലുംവിദേശങ്ങളിലുമായി നടത്തപ്പെട്ട നിരവധി സെമിനാറുക ളിലെ പ്രബന്ധങ്ങളിലൂടെയും ദൃശ്യ-ശ്രാവ്യ മാധ്യമ പരിപാടികളിലൂടെ യും, പ്രസംഗ പരമ്പരകളിലൂടെയും, ചരിത്രസാംസ്കാരിക പ്രദർശനങ്ങ ളിലൂടെയും, നേതൃത്വം നൽകിയ മ്യൂസിയങ്ങളിലൂടെയും കഴിഞ്ഞ നാലു പതിറ്റാണ്ടിലേറെയായി പ്രൊഫസർ ചെയ്തുകൊണ്ടിരിക്കുന്ന ചരിത്ര- കലാ-സാംസ്കാരിക ഗവേഷണപ്രവർത്തനങ്ങൾ മുൻനിറുത്തിയാണ് അദ്ദേഹത്തെ അവാർഡിന് തെരഞ്ഞെടുത്തത്. സീറോ മലബാർ സഭാ സിന ഡിന്റെ അംഗീകാരത്തോടെ ഓരോ വർഷവും നല്കുന്ന ഈ അവാർഡിന് സഭയുടെ പൗരസ്ത്യവും ഭാരതീയ മേഖലകളിൽ ശ്രദ്ധേയവും വിലപ്പെട്ട തുമായ സേവനങ്ങൾ കാഴ്ചവച്ചവരെയാണ് പരിഗണിക്കുന്നത്.

# വാർത്തകൾ

## വിശ്വാസപരിശീലനരംഗം

**ഒരി**ക്കൽക്കൂടി ക്രിസ്മസ് സമാഗതമാവുകയാണ്. ഡിസംബർ ഒന്നാംതീയതിമുതൽ ഇരുപത്തിയഞ്ച് ദിവസത്തെ നോമ്പ് ആചരിച്ച് ലോകരക്ഷകനായ ഉണ്ണീശോയുടെ ജനനത്തിന് നമുക്ക് ഒരുങ്ങാം.

### കുഞ്ഞുമിഷനറി ക്വിസ് മത്സരം

കുഞ്ഞുമിഷനറി ക്വിസ് മത്സരം ഡിസംബർ 21-ാം തീയതി ഭരണങ്ങാനം മാതൃഭവനിൽ. സമയം രാവിലെ 10 മണി. പേര് രജിസ്റ്റർ ചെയ്യേണ്ട അവസാനതീയതി ഡിസംബർ 14 തിങ്കൾ.

**വിഷയം:** കുഞ്ഞുമിഷനറി 2009 ജനുവരി - ഡിസംബർ (60 ശതമാനം)
മിഷൻലീഗിനെ അറിയുക (40 ശതമാനം) (പുസ്തകം ഷലോമിൽ ലഭിക്കും)

### വാർഷികപരീക്ഷ രജിസ്ട്രേഷൻ

10, 12 ക്ലാസ്സുകളിലെ വാർഷികപരീക്ഷക്ക് പേര് രജിസ്റ്റർ ചെയ്യുവാനുള്ള അവസാനതീയതി ഡിസംബർ 31 ബുധനാഴ്ച.

### വരിസംഖ്യ

മതദർശനം, കുഞ്ഞുമിഷനറി മാസികകളുടെ 2009 ലെ വരിസംഖ്യ ഡിസംബർ 31-ന് മുമ്പായി അടക്കണം.

### ലിസ്റ്റ്

വിശ്വാസപരിശീലനരംഗത്ത് 20, 40, 50 വർഷത്തെ സേവനം പൂർത്തിയാക്കിയവരുടെ ലിസ്റ്റ് ഡിസംബർ 31-ാം തീയതിക്കകം വിശ്വാസപരിശീലനകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്.

### സി.റ്റി.പി. ജീവദർശൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു

2008-2009 അദ്ധ്യയനവർഷത്തിൽ നടത്തപ്പെട്ട സി.റ്റി.പി. ജീവദർശൻ എന്നീ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയവർക്ക് നവംബർ 15-ാം തീയതി ഞായറാഴ്ച അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും വിതരണം ചെയ്തു. സി.റ്റി.പി. പാസായവർ 138 പേരും ജീവദർശൻ പാസായവർ 89 പേരുമാണ്. റാങ്കുജേതാക്കളെയും വിജയികളെയും അഭിവന്ദ്യപിതാവ് അഭിനന്ദിച്ചു. ജോയി മാത്യു കിഴക്കേൽ മൂലമറ്റം, സി. എത്സാ ടോം എസ്.എച്ച് എന്നിവർ പ്രസംഗിച്ചു.



### വിചിന്തനം ക്യാമ്പ്

ഈ വർഷത്തെ വിചിന്തനം ക്യാമ്പുകൾ നവംബർ 15 ന് സമാപിച്ചു. പത്താംക്ലാസ്സിലെ എല്ലാ കുട്ടികളും ക്യാമ്പിൽ പങ്കെടുത്തുവെന്നു പ്രതീക്ഷിക്കുന്നു. പത്താംക്ലാസ്സിലെ ഉത്തരക്കടലാസിന്റെ കൂടെ കുട്ടികളുടെ വിചിന്തനം ക്യാമ്പു സർട്ടിഫിക്കറ്റുകൂടി ഓഫീസിൽ എത്തിക്കേണ്ടതാണ്.

### സി.റ്റി.പി. പുതിയ ബാച്ച്

പുതിയ ബാച്ച് നവംബർ 27-ന് ആരംഭിച്ചു. 135 പേർ പങ്കെടുക്കുന്നു. ക്ലാസ്സുകൾ നവംബർ 27, ഡിസംബർ 12, 26, പട്രോളജി റവ. ഫാ. ജോൺ കണ്ണന്താനം, ജനുവരി 9 കാറ്റക്കെസിസ് - ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ, ഫെബ്രുവരി 12, 13, 27, മാർച്ച് 13 ലിറ്റർജി.

### തിരുബാലസഖ്യം

2, 3 ക്ലാസ്സുകളിലെ കുട്ടികളെ ചേർത്ത് തിരുബാലസഖ്യം ശാഖകളുടെ രജിസ്ട്രേഷൻ തുടരുന്നു. ഇനിയും ആരംഭിക്കാനുള്ളിടത്ത് ഉടനെ ആരംഭിക്കുമല്ലോ.

### ജീവിതദർശൻ

സ്കൂളിലെ ജീവദർശൻ 10, 12 ക്ലാസ്സ്

ഡിസംബർ 5 - സെന്റ് അഗസ്റ്റിൻസ് എച്ച്.എസ്.എസ്. രാമപുരം, ഡിസംബർ - 11 സെന്റ് ആന്റണീസ് എച്ച്.എസ്.എസ്. പ്ലാശനാൽ.

## ലീജിയൻ വാർത്തകൾ

**പിറവിത്തിരുനാൾ**

2009 ഡിസംബർ 27 ഞായറാഴ്ച ഷലോം പാസ്റ്റൽ സെന്ററിൽ സെനാത്തൂസ് യോഗവും തുടർന്ന് വാർഷിക റീയൂണിയൻ മീറ്റിങ്ങും നടത്തുന്നതാണ്.

### ലീജിയൻ സെമിനാറും മരിയൻറാലിയും കുട്ടികളുടെ കലാമത്സരങ്ങളും

വൈദികവർഷത്തിലെ ജപമാലരാജ്ഞിയുടെ തിരുനാളിനോടനുബന്ധിച്ച് പൂഞ്ഞാർ കൂരിയായുടെ അഭിമുഖ്യത്തിൽ 2009 ഒക്ടോബർ 31 ശനിയാഴ്ച ലീജിയൻ സെമിനാറും ഭക്തിനിർഭരമായ ജപമാലറാലിയും പൂഞ്ഞാർ ആശ്രമദേവാലയത്തിൽ നടത്തുകയുണ്ടായി. ആണ്ടുതോറുമുള്ള കുട്ടികളുടെ കലാമത്സരം നവംബർ 14-ാം തീയതി രാവിലെ 10 മണിക്കു സെന്റ് ആന്റണീസ് ഹൈസ്കൂൾ ഹാളിൽ നടത്തി.

റവ. ഫാദർ സേവ്യർ കിഴക്കേമ്യാലിൽ സി. എം. ഐ സെമിനാർ നയിച്ചു.

ലീജിയൻ സ്പിരിച്വൽ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊല്ലമ്പറമ്പിൽ, ബ്ര. സി. എം. ജോസഫ് ചെമ്പകത്തിനാൽ (പ്രസിഡന്റ് കേരളാസെനാത്തൂസ്), ഖജാൻജി. സി. നിർമ്മല സ്കറിയ കാഞ്ഞിരത്തുങ്കൽ, സി. മോളിജോസഫ് കല്ലുപുരയ്ക്കൽ (കറസ്പോണ്ടന്റ്), സി. ഡയിസമ്മ സെബാസ്റ്റ്യൻ ചൊവ്വാറ്റുകുന്നേൽ (കറസ്പോണ്ടന്റ്)എന്നിവർ പ്രസംഗിച്ചു കൂരിയാവൈസ്പ്രസിഡന്റ് ബ്ര. തോമസ് വലിയ പുറവക്കോട്ട് നന്ദിപറഞ്ഞു. മത്സരവിജയികൾക്കു സമ്മാനങ്ങളും ക്യാഷ് അവാർഡുകളും നല്കുകയുണ്ടായി.

ഇലഞ്ഞി കൂരിയാ ഏകദിനസെമിനാർ സെപ്റ്റംബർ 15-ാം തീയതി ഇലഞ്ഞി കൂരിയായും സമീപപ്രദേശങ്ങളായ മരങ്ങോലി പെരിയപ്പുറം, സേവ്യർപുരം തുടങ്ങിയ ഇടവകകളിൽ പ്രവർത്തിക്കുന്ന പ്രസീദിയം, കൂരിയാ ഭാരവാഹികളും അംഗങ്ങളും ചേർന്ന് ഒരു ഏകദിനസെമിനാർ നടത്തി. സെനാത്തൂസ് ഭാരവാഹികളും ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊല്ലമ്പറമ്പിലും പങ്കെടുത്തു നിർദ്ദേശങ്ങൾ നല്കുകയുണ്ടായി. നിരവധി അംഗങ്ങൾ പങ്കെടുത്തു.

**ഫാ. സെബാസ്റ്റ്യൻ കൊല്ലംപറമ്പിൽ (ഡയറക്ടർ)**

# കരിസ്മാറ്റിക് പ്രോഗ്രാം

### ❖ കരിസ്മാറ്റിക് നേതൃസംഗമം

കരിസ്മാറ്റിക് നേതൃസമിതിയുടെ സമ്മേളനം നവംബർ 1-ന് ഷലോമിൽ ചേർന്നു. ഫാ. കുര്യൻ മറ്റം, സണ്ണി പള്ളിവാതുക്കൽ, ബാബു തട്ടാംപറമ്പിൽ എന്നിവർ നേതൃത്വം കൊടുത്തു.

### ❖ വചനദീപ്തിധ്യാനം - ഒരുക്കശുശ്രൂഷകൾ

കടപ്ലാമറ്റത്തു നടന്ന വചനദീപ്തി ധ്യാനത്തിന്റെ ഒരുക്കശുശ്രൂഷകൾ നവംബർ 1, 3, 4 തീയതികളിൽ നടന്നു. ഫാ. കുര്യൻ മറ്റം നവംബർ ഒന്നിന് കുർബാനമദ്ധ്യേ ഒരുക്കസന്ദേശങ്ങൾ നല്കി. 3-ാം തീയതി ദിവ്യകാരുണ്യആരാധനയും 4-ാം തീയതി ഭവനസന്ദർശനവും നടന്നു. ഭവനസന്ദർശനത്തിന് എഴുപത് ശുശ്രൂഷകർ പങ്കെടുത്തു.

### ❖ കരിസ്മാറ്റിക് കൂട്ടായ്മ

കരിസ്മാറ്റിക് ശുശ്രൂഷകരുടെ കൂട്ടായ്മ നവംബർ 7-ന് ഷലോമിൽ നടന്നു. ടോമി ആട്ടപ്പാട്ട് വചനപ്രഘോഷണം നടത്തി. ഫാ. കുര്യൻ മറ്റം, സണ്ണി പള്ളിവാതുക്കൽ, ബാബു തട്ടാംപറമ്പിൽ എന്നിവർ ശുശ്രൂഷകൾ നയിച്ചു.

### ❖ തുടർച്ചാധ്യാനം - രാമപുരം

വചനദീപ്തി ധ്യാനത്തിന്റെ തുടർച്ചാപ്രോഗ്രാമായി വചനപ്രഘോഷണവും ദിവ്യകാരുണ്യആരാധനയും നടന്നു. ജോൺസൺ കണ്ടത്തിൽ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

### ❖ വചനദീപ്തി ധ്യാനം - കടപ്ലാമറ്റം

കടപ്ലാമറ്റം ഇടവകയിൽ വചനദീപ്തി ധ്യാനം നവംബർ 8,9, 10, 11, 12 തീയതികളിൽ രാവിലെയും വൈകിട്ടുമായി നടന്നു. ഫാ. തോമസ് മണ്ണൂർ, ഫാ. ജോസ് അഞ്ചാനിക്കൽ, ഫാ. കുര്യൻ മറ്റം, ഫാ, അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ, ഫാ. ജോർജ് വെട്ടുകല്ലേൽ, സാബു കോഴിക്കോട്ട്, സണ്ണി പള്ളിവാതുക്കൽ, സുനിൽ കോതമംഗലം, ഔതച്ചൻ, രവി തോമസ്, ടി.എം. മാത്യു എന്നിവർ ശുശ്രൂഷകൾ നയിച്ചു. വികാരി ഫാ. സിറിയക് കുന്നേൽ ആമുഖസന്ദേശവും അസ്തേന്തി ഫാ. മാത്യു അരിമറ്റം സമാപനസന്ദേശവും നല്കി.



### ❖ വചനപ്രഘോഷണവും ആരാധനയും - വേഴങ്ങാനം

വചനദീപ്തി ധ്യാനത്തിന്റെ തുടർച്ചയെന്നോണം വചനപ്രഘോഷണവും ആരാധനയും വേഴങ്ങാനം ഇടവകയിൽ നവംബർ 13-ന് നടന്നു. ബാബു തട്ടാംപറമ്പിൽ വചനപ്രഘോഷണം നടത്തി.

### ❖ ഏകദിന പ്രോഗ്രാം - കുന്നോന്നി

ഏകദിനവചനപ്രഘോഷണവും ദിവ്യകാരുണ്യആരാധനയും കുന്നോന്നി ഇടവകയിൽ നടന്നു. ഫാ. ജോസഫ് കുമ്മിണി ശുശ്രൂഷകൾ നയിച്ചു.

### ❖ വചനപ്രഘോഷണശുശ്രൂഷ - ചക്കാമ്പുഴ

വചനപ്രഘോഷണവും ദിവ്യകാരുണ്യആരാധനയും നവംബർ 13-ന് ചക്കാമ്പുഴ ഇടവകയിൽ നടന്നു. മാത്യു കല്ലേപ്ലാക്കൽ ശുശ്രൂഷകൾ നയിച്ചു.

### ❖ ഏകദിന വചനപ്രഘോഷണം - കടനാട്

കടനാട് ഇടവകയിൽ വചനപ്രഘോഷണവും ദിവ്യകാരുണ്യആരാധനയും നവംബർ 15-നു നടന്നു. ബെന്നി പാളിയിൽ ശുശ്രൂഷകൾക്കു നേതൃത്വം നല്കി.

### ❖ വചനപ്രഘോഷണവും ദിവ്യകാരുണ്യആരാധനയും കാവുംകണ്ടം

വചനദീപ്തിധ്യാനത്തിന്റെ തുടർച്ചാപ്രോഗ്രാമായി വചനപ്രഘോഷണവും ദിവ്യകാരുണ്യആരാധനയും നവംബർ 21-ന് കാവുംകണ്ടം ഇടവകയിൽ നടന്നു. ജോൺസൺ കണ്ടത്തിൽ ശുശ്രൂഷകൾക്കു നേതൃത്വം നല്കി.

### ❖ ഒരുക്കധ്യാനം - ഷലോം

ബൈബിൾ കൺവൻഷന്റെ വോളന്റിയേഴ്സിനുള്ള ഏകദിനഒരുക്കധ്യാനം നവംബർ 14-ന് ഷലോം ഓഡിറ്റോറിയത്തിൽ നടന്നു. റവ. ഫാ. ലൂയിസ് വെള്ളാനിക്കൽ ധ്യാനശുശ്രൂഷകൾ നയിച്ചു.

### ❖ വചനപ്രഘോഷണം - മാനത്തൂർ

ഏകദിനവചനപ്രഘോഷണവും ദിവ്യകാരുണ്യആരാധനയും നവംബർ 22-ന് മാനത്തൂർ ഇടവകയിൽ നടന്നു. ബ്ര. ഔതച്ചൻ വചനപ്രഘോഷണം നടത്തി.

### ❖ തുടർച്ചാധ്യാനം - അരുണാപുരം

വചനദീപ്തി ധ്യാനത്തിന്റെ തുടർച്ചയെന്നോണം അരുണാപുരം ഇടവകയിൽ നവംബർ 20-ന് വചനപ്രഘോഷണവും ദിവ്യകാരുണ്യആരാധനയും നടന്നു. ജോൺസൺ കണ്ടത്തിൽ ശുശ്രൂഷകൾ നയിച്ചു.

### ❖ വചനപ്രഘോഷണവും ആരാധനയും - മംഗളഗിരി

മംഗളഗിരി ഇടവകയിൽ നവംബർ 26-ന് വചനപ്രഘോഷണവും ആരാധനയും നടന്നു. ബാബു തട്ടാംപറമ്പിൽ ശുശ്രൂഷകൾ നയിച്ചു.

### ❖ വളർച്ചാപ്രോഗ്രാം - അന്തീനാട്

അന്തീനാട് ഇടവകയിൽ നവംബർ 22-ന് വളർച്ചാധ്യാനപ്രോഗ്രാം നടന്നു. ബാബു തട്ടാംപറമ്പിൽ വചനശുശ്രൂഷയും ആരാധയും നയിച്ചു.

**രാത്രി ആരാധന**

രൂപതാതല രാത്രിആരാധന ഭരണങ്ങാനം അസ്സീസി ധ്യാനമന്ദിരത്തിൽ നവംബർ 28-ന് നടന്നു. ബ്ര. മാർട്ടിൻ മൈക്കിൾ (ചിറ്റൂർ ധ്യാനമന്ദിരം) വചനപ്രഘോഷണം നടത്തി.

❖ **കേരളാ കൺവൻഷൻ**

അഖിലകേരള കരിസ്മാറ്റിക് കൺവൻഷൻ ആലപ്പുഴ ഐ.എം.എസ്. ധ്യാനകേന്ദ്രത്തിൽ നവംബർ 27, 28, 29 തീയതികളിൽ നടന്നു. പാലാ രൂപതയിൽ നിന്ന് 200 ഓളം പ്രതിനിധികൾ പങ്കെടുത്തു.

**ഫാ. കുര്യൻ മറ്റം**
**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡിറക്ടേഴ്സ്)**

# സുവിശേഷവത്കരണം

⌑ **ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന**

നവംബർമാസം 6, 13, 20, 27 തീയതികളിൽ പാലാ കത്തീഡ്രലിൽവച്ച് രാവിലെ 9 മണി മുതൽ 3 മണിവരെ ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തി. ബ്ര. ജോർജ് ചെറുപറമ്പിൽ (മൂവാറ്റുപുഴ), ബ്ര. മാർട്ടിൻ (ചിറ്റൂർ) ബ്ര. അഗസ്റ്റിൻ പുളിക്കൽ, ഫാ. ജയ്സൺ തുണ്ടത്തിൽ ഫാ. കുര്യൻമറ്റം, റ്റി. പി. ജോസഫ്, തങ്കച്ചൻ ശ്രാമ്പിയ്ക്കൽ തുടങ്ങിയവർ നേതൃത്വം നല്കി.

⌑ **കുടുംബകൂട്ടായ്മ റിസ്സോഴ്സ് ടീം**

നവംബർ മാസം 3-ാം തീയതി രൂപതയിൽ പ്രവർത്തിക്കുന്ന കുടുംബകൂട്ടായ്മ റിസ്സോഴ്സ് ടീം അംഗങ്ങൾ ഷാലോമിൽ കൂടി, പുതിയ റിസ്സോഴ്സ് ടീം ബഹു. ഡയറക്ടർ കുര്യൻ മറ്റം ഉദ്ഘാടനം നിർവഹിച്ചു. ശ്രീ. ഇ. എം. ദേവസ്യ ഈരൂരിയ്ക്കൽ, തോമസ് വടക്കേൽ എന്നിവർ പ്രസംഗിച്ചു. അന്നേ ദിവസം സി. ജോസ്മേരി ക്ലാസ്സെടുത്തു.

⌑ **കുടുംബ കൂട്ടായ്മ പ്രതിനിധി സമ്മേളനം**

നവംബർ മാസം 8-ാംതീയതി ഉച്ചകഴിഞ്ഞ് 2 P.M. മുതൽ 4 P.M. വരെ അരുണാപുരംപള്ളി ഓഡിറ്റോറിയത്തിൽവച്ച് വിവിധ ഇടവകളിൽ നിന്നുള്ള തിരഞ്ഞെടുത്ത കുടുംബകൂട്ടായ്മ പ്രതിനിധികളുടെ സമ്മേളനം (കഴിഞ്ഞ ബൈബിൾ കൺവൻഷനോടനുബന്ധിച്ച് നടത്തിയ വിവിധ ഫൊറോനാ, സോണൽ കൺവൻഷനിൽ പങ്കെടുത്തവരുടെ ഒരു സെമ്മിനാർ നടത്തി. സെമ്മിനാറിൽ റവ. ഡോ.കുര്യൻമറ്റം, ഡോ. ആൻസി ജോർജ്, ഇ.എം. ദേവസ്യാ ഈരൂരിയ്ക്കൽ എന്നിവർ പ്രസംഗിച്ചു. ശ്രീ. തോമസ് വടക്കേൽ, തങ്കച്ചൻ ശ്രാമ്പിയ്ക്കൽ, സി. ജെയ്സി സി.എം.സി. എന്നിവർ നേതൃത്വം നല്കി.



⌑ **കുടുംബകൂട്ടായ്മ റിസ്സോഴ്സ് ടീം പ്രോഗ്രാം**

ഈ മാസം 7-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് വിവിധ ഇടവകകളിൽ നിന്നുള്ള കുടുംബകൂട്ടായ്മ പ്രതിനിധികളുടെ സമ്മേളനം ഷാലോമിൽ വച്ച് കൂടുകയുണ്ടായി. സമ്മേളനത്തിൽ റവ. ഡോ. കുര്യൻ മറ്റം അദ്ധ്യക്ഷതവഹിച്ചു. ഇ. എം. ദേവസ്യാ ഈരൂരിയ്ക്കൽ, തോമസ് വടക്കേൽ എന്നിവർ പ്രസംഗിച്ചു. ശ്രീ തങ്കച്ചൻ ശ്രാമ്പിക്കൽ, കെ. എം. ജോസഫ് എം.എസ് ജോസഫ് എന്നിവർ നേതൃത്വം നല്കി.

⌑ **കുടുംബകൂട്ടായ്മ പ്രോഗ്രാം പൂവക്കുളം**

പൂവക്കുളം ഇടവകയിലെ വിവിധകുടുംബകൂട്ടായ്മ യൂണിറ്റുകളുടെ വാർഷികത്തിൽ ശ്രീ. കെ.പി. ജോസഫ്, സെബാസ്റ്റ്യൻ പൈലി, സി. ജെയ്സി സി.എം. സി. എന്നിവർ ക്ലാസ്സുകൾ നയിച്ചു.

⌑ **ഇവാൻജലൈസേഷൻ മിനിസ്ടിപ്രോഗ്രാം**

രൂപതയിൽ പ്രർത്തിക്കുന്ന കോളനി, ആശുപത്രി, മദ്യപാനം, ജയിൽ, ഗുഡ്സമരിറ്റൻ മിനിസ്ട്രി, മദ്ധ്യസ്ഥപ്രാർത്ഥന, ആത്മഹത്യയ്ക്കെതിരെയുള്ള മിനിസിട്രികളിൽ പ്രവർത്തിക്കുന്നവർ ഈ മാസം 21-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 1 മണിവരെ ഷാലോമിൽ ഒന്നിച്ചുകൂടി, കഴിഞ്ഞമാസം പ്രവർത്തിച്ച കാര്യങ്ങൾ ചർച്ച ചെയ്യുകയും, അടുത്ത മാസം നടക്കുവാനിരിക്കുന്ന രൂപതാ ബൈബിൾ കൺവൻഷനിൽ ആത്മാർത്ഥമായി പ്രവർത്തിക്കുവാനും തീരുമാനിച്ചു. റ്റി.പി. ജോസഫ്, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

⌑ **ബൈബിൾ കൺവൻഷൻ ലോക്കൽ കമ്മറ്റി- ഭരണങ്ങാനം**

ഭരണങ്ങാനത്തു വച്ച് ബൈബിൾ കൺവൻഷൻ നടക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഭരണങ്ങാനം ഇടവകയിലെ പ്രതിനിധികളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ലോക്കൽ കമ്മറ്റി നവം. 18-ന് ഭരണങ്ങാനം പള്ളി മേടയിൽ വെ. റവ. ഡോ. ജോസഫ് കുഴിഞ്ഞാലിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. വികാരി വെരി റവ. ഫാ. സെബാസ്റ്റ്യൻ മുണ്ടുമൂഴിക്കര, ഫാ.കുര്യൻ മറ്റം, ഫാ. ജോസഫ് ചെറുകരകുന്നേൽ (ലോക്കൽകോർഡിനേറ്റർ) ഫാ.ജോർജ് മണ്ഡപം, റ്റി.പി. ജോസഫ്, ജയിംസ് മാറാട്ടുകുളം, ജാൻസ് കക്കാട്ടിൽ, തൊമ്മച്ചൻ പാറയിൽ എന്നിവർ പ്രസംഗിച്ചു.

⌑ **കൺവെൻഷൻ മൊബിലൈസേഷൻ**

ബൈബിൾ കൺവൻഷന്റെ ഫൊറോനയിതല മൊബിലൈസേഷൻ ഫൊറോനാകോർഡിനേറ്റർന്മാരായ വൈദികരുടെ നേതൃത്വത്തിൽ നവം. 20-ന് മുമ്പായി നടത്തുകയുണ്ടായി.

**ഫാ. കുര്യൻ മറ്റം**
**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡിറക്ടേഴ്സ്)**

## ജീസസ് യൂത്ത്

### 1. Second Sunday Gathering

മാസത്തിലെ രണ്ടാം ഞായറാഴ്ചകളിൽ നടന്നുവരുന്ന യുവജനകൂട്ടായ്മ നടന്നു. മുൻകാല Jesus Youth അംഗങ്ങൾ അന്നേദിവസം ഒരുമിച്ചുകൂടുകയും ജോർജുകുട്ടി സെബാസ്റ്റ്യൻ, ടോണി ജെ. കുര്യാക്കോസ്, ആൽബിൻ ജോർജ്, ഗീതു, ബിൻസി, ജിന്റു, ഷൈൻ തോമസ് എന്നിവർ നേതൃത്വം നൽകി. സെന്റ് തോമസ് കോളേജ് ഓഡിറ്റോറിയത്തിൽ 08.10.09ന് 9.30 am മുതൽ 3.30 pm വരെയാണ് കൂട്ടായ്മ നടത്തപ്പെട്ടത്.

### 2. One day programme

ചേർപ്പുങ്കൽ ഫൊറോനായിലെ സ്കൂളിലെ High School കുട്ടികൾക്കായി Cherpunkal Holy Cross High School-ൽ വച്ച് 7-11-09-ൽ 9.30 am മുതൽ 3.30 pm വരെ One day programme നടത്തപ്പെട്ടു. Sr. ധന്യ, ടോണി കുര്യാക്കോസ്, ജോർജുകുട്ടി സെബാസ്റ്റ്യൻ, ആൽബിൻ ജോർജ്, അഞ്ജു എന്നിവർ നേതൃത്വം നൽകി.

### 3. Leaders Gathering

വിവിധ H.S.S.കളിലും കോളേജുകളിലും നിന്നുള്ള ലീഡേഴ്സിന്റെ കൂട്ടായ്മ 14-ാം തീയതി ശനിയാഴ്ച ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽ 4.30 pm മുതൽ 10.30 pm വരെ നടന്നു. Sr. ജെയിസ് S.H., ആൽബിൻ ജോർജ്, ടോണി കുര്യാക്കോസ്, ജോസ്ന, റിയ, ജസ്റ്റിൻ എന്നിവർ നേതൃത്വം നൽകി.

### 4. Service Team Gathering

രൂപതയിലെ മുഴുവൻ വൈദികർക്കുംവേണ്ടി നോമ്പുകാലത്ത് കൊന്ത ചൊല്ലി പ്രാർത്ഥിക്കുവാൻ ജീസസ് യൂത്ത് അംഗങ്ങൾ തീരുമാനമെടുക്കുകയും അതിനുതകുന്ന ഒരു പ്രാർത്ഥനാപത്രികയ്ക്ക് രൂപം നല്കുകയും ചെയ്തു.

**ഫാ. കുര്യൻ മറ്റം, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ**
(ഡയറക്ടേഴ്സ്)

## കെ.സി.എസ്.എൽ

*വിശ്വാസം, പഠനം, സേവനം*

**1. കൂപ്പൺ നറുക്കെടുപ്പ്**

കെസിഎസ്എൽ 2009-10 പ്രവർത്തനവർഷത്തിന്റെ നടത്തിപ്പിനായി ഇറക്കിയ കൂപ്പണിന്റെ നറുക്കെടുപ്പ് ഒക്ടോബർ 17 ശനിയാഴ്ച കെ.സി.എസ്.എൽ. രൂപതാ ഓഫീസിൽ വച്ചു ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**2. രൂപതാ കലോത്സവം**

ഈ വർഷത്തെ കെസിഎസ്എൽ രൂപതാ കലാമത്സരങ്ങൾ നവംബർ 27-ന് പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ചു നടത്തപ്പെട്ടു. വിവിധയിനങ്ങളിലായി ആയിരത്തഞ്ഞൂറോളം കുട്ടികൾ പങ്കെടുത്തു. നാലു മണിയോടെ പ്രോഗ്രാം അവസാനിച്ചു.



**3. സംസ്ഥാനസാഹിത്യമത്സരവിജയികൾ**

ഇക്കഴിഞ്ഞ ഒക്ടോബർ 17-ന് ചങ്ങനാശേരി എസ്.ബി. ഹയർസെക്കൻഡറി സ്കൂളിൽ വച്ചു നടത്തപ്പെട്ട സംസ്ഥാനസാഹിത്യമത്സരത്തിൽ നമ്മുടെ രൂപതയെ പ്രതിനിധീകരിച്ച് ഏകദേശം 150 കുട്ടികൾ പങ്കെടുത്തു. പങ്കെടുത്ത 10 ഇനങ്ങളിൽ നമ്മുടെ കുട്ടികൾ സമ്മാനാർഹരായി.

**റവ. ഫാ. തോമസ് പനയ്ക്കക്കുഴി (ഡയറക്ടർ)**

## കെ.സി.വൈ.എം.

**ക്രിസ്മസ് ആഘോഷങ്ങൾ**

മാനവകുലത്തിന്റെ വിമോചനത്തിനായി മനുഷ്യനായി അവതരിച്ച ഈശോയുടെ ജനനം അനുസ്മരിക്കുന്നു ക്രിസ്മസ് ദിനം. ക്രിസ്മസ് കരോൾ, പുൽക്കൂടുമത്സരം, ക്രിസ്മസ്ട്രീ, കരോൾ ഗാനങ്ങൾ തുടങ്ങിയവ നടത്തി ക്രിസ്മസ് സമുചിതമായി ആഘോഷിപ്പിക്കാൻ ബഹു. ഡയറക്ടർ അച്ചന്മാർ മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**രൂപതാകലാമത്സരം**

'ഉത്സവ് 09' നവംബർ 29 യുവജനസംഘാത്മകതയ്ക്ക് അവസരമൊരുക്കി സാഹിത്യപരവും കലാപരവുമായ കഴിവുകളെ കണ്ടെത്തി പരിപോഷിപ്പിക്കുവാനും സഹകരണത്തിലും സഹവർത്തിത്വത്തിലും വളരുവാനും വേദിയൊരുക്കുക എന്ന ലക്ഷ്യത്തോടെ രൂപതാകലോത്സവം നവംബർ 29-ന് അരങ്ങേറുന്നു. മേഖലാതലമത്സരത്തിൽ 1, 2, 3 സ്ഥാനം ലഭിച്ചവർക്ക് രൂപതാമത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. രചനാമത്സരങ്ങൾ നവംബർ 29, 1.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ചും കലാമത്സരങ്ങൾ ഡിസംബർ 6-ന് 1.30 ന് സെന്റ് തോമസ് ഹൈസ്കൂളിൽ വച്ചും നടത്തപ്പെടും.

**കെ.സിവൈ.എം. സംസ്ഥാനസമ്മേളനം**

കെസിവൈഎമ്മിന്റെ ആഭിമുഖ്യത്തിൽ തൃശൂരിൽ വച്ച് നടത്തപ്പെട്ട സംസ്ഥാന സമ്മേളനത്തിൽ പാലാ രൂപതയിൽ നിന്നും 53 അംഗങ്ങൾ പങ്കെടുത്തു. ആവേശോജ്ജ്വലമായ പ്രവർത്തകരുടെ പ്രകടനം സവിശേഷശ്രദ്ധ പിടിച്ചുപറ്റി. രൂപതാ ഡയറക്ടർ ഫാ. ജോസഫ് ആലഞ്ചേരി, രൂപതാ പ്രസിഡന്റ് എഡ്വിൻ പാമ്പാറ, ജോസൻ പേഴുംകാട്ടിൽ എന്നിവർ പാലാ രൂപതാ ഗ്രൂപ്പിന് നേതൃത്വം നല്കി.

**യൂണിറ്റ് മേഖല തെരഞ്ഞെടുപ്പ്**

പ്രസ്ഥാനത്തിന്റെ 2010 പ്രവർത്തനവർഷം നയിക്കുവാൻ നവനേതൃത്വത്തെ കണ്ടെത്തുന്നതിനുള്ള തെരഞ്ഞെടുപ്പ് നവംബർ 22-നു മുമ്പായി പൂർത്തിയാക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുന്ന ഭാരവാഹികളുടെ ലിസ്റ്റും അംഗത്വം പുതുക്കുവാനുള്ളവരുടെ ലിസ്റ്റും രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ട അവസാനതീയതി നവംബർ 28 ആണ്. മേഖലാതെരഞ്ഞെടുപ്പുകൾ ഡിസംബർ 16-നു മുമ്പായി പൂർത്തിയാക്കണം. മേഖലാതെരഞ്ഞെടുപ്പ് തീയതികൾ രൂപതാ കേന്ദ്രത്തിൽ മുൻകൂട്ടി അറിയിക്കേണ്ടതാണ്. രൂപതയിൽ നിർദ്ദിഷ്ടസമയത്ത് രജിസ്റ്റർ ചെയ്ത യൂണിറ്റുകളിലെ പ്രസിഡന്റ്, സെക്രട്ടറി, മേഖലാ കൗൺസിലർ, എന്നിവർക്കാണ് മേഖലാതെരഞ്ഞെടുപ്പിൽ

മത്സരിക്കുന്നതിന് സാധിക്കുകയുള്ളൂ. മേഖലാറിപ്പോർട്ട് സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 14.

### ➤ മികച്ച മേഖല-യൂണിറ്റ് തെരഞ്ഞെടുപ്പ്

2009 പ്രവർത്തനവർഷം മികച്ച പ്രവർത്തനം കാഴ്ചവച്ച മേഖലാ യൂണിറ്റുകളെ ഡിസംബർ 27-ന് നടക്കുന്ന രൂപതാവാർഷികത്തിൽ അനുമോദിക്കുകയും ട്രോഫികൾ നൽകുകയും ചെയ്യുന്നു.

### ➤ മികച്ച പ്രവർത്തകൻ പ്രവർത്തക ആദരിക്കൽ

2009 പ്രവർത്തനവർഷത്തെ മികച്ച പ്രവർത്തകനെയും പ്രവർത്തകയെയും രൂപതാവാർഷികത്തിൽ ആദരിക്കുന്നു.

### ➤ വാർഷികദിനാഘോഷം

'യുവജനം വിശ്വാസതീക്ഷ്ണതയോടെ രാഷ്ട്രസേവനത്തിന്' എന്ന പഠനവിഷയത്തെ ആസ്പദമാക്കി കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ വാർഷികം ഡിസംബർ 27-ന് നടത്തപ്പെടുന്നു. യൂണിറ്റുകളിൽ നിന്നും പരമാവധി അംഗങ്ങളെ പങ്കെടുപ്പിക്കുവാൻ ബഹു. ഡയറക്ടറച്ചന്മാർ ശ്രദ്ധിക്കുമല്ലോ. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

### ➤ രൂപതാ ഇലക്ഷൻ ക്യാമ്പ്

2010 പ്രവർത്തനവർഷത്തെ നവരൂപതാ നേതൃത്വത്തെ തെരഞ്ഞെടുക്കാനുള്ള ഇലക്ഷൻ ഡിസംബർ 27-ന് വൈകുന്നേരം 6.30 മുതൽ ഷലോം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടുന്നു. രൂപതാ നേതൃത്വത്തിലേക്ക് മത്സരിക്കുന്നവർ ഡിസംബർ 17 ന് മുമ്പായി നിയമാവലി പ്രകാരം രൂപതാ ഡയറക്ടറുടെ മുമ്പാകെ നാമനിർദ്ദേശ പത്രിക സമർപ്പിക്കേണ്ടതാണ്.

### ➤ പുതിയ യൂണിറ്റ്

കുറുഞ്ഞിയിൽ പുതിയ യൂണിറ്റ് ആരംഭിച്ചു. ഫാ. ജോസഫ് ആലഞ്ചേരി, എബിൻ കുന്നത്ത് ക്ലാസ്സുകൾ എടുത്തു.

### ➤ രക്തദാന ഡയറക്ടറി

യൂണിറ്റ് തലങ്ങളിൽനിന്ന് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ രൂപതാതലത്തിൽ രക്തദാനഡയറക്ടറി രൂപീകരിക്കുന്നു. ഡയക്ടറിയിലേക്ക് പേരുകൾ നല്കാൻ താൽപര്യമുള്ളവർ ഡിസംബർ 10-നു മുമ്പായി രൂപതാ ഓഫീസിൽ ലിസ്റ്റ് നല്കുമല്ലോ.

### ➤ യുവജനവാർത്താപത്രിക

കെസിവൈഎമ്മിന്റെ കഴിഞ്ഞവർഷത്തെ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി യുവജനവാർത്താപത്രിക അണിഞ്ഞൊരുങ്ങുന്നു. പത്രത്തിലേയ്ക്ക് വിവരങ്ങൾ നല്കാൻ താൽപര്യമുള്ള യൂണിറ്റുകൾ രൂപതാ സെക്രട്ടറിയുമായി ബന്ധപ്പെടണമെന്ന് താൽപര്യപ്പെടുന്നു.

### ➤ ഐസിവൈഎം ദേശീയ സെമിനാറിൽ പങ്കെടുത്തു

നവംബർ 5 മുതൽ 8 വരെ മംഗലാപുരത്തു വച്ചു നടന്ന യുവജനപ്രസ്ഥാനത്തിന്റെ ദേശീയ സെമിനാറിൽ രൂപതയെ പ്രതിനിധീകരിച്ച് പ്രസിഡന്റ് എഡ്വിൻ പാമ്പാറ ജനറൽ സെക്രട്ടറി, ജോസൻ പേഴുംകാട്ടിൽ എന്നിവർ സംബന്ധിച്ചു.

### ➤ രൂപതാ ബൈബിൾ കൺവൻഷൻ

ഡിസംബർ 19 മുതൽ 23 വരെ ഭരണങ്ങാനത്തുവച്ച് നടത്തപ്പെടുന്ന 27-ാമത് പാലാ രൂപതാ ബൈബിൾ കൺവൻഷനിൽ പരമാവധി യുവജനങ്ങളെ സംബന്ധിപ്പിക്കുവാൻ ബഹു. ഡയറക്ടർ അച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ഈ വർഷത്തെ വൈ.എ.റ്റി.പി. അംഗങ്ങൾ ധ്യാനത്തിന്റെ ഭാഗമായി കൺവെൻഷനിൽ സംബന്ധിക്കേണ്ടതാണ്.

**ഫാ. തോമസ് ആലഞ്ചേരി (ഡയറക്ടർ)**



# ഫ്രാൻസിസ്കൻ അത്മായസഭ

### ◈ യൂണിറ്റ് സന്ദർശനം

രൂപതാ - റീജിയണൽ ഭാരവാഹികൾ നവംബർ - ഡിസംബർ മാസങ്ങളിൽ യൂണിറ്റുകൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് സന്ദർശനപരിപാടികൾക്ക് രൂപം നൽകി.

### ◈ കേരള അസ്സീസി പുത്തൻപറമ്പിൽ തൊമ്മച്ചൻ

രണ്ടാം ക്രിസ്തു എന്നറിയപ്പെടുന്ന വി. ഫ്രാൻസീസ് അസ്സീസി കുടുംബജീവിതർക്കായി രൂപപ്പെടുത്തിയ ഫ്രാൻസിസ്കൻ മൂന്നാംസഭയുടെ ചൈതന്യം കേരളത്തിലെ വിവിധ ഇടവകകളിൽ എത്തിക്കുകയും, ആരാധനക്ലാരസന്യാസസഭകളുടെ സ്ഥാപനത്തിൽ പ്രധാനപങ്ക് വഹിക്കുകയും ചെയ്ത പുണ്യശ്ലോകനായ കേരളഅസ്സീസി പുത്തൻപറമ്പിൽ തൊമ്മച്ചന്റെ 101-ാം വാർഷികാചരണം 2009 നവംബർ ഒന്നിന് എടത്വ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ നടത്തപ്പെട്ടു. സമൂഹബലിയിലും തുടർന്ന് നടത്തിയ സമ്മേളനത്തിലും രൂപതയിൽ നിന്ന് നിരവധി പേർ പങ്കെടുത്തു.

### ◈ മേഖലാ സമ്മേളനങ്ങൾ

**1. അരുവിത്തുറ മേഖല സമ്മേളനം**

അരുവിത്തുറ മേഖലാസമ്മേളനം ഡിസംബർ 13 (ഞായറാഴ്ച) ഉച്ചകഴിഞ്ഞ് 1.30 ന് അരുവിത്തുറ സെന്റ് ജോർജ് പാരീഷ് ഹാളിൽ നടത്തപ്പെടുന്നു.

**2. കുറവിലങ്ങാട് മേഖല സമ്മേളനം**

കുറവിലങ്ങാട് മേഖലാസമ്മേളനം ഡിസംബർ 5 (ശനിയാഴ്ച) ഉച്ചകഴിഞ്ഞ് 1.30 ന് കൂടല്ലൂർ സെന്റ് ജോസഫ് പാരീഷ് ഹാളിൽ നടത്തപ്പെടുന്നു.

**3. പാലാ മേഖലാ സമ്മേളനം**

പാലാ മേഖലാ സമ്മേളനം ഡിസംബർ 6 (ഞായറാഴ്ച) ഉച്ചകഴിഞ്ഞ് 1.30 ന് പൂവരണി എസ്.എച്ച്. പാരീഷ് ഹാളിൽ നടത്തപ്പെടുന്നു.

**ഫാ. അലക്സ് വാച്ചാപറമ്പിൽ (കപ്പൂച്ചിൻ)**

# ഫാമിലി അപ്പോസ്തോലേറ്റ്

### വിവാഹഒരുക്കസെമിനാർ

കഴിഞ്ഞ നവംബർ 2 -5; 16 - 19 എന്നീ തീയതികളിലായി പാലാ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്ന വിവാഹഒരുക്കസെമിനാറുകളിൽ 360 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് കരസ്ഥമാക്കി.

ഡിസംബർ മാസത്തെ കോഴ്സ് 7-10; 28-31 എന്നീ തീയതികളിലായി നടക്കുന്നതാണ്.

## സാന്ത്വന കൗൺസലിംഗ് സെന്റർ

പാലാ രൂപതാ ഷലോം പാസ്റ്ററൽ സെന്ററിൽ ഉള്ള സാന്ത്വന കൗൺസലിംഗ് സെന്റർ വഴി 85 പേർക്ക് കഴിഞ്ഞമാസം കൗൺസലിംഗ് നല്കുകയുണ്ടായി. കൗൺസലിംഗിന് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

# മാതൃജ്യോതി

## രൂപതാ എക്സിക്യൂട്ടീവ്

മേഖലാ ജോയിന്റ് ഡയറക്ടർമാരുടെയും, രൂപതാ ഭാരവാഹികളുടെയും, മേഖലാപ്രസിഡന്റുമാരുടെയും വിശേഷാൽ യോഗം ഒക്ടോബർ 31-ന് രൂപതാ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ നടുത്തടത്തിന്റെ അധ്യക്ഷതയിൽ ഷലോമിൽ ചേർന്ന് മാതൃജ്യോതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. തുടർന്ന് 2010-2012 വർഷത്തെ തെരഞ്ഞെടുപ്പിനെക്കുറിച്ചും വാർഷികാഘോഷത്തെക്കുറിച്ചും തീരുമാനമെടുത്തു. മാതൃജ്യോതി ഗാനാലാപനത്തിനുള്ള പരിശീലനവും നല്കി.

## യൂണിറ്റു സന്ദർശനം

ഒക്ടോബർ 17-ന് കുടക്കച്ചിറയിൽ രൂപതാ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, രൂപതാ പ്രസിഡന്റ് എന്നിവർ പോകുകയും ക്ലാസ് എടുക്കുകയും ചെയ്തു. രൂപതാ ജോയിന്റ് ഡയറക്ടറും പ്രസിഡന്റുംകൂടി ഒക്ടോബർ 18-ന് മൂന്നാനിയിൽ പോയി ക്ലാസ്സെടുത്തു. ഒക്ടോബർ 24 ശനിയാഴ്ച ഇളംതോട്ടം യൂണിറ്റിൽ റവ. സി. ജോസി മരിയായും ഏലിക്കുട്ടി പുല്ലാട്ടും ക്ലാസ്സെടുത്തു. രൂപതാ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, പ്രസിഡന്റ്, ജോയിന്റ് സെക്രട്ടറി എന്നിവർ ഒക്ടോബർ 30-ന് ചൂണ്ടച്ചേരി യൂണിറ്റ് സന്ദർശിച്ച് മാതാക്കൾക്കായി ക്ലാസ്സെടുത്തു. നവംബർ 13-ന് ജോയിന്റ് ഡയറ്കർ സി. ജോസി മരിയയും പ്രസിഡണ്ട് ഏലിക്കുട്ടി പുല്ലാട്ടും വേലത്തുശേരിയിൽ പോയി മാതാക്കൾക്കായി ക്ലാസ്സെടുത്തു.

## പൂഞ്ഞാർ മേഖല സെമിനാർ

മക്കളുടെ സുരക്ഷിതത്വവും മാതാക്കളും എന്ന വിഷയത്തെ അധികരിച്ച് നവംബർ 4-ാം തീയതി പൂഞ്ഞാർ മേഖലയുടെ ആഭിമുഖ്യത്തിൽ സെമിനാർ നടത്തി. റവ. ഫാ. ജെയിംസ് പൊരുന്നോലിയുടെ അദ്ധ്യക്ഷതയിൽ പൂഞ്ഞാർ പാരീഷ് ഹാളിൽ കൂടിയ യോഗത്തിൽ മിസ് ഏയ്ഞ്ചൽ തോമസ് ക്ലാസ്സെടുത്തു. നിരവധി മാതാക്കൾ പങ്കെടുത്ത് സെമിനാർ ഫലദായമാക്കി.

## പ്രഗ്നൻസി കെയർ

ഗർഭിണികളായ അമ്മമാർക്ക് ആത്മീയപ്രകാശവും, അവരുടെ മാനസികാരോഗ്യത്തിന് ആവശ്യമായ നിർദ്ദേശങ്ങളും നൽകുന്ന ഈ ശുശ്രൂഷ ബഹു. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. മുട്ടുചിറ ഹോളിഗോസ്റ്റ്, കൂത്താട്ടുകുളം ദേവമാതാ, പാലാ കാർമ്മൽ മെഡിക്കൽ സെന്റർ, അരുണാപുരം മരിയൻ മെഡിക്കൽ സെന്റർ എന്നീ ആശുപത്രികളിൽ ഈ സേവനം ലഭ്യമാണ്.

ഈ ശുശ്രൂഷയുടെ പ്രാധാന്യം മാതാക്കൾക്കു വ്യക്തമാക്കിക്കൊടുക്കുവാനും അങ്ങനെ ധാരാളം പേർക്ക് ഇതിൽനിന്ന് പ്രയോജനം ലഭിക്കാൻ ഇടയാകുവാനും എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.



# പ്രോ - ലൈഫ്

## കുടുംബോത്സവ്

കടനാട് ഇടവകയിൽ 18-നും 55-നും ഇടയ്ക്ക് പ്രായമുള്ളവർക്കായി കുടുംബോത്സവ് സെമിനാർ ഒക്ടോബർ 4-ന് 10 മണി മുതൽ 4 മണി വരെ നടത്തി. ഡോ. അബ്രാഹം ജേക്കബ് ജീവനെ സംബന്ധിച്ച് ക്ലാസ് നയിച്ചു. അഡ്വ. തോമസ് തണ്ണിപ്പാറ നിയമപരിഷ്കരണത്തെക്കുറിച്ചും ആത്മഹത്യ, ദയാവധം തുടങ്ങി വളരെ ഗൗരവമായ കാര്യങ്ങളെ സംബന്ധിച്ച് ക്ലാസ് എടുത്തു. ഡോ. മാത്യു കരിപ്പത്ത് ആത്മഹത്യയിൽ നിന്നും മറ്റു പല വിധ തിന്മകളിൽ നിന്നും എങ്ങനെ മറ്റുള്ളവരുടെ ജീവൻ സംരക്ഷിക്കാമെന്ന് സ്വന്തം അനുഭവങ്ങളിൽ നിന്നും വിശദീകരിച്ചു കൊടുത്തു.

## പ്രാർത്ഥനാകൂട്ടായ്മ

ഒക്ടോബർ 18-ന് അംഗങ്ങൾ ഒരുമിച്ചുകൂടി പ്രാർത്ഥനാകൂട്ടായ്മ നടത്തി. അതിനുശേഷം തീക്കോയി ഇടവകയിൽ നടത്താനിരുന്ന സെമിനാറിനെപ്പറ്റി ചർച്ച ചെയ്ത് 25-ാം തീയതി നടത്താൻ തീരുമാനിച്ചു.

## മീറ്റിംഗ്

ഒക്ടോബർ 24-ന് പി.ഒ.സി. യിൽ നടന്ന രൂപതാ കോ-ഓർഡിനേറ്റേഴ്സിന്റെ മീറ്റിംഗിൽ സോണൽ കോർഡിനേറ്റേഴ്സും പ്രോ-ലൈഫ് വിജിലൻസ് ഓഫീസറും ആയ അഡ്വ. തോമസ് തണ്ണിപ്പാറയും രൂപതാ കോർഡിനേറ്റർ സി. മേരി ജോർജും രൂപതാ പ്രോ-ലൈഫ് ട്രഷറർ ജിജി വളയത്തിലും പങ്കെടുത്തു.

## കുടുംബോത്സവ്

ഒക്ടോബർ 25-ന് പൂഞ്ഞാർ ഇടവകയിൽ കുടുംബോത്സവ് നടത്തി. കെ.സി.ബി.സി. പ്രോ-ലൈഫ് സമിതി സെക്രട്ടറി അബ്രാഹം പുത്തൻകുളവും, കിടങ്ങൂർ എൽ.എൽ.എം. ഹോസ്പിറ്റലിലെ ചീഫ് ഗൈനക്കോളജിസ്റ്റായ ഡോ. സി. മേരി മാഴ്സില്ലെസും ക്ലാസ്സുകൾ നയിച്ചു. സെമിനാറിൽ സംബന്ധിച്ചവർക്ക് ജീവന്റെ മൂല്യത്തെപ്പറ്റിയും ജീവന്റെ സംരക്ഷണം എപ്പോൾ മുതൽ എങ്ങനെ ഏതെല്ലാം തലങ്ങളിൽ ആവശ്യമാണ് എന്ന് ബോദ്ധ്യമാക്കി 4 മണിയോടെ ക്ലാസ്സുകൾ കഴിഞ്ഞു.

## റിക്ലക്ഷൻ

ഒക്ടോബർ 29-ാം തീയതി ചേർപ്പുങ്കൽ മാർ സ്ലീവാ കോളജ് ഓഫ് നഴ്സിംഗിലെ കുട്ടികൾക്ക് ഒരു ദിവസത്തെ റിക്ലക്ഷനോടുകൂടി 10 മണി മുതൽ തൃശൂർ ജില്ലാ ഹോസ്പിറ്റലിലെ ഡോ. ടോണിയും മെഡിക്കൽ കോളജിലെ എം.ഡി.; ഡി.ജി.ഒ. ഡോ. പിന്റോയും ജീവന്റെ ക്ലാസ്സുകൾ എടുത്ത് നേഴ്സ് എന്ന നിലയിൽ ജീവനെ എങ്ങനെ സംരക്ഷിക്കണമെന്നും മനസ്സിലാക്കിക്കൊടുത്തു.

# tlmwan-j³

**1. തുടങ്ങനാട്**

തുടങ്ങനാട് ഫൊറോനായിലെ ഹോംമിഷൻ ഒക്ടോബർ 5-ാം തീയതി ആരംഭിച്ചു. ഹോംമിഷനിലെ അംഗങ്ങളായ ബഹു. സിസ്റ്റേഴ്സ് തലേദിവസം തന്നെ പള്ളിയിൽ എത്തിച്ചേർന്നു. ഇടവകയിലെ ബഹു. അച്ചന്മാർ, ബഹു. സിസ്റ്റേഴ്സ്, യോഗപ്ര

തിനിധികൾ എന്നിവരുടെ സഹായസഹകരണങ്ങളോടെ നടന്ന ഈ ശുശ്രൂഷ ഒക്ടോബർ 24-ാം തീയതി സമാപിച്ചു.

**2. ഹോം മിഷൻ കൂട്ടായ്മ**

ഹോംമിഷനിലെ അംഗങ്ങൾ എല്ലാവരും ഒക്ടോബർ 27-ാം തീയതി 10 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ ബഹു. ഡയറക്ടർ അച്ചന്റെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. ജപമാലയ്ക്കും ബൈബിൾ വായിച്ചുള്ള പ്രാർത്ഥനയ്ക്കുംശേഷം തുടങ്ങനാട് ഇടവകയിലെ ഹോംമിഷൻ പ്രവർത്തനങ്ങളെ വിലയിരുത്തി. നവംബർ 8-ാം തീയതി കാഞ്ഞിരത്താനം ഇടവകയിൽ ആരംഭിക്കുന്ന ഹോംമിഷനെക്കുറിച്ച് പ്രാർത്ഥിക്കുകയും, പദ്ധതികൾ തയ്യാറാക്കുകയും ചെയ്തു. സി.എം.സി. സന്യാസിനിസമൂഹത്തിലെ നോവിഷ്യേറ്റ് അംഗങ്ങളും ഈ ശുശ്രൂഷയിൽ സഹകരിക്കുന്നു എന്നത് ഒരു പ്രത്യേകതയാണ്.

സമ്മേളനത്തിനുശേഷം അഭിവന്ദ്യപിതാവിനെ കാണാൻ അരമനയിൽ പോയി. അഭിവന്ദ്യ പിതാവ് ഹോംമിഷൻ കാര്യങ്ങളെക്കുറിച്ച് സംസാരിക്കുകയും സമ്മാനങ്ങൾ നൽകുകയും എല്ലാവരെയും ആശീർവദിക്കുകയും ചെയ്തു.

## atUmW C³Ìn-äyqk‹v Hm^v tlmwsse^v

**1. മഡോണ രജതജൂബിലി വർഷത്തിലേക്ക്**

നവംബർ 16-ാം തീയതി മഡോണ ഇൻസ്റ്റിറ്റ്യൂട്ട് രജതജൂബിലി വർഷത്തിലേക്ക് പ്രവേശിച്ചു. അഭിവന്ദ്യവയലിൽ പിതാവിന്റെ അനുഗൃഹീതകരങ്ങളാൽ സ്ഥാപിതമായ ഈ സ്ഥാപനം കഴിഞ്ഞ 24 വർഷത്തിനിടയിൽ 52 ബാച്ച് വിദ്യാർത്ഥിനികളെ പരിശീലിപ്പിച്ചു. പാചകം, ടെയ്‌ലറിംഗ്, എംബ്രോയ്ഡറി, ഓർണമെന്റ് ഡിസൈനിംഗ് തുടങ്ങിയ വിഷയങ്ങളിൽ പ്രാവീണ്യം നേടിയ 1600 ൽ പരം വിദ്യാർത്ഥിനികൾ മഡോണയുടെ അഭിമാനമായി നിലകൊള്ളുന്നു.

**2. പുതിയ ബാച്ച് ആരംഭിക്കുന്നു**

ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന കോഴ്സ് ഡിസംബർ മാസത്തിൽ അവസാനിക്കും. അടുത്ത ബാച്ച് 2010 ജനുവരി 4-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മണിക്ക് ആരംഭിക്കുന്നതാണ്.

**ഫാ. സെബാസ്റ്റ്യൻ നടുത്തടം (ഡയറക്ടർ)**
**ഫാ. തോമസ് ഇടയാൽ (അസി. ഡയറക്ടർ)**

# ഡി. സി. എം. എസ്.

## 1. റിസോഴ്സ് ടീം ക്യാമ്പ്

യുവജനങ്ങൾക്ക് നടത്തുന്ന റിസോഴ്സ് ടീം പരിശീലനക്യാമ്പ് ഈ മാസം 13, 14, 15 തീയതികളിൽ മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തി. 21 യുവജനങ്ങൾ ക്യാമ്പിൽ പങ്കെടുത്തു. റവ. ഫാ. തോമസ് മേനാച്ചേരിൽ "സഭയും ചരിത്രവും" എന്ന വിഷയത്തേക്കുറിച്ചും റവ. ഫാ. മാത്യു പന്തലാനിക്കൽ "യുവജനമന:ശാസ്ത്രം" എന്ന വിഷയത്തെക്കുറിച്ചും ക്ലാസ് നയിച്ചു. 'കേരള ഭരണം വിജയമോ പരാജയമോ' എന്ന വിഷയത്തെ ആസ്പദമാക്കി ഡിബേറ്റ് നടത്തി.



അടുത്ത മാസത്തെ ക്യാമ്പ് ഡിസംബർ 11, 12, 13 തീയതികളിൽ ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെടും.

## 2. ലീഡേഴ്സ് ക്യാമ്പ്

മാതാപിതാക്കൾക്കായി നടത്തുന്ന ലീഡേഴ്സ് ക്യാമ്പ് നവംബർ 21, 22 തീയതികളിൽ ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തി. പാലാ, രാമപുരം, അരുവിത്തുറ, ചേർപ്പുങ്കൽ, തുടങ്ങനാട്, ഭരണങ്ങാനം മേഖലകളിൽ നിന്നും എസ്.എച്ച്.ജി ഗ്രൂപ്പ് അംഗങ്ങളും ഡി.സി.എം.എസ്. പ്രവർത്തകരും ഈ ക്യാമ്പിൽ പങ്കെടുത്തു. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ മാതാപിതാക്കളുടെ പങ്ക്, +2 വിദ്യാഭ്യാസത്തിനുശേഷം കുട്ടികൾ ഏതു കോഴ്സ് തിരഞ്ഞെടുക്കണം തുടങ്ങിയ കാര്യങ്ങളിൽ മാതാപിതാക്കൾക്ക് ബോധ്യം നൽകുവാൻ ചൂണ്ടച്ചേരി സെന്റ് ജോസഫ്സ് കോളജ് ഓഫ് എൻജനീയറിംഗ് ആൻഡ് ടെക്നോളജി, പാലാ സിവിൽ സർവ്വീസ് ട്രെയിനിംഗ് കോളജ്, ലൂമൻ സ്റ്റഡി സെന്റർ പാലാ തുടങ്ങിയ പഠനകേന്ദ്രങ്ങളിലേക്ക് സന്ദർശനം നടത്തി. മുട്ടുചിറ, ഇലഞ്ഞി, കുറവിലങ്ങാട് തുടങ്ങിയ മേഖലകളിലെ ക്യാമ്പംഗങ്ങൾക്ക് പഠനകേന്ദ്രങ്ങളിലേയ്ക്കുള്ള സന്ദർശനവും, ക്യാമ്പും 2009 നവംബർ 28, 29 തീയതികളിൽ മുണ്ടുപാലം ബ്ലസ്ഡ് കുഞ്ഞച്ചൻ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കുന്നു.

## 3. പലിശരഹിത ലോണുകൾ

ഡി.സി.എം.എസ്. സംഘടന നടത്തുന്ന 5 പരിശീലന ക്യാമ്പ് കൂടിയ ഡി.സി.എം.എസ്., എസ്.എച്ച്.ജി. ഗ്രൂപ്പുകൾക്കും, വ്യക്തികൾക്കും തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പലിശരഹിത ലോണുകൾ നൽകിവരുന്നു.

## 4. ഡി.സി.എം.എസ്., എസ്.എച്ച്.ജി. ഗ്രൂപ്പുകൾ

സമ്പാദ്യശീലം വളർത്തുന്നതിനുപകരിക്കുന്ന 109 എസ്.എച്ച്.ജി. ഗ്രൂപ്പുകൾ ഡി.സി.എം.എസ്. സംഘടനയിൽ പ്രവർത്തിക്കുന്നു. ഈ ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളെ സഹായിക്കുന്ന കൺവീനർമാർക്ക് പ്രത്യേക പരിശീലനങ്ങൾ, മാസമീറ്റിംഗ് ഇവ നടത്തിവരുന്നു. എസ്.എച്ച്.ജി. ഗ്രൂപ്പുകളിൽ അർദ്ധദിന സെമിനാറുകൾ നൽകിവരുന്നു.

**ഫാ. മാത്യു കിഴക്കേഅരഞ്ഞാണിയിൽ (ഡയറക്ടർ)**

# ഏ.കെ.സി.സി.

## 57-ാം രൂപതാ വാർഷികം

ഏ.കെ.സി.സി. പാലാ രൂപതയുടെ 57-ാം വാർഷികസമ്മേളനം നവംബർ 1-ന് പാലാ മുണ്ടാങ്കൽപള്ളി അങ്കണത്തിൽ നടന്നു. 1.30 ന് പ്രസിഡന്റ് എം.എം. ജേക്കബ് പതാക ഉയർത്തി. തുടർന്ന് നടന്ന സമ്മേളനം ബിഷപ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ, അടുത്തവർഷത്തെ കർമ്മപദ്ധതികളുടെ ഉദ്ഘാടനം ബിഷപ് മാർ ജോസഫ്

കല്ലറങ്ങാട്ടുപിതാവ് നിർവ്വഹിച്ചു. ജനറൽ സെക്രട്ടറി സ്വാഗതവും സെക്രട്ടറി ജയിംസ് ചെറുവള്ളി റിപ്പോർട്ടും അവതരിപ്പിച്ചു. ജോൺ കച്ചിറമറ്റം, ടോമി തുരുത്തിക്കര എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. തുടർന്ന് പതിമൂന്ന് മേഖലാപ്രസിഡന്റുമാരും 7 വേദികളുടെ കൺവീനർമാരും റിപ്പോർട്ട് അവതരിപ്പിച്ചു. വൈസ്പ്രസിഡന്റ് ജോയി മുത്തോലി നന്ദി രേഖപ്പെടുത്തി.

### ഏ.കെ.സി.സി. വോയ്സ്

ഏ.കെ.സി.സി. രൂപതയുടെ വാർഷികപ്പതിപ്പ് 'ഏ.കെ.സി.സി. വോയിസി' ന്റെ പ്രകാശനകർമ്മം നവംബർ 1-ന് നടന്ന വാർഷികസമ്മേളനത്തിൽ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ശ്രീ. ജോൺ കച്ചിറമറ്റത്തിന് നൽകി പ്രകാശനം ചെയ്തു. ഏ.കെ.സി.സി. യെക്കുറിച്ചും അടുത്ത വർഷത്തെ കർമ്മപദ്ധതിയായ 'സാമുദായിക ശാക്തീകരണം ഏകെസിസി യിലൂടെ" എന്ന വിഷയത്തെക്കുറിച്ചുമുള്ള പഠനഗ്രന്ഥം കൂടിയാണ് 'ഏകെസിസി വോയ്സ്'

### പച്ചക്കറി വിത്ത് വിതരണം

ഏ.കെ.സി.സി. യൂണിറ്റുകളിൽ എത്തിക്കുന്നതിനായി വിതരണം ചെയ്യുന്ന പച്ചക്കറി വിത്തുകളുടെ രൂപതാതല വിതരണോദ്ഘാടനം ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് കാർഷികവേദി കൺവീനർ ബേബി പുത്തൻപുരയ്ക്ക് നൽകി നിർവ്വഹിച്ചു. യൂണിറ്റുകളിൽ നിന്നു മികച്ച പച്ചക്കറിത്തോട്ടത്തിന് രൂപതാതലത്തിൽ സമ്മാനങ്ങൾ നൽകുന്നതാണ്.

### ബേബി ആലുങ്കൽ മികച്ച പ്രവർത്തകൻ

രൂപതയിലെ മികച്ച പ്രവർത്തകനായി കൂത്താട്ടുകുളം ഇടവകാംഗവും ഇലഞ്ഞി മേഖലയുടെ സെക്രട്ടറിയുമായ ബേബി ആലുങ്കലിനെ തെരഞ്ഞെടുത്തു. വാർഷിക സമ്മേളനത്തിൽ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് അദ്ദേഹത്തെ പൊന്നാട അണിയിച്ച് ആദരിക്കുകയും ഉപഹാരം സമ്മാനിക്കുകയും ചെയ്തു.

### പഠനശിബിരം

ഏകെസിസിയുടെ അടുത്ത വർഷത്തെ പ്രവർത്തനവിഷയമായ "സാമുദായിക ശാക്തീകരണം ഏകെസിസി യിലൂടെ" എന്ന വിഷയത്തെ ആസ്പദമാക്കി പഠനശിബിരം നവംബർ 12-ന് മുണ്ടാങ്കൽ നടന്നു. റവ. ഡോ. ജോർജ് വർഗ്ഗീസ് ക്ലാസ് നയിച്ചു.

### കൊണ്ടാട് യൂണിറ്റ് രൂപീകരണം

കൊണ്ടാട് ഇടവകയിൽ യൂണിറ്റ് രൂപീകരണസെമിനാർ നവംബർ 8-ന് നടന്നു. ഫാ. സെബാസ്റ്റ്യൻ അടപ്പച്ചേരിൽ, സാജു അലക്സ്, ജോൺ മിറ്റത്താനി, ജോസ് താന്നിമല എന്നിവർ സംസാരിച്ചു.

### പെരിയപ്പുറം സെമിനാർ

പെരിയപ്പുറം ഇടവകയിൽ യൂണിറ്റ് രൂപീകരണവും സെമിനാറും നവംബർ 15-ന് നടന്നു. റവ. ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ ദിവ്യബലി മധ്യേ സന്ദേശം നൽകി. സെമിനാറിൽ ഫാ. ജോസഫ് പരുവമ്മേൽ, സാജു അലക്സ്, ബേബി ആലുങ്കൽ എന്നിവർ സംസാരിച്ചു.



### സേവ്യർപുരം യൂണിറ്റ് രൂപീകരണം

സേവ്യർപുരം ഇടവകയിൽ യൂണിറ്റ് രൂപീകരണസെമിനാർ നവംബർ 15-ന് നടന്നു. റവ. ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നേൽ, ഫാ. ആൽവിൻ ഏറ്റുമാനൂക്കാരൻ സാജു അലക്സ്, ബേബി ആലുങ്കൽ എന്നിവർ സംസാരിച്ചു.

### രൂപതാ നേതൃസംഗമം

രൂപതാ ഭാരവാഹികളുടെയും മേഖലാപ്രസിഡന്റുമാരുടെയും വേദി കൺവീനർമാരുടെയും സംയുക്തയോഗം നവംബർ 15-ന് മുണ്ടാങ്കൽ ചേർന്നു. വാർഷികസമ്മേളനം യോഗം അവലോകനം ചെയ്യുകയും അടുത്ത മാസങ്ങളിലെ കർമ്മപരിപാടികളെക്കുറിച്ച് ചർച്ചചെയ്യുകയും ചെയ്തു.

**സാജു അലക്സ് (ജനറൽ സെക്രട്ടറി)**

## സോഷ്യൽ വെൽഫെയർ സൊസൈറ്റി

### സഫൈർ ജൂബിലി

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ 45-ാം മത് വാർഷികം സഫൈർ ജൂബിലി വിവിധ പരിപാടികളോടുകൂടി പാലാ ളാലം പഴയപള്ളി പാരീഷ്ഹാളിൽ വച്ച് നടന്നു. P.S.W.S സെക്രട്ടറി ഫാ. മാത്യു ചന്ദ്രൻകുന്നേലിന്റെ അദ്ധ്യക്ഷതയിൽ കൂടിയയോഗത്തിൽ വച്ച് ആന്റേ ആന്റണി എം. പി. പരിപാടി ഉദ്ഘാടനം ചെയ്തു. സ്വയം തൊഴിൽ പരിശീലനം, പലിശരഹിതലോൺ വിതരണം, ബെസ്റ്റ് സ്വാശ്രയ സംഘം അവാർഡുദാനം, ബക്കരിഗാവ് യോജനാ ഫണ്ട് വിതരണം തുടങ്ങിയ പരിപാടികൾ വാർഷികത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു.

### വികലാംഗ ക്ഷേമപദ്ധതി ഫണ്ട്വിതരണം

വികലാംഗക്ഷേമപദ്ധതി ഫണ്ട് വിതരണം ഡിസംബർ, ജനുവരി മാസങ്ങളിൽ നടക്കും. പദ്ധതിയിൽപ്പെട്ട 148 കുട്ടികൾക്ക് വിദ്യാഭ്യാസം, ചികിൽസ എന്നിവയ്ക്കാണ് ധനസഹായം ലഭിക്കുക.

### തേനീച്ചവളർത്തൽ പരിശീലനം

പാലാ സേഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ തേനീച്ചവളർത്തൽ പരിശീലനം സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ പേര് രജിസ്റ്റർ ചെയ്യുക.

### സൗജന്യ പച്ചക്കറിവിത്ത് വിതരണം

തീക്കോയി, കുറിഞ്ഞി, വെള്ളികുളം, രാമപുരം, വേലനിലം, ഉള്ളനാട് എന്നീ സ്വാശ്രയസംഘങ്ങളുടെ ആഭിമുഖ്യത്തിൽ സൗജന്യ പച്ചക്കറിവിത്ത് വിതരണം സംഘടിപ്പിച്ചു.

### മുട്ടക്കോഴി വിതരണം

പാലാ, കോതനല്ലൂർ, കൊഴുവനാൽ, മംഗളാരാം, ചിറ്റാർ, കുറവിലങ്ങാട്, നമ്പ്യാകുളം എന്നീ സ്വാശ്രയ സംഘത്തിന്റെ ആഭിമുഖ്യത്തിൽ മുട്ടക്കോഴി വിതരണം സംഘടിപ്പിച്ചു.

### കിണർ റീചാർജ്ജിങിന് ധനസഹായം

കിണർ റീചാർജ്ജിങ് നടത്തുന്നതിന് 1000 രൂപ മുതൽ 3000 രൂപാവരെ ധനസഹായം നൽകുന്നു.

### കർഷിക പഠനയാത്ര

P.S.W.S തീക്കോയി സോണിന്റെ ആഭിമുഖ്യത്തിൽ കാർഷിക പഠനയാത്ര സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർ P. S.W.S ഓഫീസിൽ പേര് നൽകുക.

### മഹിളാസുരക്ഷാ ഇൻഷുറൻസ് പദ്ധതി

സൊസൈറ്റി ന്യൂ ഇന്ത്യ ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ച് നടപ്പിലാക്കി വരുന്ന മഹിളാ സുരക്ഷാഇൻഷുറൻസ് പദ്ധതിയിൽ ചേരുന്നതിനുള്ള അവസാന തീയതി ഡിസംബർ 10. അപകടസുരക്ഷ ഉറപ്പാക്കുന്നതോടൊപ്പം വീട്ടുപകരണങ്ങൾ കേടായാൽ നന്നാക്കാൻ ധനസഹായം ലഭിക്കുന്ന പദ്ധതികൂടിയാണിത്. പോളിസി തുക 5 വർഷത്തേയ്ക്ക് 115 രൂപാ.

### ചുരിദാർകട്ടിംങ് പരിശീലനം

പൂഞ്ഞാർ, തീക്കോയി, ഭരണങ്ങാനം, അരുവിത്തുറ എന്നീ സോണുകളുടെ ആഭിമുഖ്യത്തിൽ വനിതകൾക്കായ് ചുരിദാർ കട്ടിംങിൽ പരിശീലനം നൽകുന്നു.

### സ്വാശ്രയസംഘം വാർഷികം

ചേർപ്പുങ്കൽ, വെള്ളികുളം, ഇലപ്പള്ളി, കീഴൂർ എന്നീ സ്വാശ്രയസംഘങ്ങളുടെ വാർഷികം നടത്തി.

**ഫാ. തോമസ് വാലുമ്മേൽ (ഡയറക്ടർ)**

## പാലാ കമ്മ്യൂണിക്കേഷൻസ്

### 1. ഇന്റർനെറ്റ് ലോകത്തേക്ക്

2009-ലെ സമ്പർക്കമാധ്യമദിനത്തിന്റെ സന്ദേശത്തിൽ ബനഡിക്ട് 16-ാമൻ മാർപാപ്പാ സഭയുടെ അജപാലനപ്രവർത്തനങ്ങൾ ആധുനികവിവരസാങ്കേതികവിദ്യയുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് ആഹ്വാനം ചെയ്യുകയുണ്ടായി. അതിൽനിന്നും ചൈതന്യമുൾക്കൊണ്ടുകൊണ്ട് പാലാ കമ്മ്യൂണിക്കേഷൻസ് ഇന്റർനെറ്റ് സാങ്കേതികവിദ്യയുടെ ലോകത്തേയ്ക്ക് പ്രവേശിക്കുകയാണ്.

### 2. ലൈവ് വെബ് സ്ട്രീമിംഗ്

നമ്മുടെ നാട്ടിൽ നടക്കുന്ന ആഘോഷങ്ങൾ, തിരുനാളുകൾ, വി. കുർബാന, വിവാഹം, പൊതുചടങ്ങുകൾ, മറ്റുപരിപാടികൾ തുടങ്ങിയവ കുറഞ്ഞ ചെലവിൽ ഇന്റർനെറ്റിൽക്കൂടി തത്സമയം ലോകമെമ്പാടും എത്തിക്കുന്നതാണ്. ലൈവ് വെബ് സ്ട്രീമിംഗ്, 2010 ജനുവരി 1-മുതൽ ഈ സൗകര്യം പാലാ കമ്മ്യൂണിക്കേഷൻസ് ലഭ്യമാക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് പാലാ കമ്മ്യൂണിക്കേഷൻസ് ഓഫീസുമായി ബന്ധപ്പെടുക.



### 3. ഇന്റർനെറ്റ് റേഡിയോ Palaicom.com

പാലാ കമ്മ്യൂണിക്കേഷൻസ് ആരംഭിക്കുന്ന പുതിയ ഇന്റർനെറ്റ് റേഡിയോ ആണ് Palaicom.com ക്രിസ്തീയപരിപാടികൾ, വി. കുർബാന, ജപമാല, ബൈബിൾ, ബൈബിൾ സന്ദേശങ്ങൾ, ബൈബിൾ ദൈവശാസ്ത്രക്ലാസ്സുകൾ, ലോഗോസ് - പഠനസഹായി, കലാപരിപാടികൾ, വിനോദപരിപാടികൾ, വാർത്തകൾ എന്നിവ Internet Radio-യിൽ കൂടെ ഞങ്ങൾ ലഭ്യമാക്കുന്നു. വത്തിക്കാൻ റേഡിയോ പ്രക്ഷേപണം ചെയ്യുന്ന ഇംഗ്ലീഷ്, മലയാളം പ്രോഗ്രാമുകളും ഇന്റർനെറ്റ് റേഡിയോയിൽ ലഭ്യമാണ്. ഇന്റർനെറ്റിലും ജി.ആർ.എസ്. സൗകര്യമുള്ള മൊബൈൽ ഫോണുകളിലും ഇന്റർനെറ്റ് റേഡിയോ ലഭിക്കുന്നു. പ്രോഗ്രാമുകൾ, ഇടവകവാർത്തകൾ തുടങ്ങിയവ തയ്യാറാക്കാൻ ഏവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

### 4. വെബ്സൈറ്റ് ഡിസൈനിംഗ്, വെബ്സൈറ്റ് അപ്ഡെയിറ്റ് പാലാ കമ്മ്യൂണിക്കേഷൻവഴി

ഇടവകകൾ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വെബ്സൈറ്റ് ഡിസൈൻ ചെയ്യാനും നവീകരിക്കാനും പാലാ കമ്മ്യൂണിക്കേഷൻസ് സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതാണ്.

**ഫാ. ജയിംസ് വെണ്ണായിപ്പിള്ളിൽ (ഡയറക്ടർ)**

## ബൈബിൾ അപ്പസ്തോലേറ്റ്

### ❖ ലോഗോസ് ക്വിസ് - 2000

കെസിബിസി ബൈബിൾ കമ്മീഷന്റെയും രൂപതാ ബൈബിൾ അപ്പസ്തോലേറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ നടന്ന ലോഗോസ് ക്വിസ് 2009 ന്റെ ഫലം പ്രസിദ്ധീകരിച്ചു.

| | I st | IInd | IIIrd |
|---|---|---|---|
| A. | എമിലിൻ കുടയത്തൂർ | ടിങ്കിൾ നീലൂർ | മരിയ കുറിഞ്ഞി |
| B | മരിയ രാമപുരം | ക്രിസ്റ്റി മുത്തോലപുരം | മേരി മണിയംകുളം |
| C | നീത പാലാ | ജോബി ഭരണങ്ങാനം | റിയ കുരുവിനാൽ |
| D | ഫിലോമിന കീഴൂർ | സാബു ഭരണങ്ങാനം | ആലീസ് തീക്കോയി |
| E | സി. മരീന കൂത്താട്ടുകുളം | ഫിലോമിന ഭരണങ്ങാനം | സി. ആനി കൂത്താട്ടുകുളം |

എന്നിവർ രൂപതയിൽ എ. ബി. സി. ഡി. ഇ. എന്നീ അഞ്ചു പ്രായവിഭാഗങ്ങളിലായി ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

### ❖ സംസ്ഥാനതലത്തിൽ അംഗീകാരം

2009 നവംബർ 22-ന് നടന്ന സംസ്ഥാന തല പരീക്ഷയിൽ എ വിഭാഗത്തിൽ നമ്മുടെ രൂപതാംഗമായ എമിലിൻ പിണക്കാട്ട് കുടയത്തൂർ 2-ാം സ്ഥാനം കരസ്ഥമാക്കി. ലോഗോസ് മത്സരപരീക്ഷയിൽ ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച് നമ്മുടെ രൂപത മൂന്നാം സ്ഥാനം കരസ്ഥമാക്കി.

**ഫാ. അഗസ്റ്റിൻ കൂട്ടിയാനിൽ (ഡയറക്ടർ)**

# നിര്യാതയായി

പാലാ എസ്. എച്ച് പ്രൊവിൻഷ്യൽ ഹൗസ് അംഗമായിരുന്ന സി. ക്ലമന്റീനാ തെക്കേക്കണ്ടത്തിൽ (91 വയസ്) 7-11-09 ശനിയാഴ്ച വൈകുന്നേരം 5.25ന് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. 8-ാം തീയതി ഞായറാഴ്ച 2 p.m റവ. ഫാ. ആൻഡ്രൂസ് തെക്കേക്കണ്ടത്തിന്റെ കാർമ്മികത്വത്തിൽ പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ ആരംഭിച്ച ദിവ്യബലിയെത്തുടർന്ന് പാലാരൂപതാ വികാരി ജനറാൾ മോൺ. ഫിലിപ്പ് ഞരളക്കാട്ടിന്റെ പ്രധാനകാർമ്മികത്വത്തിൽ പാലാ സെന്റ് തോമസ് കത്തീഡ്രൽ സിമിത്തേരിയിൽ മൃതദേഹം സംസ്ക്കരിച്ചു.

പാവപ്പെട്ടവർക്കും അവശതയനുഭവിക്കുന്നവർക്കും ഈശോയുടെ അനുകമ്പാർദ്രസ്നേഹം പകർന്നു നൽകുക എന്ന ആദർശവുമായി ക്ലമന്റീനാമ്മ താൻ കണ്ടുമുട്ടിയ ദൈവമക്കൾക്ക് നിശബ്ദസേവനത്തിലൂടെ ഈശോയുടെ കരുണാർദ്രസ്നേഹം പകർന്നു നൽകി. സമർപ്പിതജീവിതത്തിന്റെ 26 വർഷങ്ങൾ ബാലികാഭവനങ്ങളിലും വൃദ്ധഭവനങ്ങളിലും കഴിയുന്ന മക്കൾക്കായി കാഴ്ചവയ്ക്കുന്നതിൽ അമ്മ, ആനന്ദം കണ്ടെത്തി. തന്റെ സമയവും ആരോഗ്യവും ചെറിയവർക്കായി വിനിയോഗിച്ച് സ്വയാർപ്പണം ചെയ്ത ബഹു. ക്ലമന്റീനാമ്മയുടെ പാവനസ്മരണയ്ക്കു മുൻപിൽ ആദരാഞ്ജലികൾ !!!






# PRAYER DAY (REF. VOL. XXXV NO.1)

## ( 2009 December. 14 - 2010 January. 12)

**Rev. Fathers, Very Rev. Fathers**

| | | |
|---|---|---|
| 1. | Perumattam Augustine | Dece.14 |
| 2. | Peruvelil Sebastian | 15 |
| 3. | Pezhumkattil Abraham | 16 |
| 4. | Pinakkattu Mathew | 17 |
| 5. | Plakkoottam Sebastian | 18 |
| 6. | Plakkoottam Joseph | 19 |
| 7. | Plathottam George | 20 |
| 8. | Polachirakunnumpuram George | 21 |
| 9. | Polakkattu Kurian | 22 |
| 10 | Poovakulam George | 23 |
| 11. | Poovathumkal Joseph (Sr) | 24 |
| 12. | Poovathumkal Jose (Jr) | 25 |
| 13. | Porunnolil James | 26 |
| 14. | Potheettel John | 27 |
| 15. | Pottakulam Jacob | 28 |
| 16. | Pottanany Sebastian | 29 |
| 17. | Pulavelil Joseph | 30 |
| 18. | Puliurumbil James | 31 |
| 19. | Pullattu Thomas | Janu.1 |
| 20. | Pulleettu Johnson | 2 |
| 21. | Pullikkattil Joseph | 3 |
| 22. | Pullukalayil George | 4 |
| 23. | Pullukalayil Mathew | 5 |
| 24. | Punnaplackal Joseph | 6 |
| 25. | Punnathanathu Thomas | 7 |
| 26. | Punnathanathukunnel Mathew | 8 |
| 27. | Purayidathil Joseph | 9 |
| 28. | Purayidom Thomas | 10 |
| 29. | Puthenpura Joseph | 11 |
| 30. | Puthenpura Augustine | 12 |

# അഭിവന്ദ്യ പിതാവിന്റെ ഡയറിയിൽ നിന്ന്

## മാർ ജോസഫ് കല്ലറങ്ങാട്ട്

**നവംബർ 1**

അമ്പാറനിരപ്പേൽ പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

3.30 pm മുണ്ടാങ്കൽ പള്ളിയിൽ എ.കെ.സി.സി.യുടെ വാർഷിക സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നല്കി.

**നവംബർ 2**

2.30 pm പാലാ സെന്റ് തോമസ് സ്കൂളിൽ നടന്ന എഡ്യുക്കേഷൻ ഏജൻസിയുടെ മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നല്കുകയും സർട്ടിഫിക്കറ്റ് നല്കുകയും ചെയ്തു.

4.15 pm കത്തീഡ്രൽ, ളാലം പുതിയ പള്ളി, ചിറ്റാർ, കിഴതടിയൂർ, കരൂർ എന്നീ പള്ളികളിൽ ബഹു. വികാരിയച്ചൻമാരെയും കൈക്കാരൻമാരെയും കണ്ട് ചേർപ്പുങ്കലിൽ ആരംഭിക്കുന്ന ആശുപത്രിയെക്കുറിച്ച് വിശദമായി സംസാരിച്ചു.

5.00 pm സെന്റ് മർത്താസ് ജനറലേറ്റിൽ പുതിയതായി നിർമ്മിച്ച കെട്ടിടത്തിന്റെ വെഞ്ചരിപ്പു കർമ്മം നടത്തി.

**നവംബർ 3-5**

കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന എൽ.ആർ.സി. മീറ്റിംഗിൽ പങ്കെടുത്തു.

**നവംബർ 6**

4.00 pm പാലാക്കാട്, പൂവരണി, ഉരുളികുന്നം, തോടനാൽ, മേവിട, മീനച്ചിൽ, എന്നീ പള്ളികളിൽ ബഹു. വികാരിയച്ചൻമാരെയും കൈക്കാരൻമാരെയും കണ്ട് ചേർപ്പുങ്കലിൽ ആരംഭിക്കുന്ന ആശുപത്രിയെക്കുറിച്ച് വിശദമായി സംസാരിച്ചു.

**നവംബർ 7**

4.00 pm കാട്ടാംപാക്ക് ഇടവകയിൽ പുതിയതായി നിർമ്മിച്ച കുരിശുപള്ളിയുടെ വെഞ്ചരിപ്പു കർമ്മം നടത്തി.

**നവംബർ 7-8**

പ്രവിത്താനം പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

**നവംബർ 9**

9.00 am കുടക്കച്ചിറ, വലവൂർ, ളാലം പഴയ പള്ളി, അന്ത്യാളം, ഏഴാച്ചേരി, കവീക്കുന്ന്, എന്നീ പള്ളികളിൽ ബഹു. വികാരിയച്ചൻമാരെയും കൈക്കാരൻമാരെയും കണ്ട് ചേർപ്പുങ്കലിൽ ആരംഭിക്കുന്ന ആശുപത്രിയെക്കുറിച്ച് വിശദമായി സംസാരിച്ചു.

11.00 am കത്തീഡ്രൽ ഇടവക, പാസ്റ്ററൽ കൗൺസിൽ അംഗം ബഹു. മാത്യു മണിയൻചിറയുടെ ശവസംസ്കാരകർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ച് സന്ദേശം നല്കി.

3.30 pm കോട്ടയത്ത് ഒരു വീട് വെഞ്ചിരിപ്പ് നടത്തി.



**നവംബർ 10**

3.00 pm അരമനയിൽ നടന്ന ബൈബിൾ കൺവെൻഷൻ മീറ്റിംഗിൽ പങ്കെടുത്തു.

**നവംബർ 11**

2.30 pm അന്തീനാട് , ഇളംതോട്ടം, മുണ്ടാങ്കൽ, മൂന്നാനി, നെല്ലിയാനി, പൈങ്ങുളം, കുറുവിനാൽ, മുത്തോലി എന്നീ പള്ളികളിൽ ബഹു. വികാരിയച്ചൻമാരെയും കൈക്കാരൻമാരെയും കണ്ട് ചേർപ്പുങ്കലിൽ ആരംഭിക്കുന്ന ആശുപത്രിയെക്കുറിച്ച് വിശദമായി സംസാരിച്ചു.

8.00 pm പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന വൈദീക സമ്മേളനത്തിൽ പങ്കെടുത്തു.

**നവംബർ 12**

9.00 am നെല്ലാപ്പാറ, മൂന്നിലവ്, വാകക്കാട്, പയസ്സ് മൗണ്ട്, ഇടമറുക്, കളത്തൂക്കടവ്, അരുവിത്തുറ, ചേന്നാട്, മണിയംകുളം, തിടനാട്, ചെമ്മലമറ്റം, വാരിയാനിക്കാട്, ചേറ്റുതോട് എന്നീ പള്ളികളിൽ ബഹു. വികാരിയച്ചൻമാരെയും കൈക്കാരൻമാരെയും കണ്ട് ചേർപ്പുങ്കലിൽ ആരംഭിക്കുന്ന ആശുപത്രിയെക്കുറിച്ച് വിശദമായി സംസാരിച്ചു.

**നവംബർ 13**

4.15 pm കാഞ്ഞിരമറ്റം, മണലുങ്കൽ, മൂഴൂർ, മറ്റക്കര, അൽഫോൻസാഗിരി, മഞ്ഞാമറ്റം, കരിമ്പാനി എന്നീ പള്ളികളിൽ ബഹു. വികാരിയച്ചൻമാരെയും കൈക്കാരൻമാരെയും കണ്ട് ചേർപ്പുങ്കലിൽ ആരംഭിക്കുന്ന ആശുപത്രിയെക്കുറിച്ച് വിശദമായി സംസാരിച്ചു.

**നവംബർ 14**

7.00 am നവീകരിച്ച അറക്കുളം പുത്തൻ പള്ളി വെഞ്ചിരിച്ചു സന്ദേശം നല്കി.

11.00 am തീക്കോയി ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

2.00 pm ഭരണങ്ങാനം പള്ളിയിൽ വച്ച് എഫ്.സി.സി. സഭാംഗങ്ങളായ 15 നവസന്യാസിനികൾക്ക് സന്യാസ വസ്ത്രം നല്കി.

**നവംബർ 14-15**

പറത്താനം പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തുകയും, നവീകരിച്ച ദേവാലയം കൂദാശ ചെയ്യുകയും ചെയ്തു.

**നവംബർ 14-15**

2.30 pm ചോലത്തടം പള്ളിയുടെ നവീകരണപ്രവർത്തനങ്ങൾ കണ്ട് വിലയിരുത്തി.

3. 00 pm ഭരണങ്ങാനം മാതൃഭവനിൽ നടന്ന മീറ്റിംഗിൽ സി.റ്റി.പി. കോഴ്സ് പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

**നവംബർ 16**

9.00 am വയല, കാളികാവ്, കളത്തൂർ, വേദഗിരി, നമ്പ്യാകുളം, കോതനല്ലൂർ, മണ്ണാറപ്പാറ, മാൻവെട്ടം, പെരുംതുരുത്ത്, കാഞ്ഞിരത്താനം, സ്ലീവാപുരം, ജയ്ഗിരി, മണ്ണയ്ക്കനാട്, പാലക്കാട്ടുമല എന്നീ പള്ളികളിൽ ബഹു.

വികാരിയച്ചൻമാരെയും കൈക്കാരൻമാരെയും കണ്ട് ചേർപ്പുങ്കലിൽ ആരംഭിക്കുന്ന ആശുപത്രിയെക്കുറിച്ച് വിശദമായി സംസാരിച്ചു.

**നവംബർ 17**

8.45 am കൂടല്ലൂർ, കടപ്ലാമറ്റം, മരങ്ങാട്ടുപള്ളി, കുറിച്ചിത്താനം, മോനിപ്പള്ളി, വാക്കാട്, കാട്ടാംപാക്ക്, കുറവിലങ്ങാട്, എന്നീ പള്ളികളിൽ ബഹു. വികാരിയച്ചൻമാരെയും കൈക്കാരൻമാരെയും കണ്ട് ചേർപ്പുങ്കലിൽ ആരംഭിക്കുന്ന ആശുപത്രിയെക്കുറിച്ച് വിശദമായി സംസാരിച്ചു.

**നവംബർ 19**

10.00 am ചങ്ങനാശ്ശേരി അരമനയിൽ നടന്ന മോൺ. വെള്ളാനിക്കലിന്റെ ജൂബിലിയോട് അനുബന്ധിച്ചുള്ള പരിപാടിയിൽ സംബന്ധിച്ച് മുഖ്യ പ്രസംഗം നടത്തി.

5.00 pm കളത്തൂർ സെന്റ് മേരീസ് പള്ളി കൂദാശയുടെ ഒന്നാം വാർഷികത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

**നവംബർ 21**

7.00 am അഭിവന്ദ്യ വയലിൽ പിതാവിന്റെ 23-ാം ചരമവാർഷികത്തിൽ കത്തീഡ്രൽ പള്ളിയിൽ നടന്ന തിരുകർമ്മങ്ങളിൽ പങ്കെടുത്തു.

10.30 am ഉള്ളനാട് ഇടവകയിൽ നിര്യാതയായ ഒരപ്പൂഴിക്കൽ മറിയാമ്മ ചേടത്തിയുടെ മൃതദേഹത്തിനരുകിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

11.00 am മണിയംകുന്ന് എഫ്.സി.സി. മഠാംഗമായിരുന്ന കോളേത്തമ്മയുടെ 25-ാം ചരമവാർഷിത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

2.30 pm കടപ്ലാമറ്റം പള്ളിയിൽ നടന്ന പാലിയേറ്റീവ് കെയർ സെമിനാറിൽ പങ്കെടുത്ത് സന്ദേശം നല്കി.

**നവംബർ 21-22**

കാഞ്ഞിരമറ്റം മാർ സ്ലീവാ പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

**നവംബർ 23**

11.30 am വളക്കാട്ടുകുന്ന് മഠത്തിൽ നടന്ന സഖറിയാസ് മധുരപ്പുഴ അച്ചന്റെ ജൂബിലി ആഘോഷത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നല്കി.

2.30 pm രാമപുരം, ചക്കാമ്പുഴ, കടനാട്, പൂവക്കുളം, നീറന്താനം, കുറിഞ്ഞി, മാനത്തൂർ, ഉറുമ്പുകാവ്, കാവുംകണ്ടം, ഐങ്കൊമ്പ് എന്നീ പള്ളികളിൽ ബഹു. വികാരിയച്ചൻമാരെയും കൈക്കാരൻമാരെയും കണ്ട് ചേർപ്പുങ്കലിൽ ആരംഭിക്കുന്ന ആശുപത്രിയെക്കുറിച്ച് വിശദമായി സംസാരിച്ചു.

**നവംബർ 24**

7.15 am മുത്തോലി പള്ളിയിൽ പുതിയതായി നിർമ്മിച്ച സിമിത്തേരി ചാപ്പൽ വെഞ്ചിരിച്ച് സന്ദേശം നല്കി.

2.30 pm പ്രവിത്താനം, ഉള്ളനാട്, കയ്യൂർ, പ്ലാശനാൽ, നരിയങ്ങാനം, വേഴങ്ങാനം, ചൂണ്ടച്ചേരി, ഭരണങ്ങാനം, ഇടപ്പാടി എന്നീ പള്ളികളിൽ ബഹു. വികാരിയച്ചൻമാരെയും കൈക്കാരൻമാരെയും കണ്ട് ചേർപ്പുങ്കലിൽ ആരംഭിക്കുന്ന ആശുപത്രിയെക്കുറിച്ച് വിശദമായി സംസാരിച്ചു.



8.30 pm അരമനയിൽ വച്ച് ഈ വർഷം ജൂബിലി ആഘോഷിക്കുന്ന പാലാ രൂപതക്കാരായ ബഹു. വൈദീകർക്ക് നൽകിയ സ്നേഹവിരുന്നിൽ പങ്കുചേരുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.

**നവംബർ 25**

6.30 am ജൂബിലി ആഘോഷിക്കുന്ന പാലാ രൂപതക്കാരായ ബഹു. വൈദീകരോടൊപ്പം വി. കുർബാനയർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

3.30 pm കൂത്താട്ടുകുളം ആശുപത്രിയിൽ നവീകരിച്ച ചാപ്പലിന്റെ കൂദാശകർമ്മം നടത്തി സന്ദേശം നല്കി.

**നവംബർ 26**

അരമനയിൽ നടന്ന അൽഫോൻസാ കോളേജിന്റെ മാനേജ്മെന്റ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

**നവംബർ 27**

3.30 pm മണിയംകുളം പള്ളിയുടെ കനകജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് വി. കുർബാന അർപ്പിക്കുകയും മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നൽകുകയും ചെയ്തു.

5.30 pm കുറുമണ്ണ് പള്ളിയിൽ തിരുനാളിന് കൊടി ഉയർത്തുകയും പുതിയതായി നിർമ്മിച്ച സിമിത്തേരി ചാപ്പൽ വെഞ്ചിരിച്ച് സന്ദേശം നല്കുകയും ചെയ്തു.

6.45 pmപാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന ഒരു മീറ്റിംഗിൽ പങ്കെടുത്തു.

7.00 pm മൈനർ സെമിനാരിയിൽ നടന്ന 'റ്റീൻ റ്റു റ്റീൻ' പരിപാടിയിൽ പങ്കെടുത്തു.

**നവംബർ 28**

9.30 am രാമപുരം ഇടവക പുതിയിടത്തുചാലിൽ മാത്യു മ്ശംശാനയ്ക്ക് തിരുപ്പട്ടം നല്കി.

**നവംബർ 28-29**

കളത്തൂക്കടവ് പള്ളിയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

**നവംബർ 29**

5.00 pm പാദുവ പള്ളിയുടെ പുതിയതായി നിർമ്മിച്ച പാരീഷ് ഹാൾ വെഞ്ചിരിച്ച് സന്ദേശം നല്കി.

**നവംബർ 30**

10 am തുടങ്ങനാട് കുഞ്ഞച്ചൻ മലയിൽ തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

2.30 pm ഗാഗുൽത്താ, ജിയോവാലി, ജോസ്മൗണ്ട്, കാക്കൊമ്പ്, കുറുമണ്ണ്, മേരിലാന്റ്, മേലുകാവുമറ്റം, നീലൂർ, സിബിഗിരി, തുടങ്ങനാട് എന്നീ പള്ളികളിൽ ബഹു.വികാരിയച്ചൻമാരെയും കൈക്കാരൻമാരെയും കണ്ട് ചേർപ്പുങ്കൽ ആരംഭിക്കുന്ന ആശുപത്രിയെക്കുറിച്ച് വിശദമായി സംസാരിച്ചു.

# Bishop's Engagements

## Mar Joseph Kallarangatt

**2009 DECEMBER**

December

| | | |
|---|---|---|
| 1 | | Visitor's Day |
| | 2.00 pm | Parish Visiting |
| 2 | 8.15 am | Parish Visiting |
| 3 | 8.15 am | Parish Visiting |
| 4 | | Priest's Day |
| | 2.00 pm | Kuravilangadu: Devamatha College Meeting |
| 5 | 10.00am | Mundankal: Deepika Daily Meeting |
| | 2.00 pm | Changanacherry: |
| 5-6 | | Pastoral Visit: Meenachil |
| 7 | 8.15 am | Parish Visiting |
| 8 | | Parish Visiting |
| | 6.30 am | Jubilee Chapel: Holy Qurbana |
| | 5.00 pm | Aycombu: |
| | 9.00 pm | Jubilee Chapel: Benediction, Prize Distribution |
| 9 | 8.15 am | Parish Visiting |
| 9-12 | | KCBC Meeting |
| 12 | 5.00 pm | Nellappara: Presbytery Blessing |
| 12-13 | | Pastoral Visit: Kurinji |
| 13 | 5.00 pm | Ratnagiri: Chapel Blessing |
| 14 | 9.30 am | Choondacherry : Inauguration |
| | 4.00 pm | Mulakulam: SMS Convent Chapel Blessing |
| 15 | 10.00 am | Pastoral Institute: Presbyterium |
| | 01.45pm | Pastoral Institute : ADCP General Body Meeting |
| | 06.00 pm | Monthly Recollection |



| | | |
|---|---|---|
| 16 | 6.30 am | Christ Hall: Holy Qurbana |
| | 2.30 pm | Bishop's House: Infarm Meeting |
| 17 | 2.30 pm | Kothanalloor: Blessing & Navathi Celebrations |
| 18 | | Parish Visiting |
| | 5.00 pm | Cherpunkal : Blessing |
| 19-23 | | Bible Convention |
| | 3.00 pm | Pala CMI Ashram: Blessing |
| 24 | | Prayer Day |
| | 5.00 pm | Jaigiri: Blessing |
| 25 | | Happy Christmas |
| 26 | 9.30 am | Parathanam: Ordination Dn. Philip Eruppakattu |
| | 12.00 n | Sleevapuram: Jubilee Meeting |
| | 2.15 pm | Pious Mount: Dn.Paul Paraplackal |
| 27 | 3.00 pm | Alphonsa Eye Hospital : Meeting |
| | 4.00 pm | Kattampack: Jubilee Meeting |
| 28 | 9.30 am | Vedagiri: Ordination : Dn. Sebastian Kumbulumoottil |
| | 2.15 pm | Paika : Ordination : Dn. Martin Panthiruvelil |
| 29 | 9.30 am | Thuruthipally: Ordination :Dn. Thomas Kozhamthadam SJ |
| | 2.30 am | Kuravilangadu: Ordination |
| | | Dn. Joseph Ozhukanakuzhiyil MSFS |
| 30 | 9.30 am | Nediyakadu: Ordination Dn. Paul Parackal |
| 31 | 9.30 am | Manathoor:Ordination |
| | | Dn. Antony Eruvelikkunnel |
| | | Dn. Martin Eruvelikkunnel |

**JANUARY 2010**

| | | |
|---|---|---|
| January 1 | | Visitor's Day |
| | 5.00 pm | Aruvithura: Blessing |
| 2 | 9.30 am | Engaged |
| | 12.00 n | Teekoy: Jubilee Meeting |
| 3 | | Engaged |